
# ആദിവാസി ഭൂപ്രശ്നം

# ആരാണ് വിചാരണചെയ്യപ്പെടേണ്ടവർ?

## അയ്യങ്കാളിപ്പടബന്ദി സമരം മുതൽ മുത്തങ്ങ വരെ



## ജനകീയപോരാട്ടവേദി

സംസ്ഥാന കമ്മിറ്റി

സംഭാവന 5 രൂപ

"ഉണരുക
ചെറുക്കുക
വിമോചിതരാകുക"

കേരളത്തിലെ ഇടതു-വലതു രാഷ്ട്രീയ തമ്പ്രാക്കളും വരേണ്യ വർഗ്ഗവും സമൂഹത്തിന്റെ പുറമ്പോക്കിലേക്ക് ചവുട്ടിത്തള്ളിയ ആദിവാസി ജനത ഇന്ന് ആത്മാഭിമാനം തകർക്കപ്പെട്ട് വംശഹത്യയുടെ വക്കിലാണ്. ചതിയും, വഞ്ചനയും, കയ്യൂക്കും നഗ്നമായ നിയമലംഘനവും നടത്തി, കേരളീയ പൊതുസമൂഹവും ഭരണകൂടവും വംശീയ ന്യൂനപക്ഷമായ ഒരു ജനതയുടെ ജീവിക്കാനുള്ള അവകാശത്തെപ്പോലും ചോദ്യം ചെയ്തപ്പോഴാണ് സഃ ശിവൻ കുട്ടിയുടെ നേതൃത്വത്തിൽ അയ്യങ്കാളിപ്പടയുടെ ധീരരായ സഖാക്കൾ അജയൻ, രമേശൻ,-ബാബു എന്നിവർ 1996 ഒക്ടോബർ4-ന് പാലക്കാട് ജില്ലാകലക്ടറെ ബന്ദിയാക്കിയത്. ആദിവാസി പ്രശ്നത്തിന്റെ രാഷ്ട്രീയവും, ധാർമ്മികവുമായ മാനങ്ങൾ കേരളീയ സമൂഹത്തിന്റെ ജനാധിപത്യ മനഃസാക്ഷിക്കു മുന്നിൽ കൊണ്ടു വരുന്നതിനായി ധീരവും ഐതിഹാസികവുമായ പുതിയൊരു സമരമുറ പ്രയോഗിക്കുകയായിരുന്നു ഇതിലൂടെ.

ക്ഷുഭിത യൗവനങ്ങളുടെ സമരശേഷിയെ അനുഷ്ഠാനപരതയിൽ തളച്ചിടുകയും ധീരസാഹസികതയെ കക്ഷി രാഷ്ട്രീയ ചാവേറുകളാക്കി വഴി തിരിച്ചു വിടുകയും ചെയ്യുന്ന രാഷ്ട്രീയ അശ്ലീലതയ്ക്കു പകരം കേരളത്തിന്റെ രാഷ്ട്രീയ സമര ചരിത്രത്തിൽ പുതിയൊരു സമരസദാചാരത്തിന് തുടക്കമിടുകകൂടിയായിരുന്നു ഈ സമരത്തിലൂടെ. ജനങ്ങളുടെ ജീവത്തായ പ്രശ്നങ്ങളിൽ നിന്നും മുഖം തിരിച്ച് അധികാരത്തിന്റെ അപ്പക്കഷണം പങ്കിട്ടെടുക്കുന്നതിനായി കടിപിടികൂടുന്ന വ്യവസ്ഥാപിത രാഷ്ട്രീയക്കാർ സമൂഹത്തിൽ വരുത്തിവെച്ച രാഷ്ട്രീയ സ്തംഭനാവസ്ഥയെയും ജീർണ്ണതയെയും മറികടക്കേണ്ടതെങ്ങിനെയെന്ന സന്ദേശവും; ഭരണകൂടത്തിന്റെ ബലഹീനതകളെ തുറന്നുകാട്ടുകവഴി മർദ്ദിതരുടെ

പോരാട്ടങ്ങൾക്ക് പുതിയ ഉശിരുനൽകുകയും ചെയ്യുകയായിരുന്നു 'പാലക്കാട് ബന്ദി' സമരത്തിലൂടെ.

1975-ൽ അച്ചുതമേനോൻ കേരളമുഖ്യമന്ത്രിയും ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് പ്രതിപക്ഷനേതാവുമായിരുന്ന കേരള നിയമസഭയിൽ അന്നത്തെ റവന്യൂ മന്ത്രി ബേബിജോണാണ് അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചു പിടിച്ചു കൊടുക്കുന്നതിനായി നിയമ നിർമ്മാണം നടത്തിയത്. കേരളനിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിൽ കുറ്റകരമായ അനാസ്ഥ കാട്ടിയ നിയമസഭയും ഇടതു-വലതു രാഷ്ട്രീയക്കാരും ആദിവാസി ഭൂനിയമം അട്ടിമറിക്കുന്നതിനുള്ള ഗൂഢാലോചനയിലായിരുന്നു. ഒടുവിൽ ഡോ: നല്ല തമ്പിതേര ഈ പ്രശ്നം കോടതിയിൽ എത്തിച്ചപ്പോൾ 1996 സപ്തം.30-നകം അന്യാധീനപ്പെട്ട ആദിവാസിഭൂമി തിരിച്ചു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കേരള ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിച്ചിരുന്ന 75- ലെ ഭൂനിയമം എങ്ങിനെ നടപ്പിലാക്കാതിരിക്കാം എന്ന ആലോചനയിലായിരുന്നു കേളത്തിലെ ഇടതു-വലതു രാഷ്ട്രീയക്കാർ. കയ്യൂർ സമര നായകൻ സാക്ഷാൽ ഇ.കെ.നായനാർ കേരളം ഭരിക്കുമ്പോൾ കോടതിവിധി മറികടക്കാൻ 1996 സ്പതം:12-ന് 75-ലെ നിയമത്തിനു ഭേദഗതി കൊണ്ടുവരികയുണ്ടായി. ഇതിലൂടെ എന്നന്നേക്കുമായി ആദിവാസി ഭൂപ്രശ്നം കുഴിച്ചുമൂടാമെന്ന് രാഷ്ട്രീയ കങ്കാണിമാർ സമാശ്വസിക്കുമ്പോഴായിരുന്നു അയ്യങ്കാളിപ്പടയുടെ ധീരരായ പ്രവർത്തകർ 1996 -ലെ ഭേദഗതി നിയമമെന്ന ആദിവാസി വിരുദ്ധ നിയമം പിൻവലിക്കണമെന്നും ആദിവാസികളുടെ ക്ഷേമത്തിനെന്ന് പറഞ്ഞ് നടപ്പാക്കിയ പദ്ധതികളിലൂടെ കോടികൾ കട്ടുമുടിച്ചതിന്റെ കണക്കുകൾ വെളിപ്പെടുത്തണമെന്നും ആദിവാസി ഭൂമി കയ്യേറിയ സ്വകാര്യ ഭൂവുടമകളുടേയും സർക്കാരിന്റെയും കയ്യേറ്റങ്ങളെക്കുറിച്ചും സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിയുടെയും നിക്ഷിപ്തവന ഭൂമിയുടേയും കണക്കുകൾ വെളിപ്പെടുത്തണമെന്നും ആദിവാസി പീഡനം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് പാലക്കാട് കലക്ടറെ ബന്ദിയാക്കിയത്.

കേരള നിയമസഭയും കേരളത്തിലെ കക്ഷിരാഷ്ട്രീയ പ്രസ്ഥാനങ്ങളും ആദിവാസിജനതയോടു കാട്ടിയ കൊടും വഞ്ചനയുടെ കഥകൾ ഇതോടെയാണ് പുറം ലോകമറിഞ്ഞത്. കേരളത്തിലെ ഇടതു-വലതു രാഷ്ട്രീയക്കാരുടെ മുഖം മൂടി പിച്ചിച്ചിന്താൻ സഹായകമായ പ്രസ്തുത

സമരത്തെ അതുകൊണ്ടുതന്നെ ഭീകരമായി അടിച്ചൊതുക്കാനുള്ള നീക്കം ഭരണകൂടം നടത്തുകയുണ്ടായി. എന്നാൽ അറിയപ്പെടുന്ന ഇടതുപക്ഷ സഹയാത്രികരായ സാംസ്ക്കാരിക-പൗരാവകാശ പ്രവർത്തകരും ജന ങ്ങളും ഈ സമരത്തിന്റെ ധാർമ്മികതയെ ഉയർത്തി പിടിച്ചു പിന്തുണ ക്കാൻ തയ്യാറായി രംഗത്തുവരികയുണ്ടായി. ഇതോടെ ഒരു താൽക്കാ ലിക ഒത്തുതീർപ്പിന് ഭരണകൂടം തയ്യാറാവുകയും അയ്യങ്കാളിപ്പട പ്രവർത്ത കരെ വിട്ടയക്കുകയുമായിരുന്നു.

എന്നാൽ ആദിവാസി ഭൂപ്രശ്നത്തിൽ കണ്ടതുപോലെ നിലവിലുള്ള നിയമങ്ങൾ അനുസരിക്കുന്നതിലോ പറഞ്ഞ വാക്കു പാലിക്കുന്നതിലോ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ഭരണ-പ്രതിപക്ഷ രാഷ്ട്രിയ ഭിക്ഷാംദേഹികൾ ഈ കാര്യത്തിലും ഒത്തുതീർപ്പ് വ്യവസ്ഥ കാറ്റിൽ പറ ത്തി കേസ് എടുക്കുകയും വിപ്ലവശക്തികളെ വേട്ടയാടുകയുമായിരുന്നു. സ്ഫോടക വസ്തുനിയമത്തിലെയും ആംസ് ആക്ടിലേയും കടുത്ത വകു പ്പുകളും, വധശ്രമം, ഗൂഢാലോചന തുടങ്ങിയ കുറ്റങ്ങളും ചുമത്തി പാല ക്കാട് സെഷൻസ് കോടതിയിലേക്ക് കേസ് വിചാരണയ്ക്കയക്കുകയാണ് നായനാർ സർക്കാർ ചെയ്തത്.

*(കേസ് വിചാരണയ്ക്കിടയിൽ പാർട്ടിയുടെ മുൻ നേതൃത്വം ജാമ്യ വഞ്ചന നടത്തിയതിനെത്തുടർന്ന് കേസ്സിലെ മുഖ്യപ്രതി ശിവൻകുട്ടി ഒരു മാസക്കാലത്തോളം പാലക്കാട് ജില്ലാജയിലിലടക്കപ്പെടുന്ന സ്ഥിതിയും ഇതിനിടയിലുണ്ടായി.)*

സർക്കാർ നിർദ്ദേശപ്രകാരം അന്നത്തെ ജില്ലാ ജഡ്ജി രാജപ്പനാചാ രിയും പ്രമുഖ ക്രിമിനൽ അഭിഭാഷകൻ വീരചന്ദ്രമേനോനും മധ്യസ്ഥരായി ഒത്തു തീർപ്പുണ്ടാക്കിയതിനുശേഷം യാതൊരു ഉളുപ്പുമില്ലാതെ കരാർ ലംഘനം നടത്തിയ സർക്കാർ നടപടി ഒരു തരത്തിലും നീതികരിക്കത്തക്ക തല്ല. എന്നുമാത്രമല്ല, ആദിവാസി ഭൂപ്രശ്നത്തിൽ കേരളസർക്കാരും നിയ മസഭയുമെല്ലാം തികഞ്ഞ നിയമലംഘനമാണ് നടത്തിയിട്ടുള്ളതെന്ന് ഇവി ടുത്തെ പരമോന്നത നീതി പീഠം തന്നെ വെളിപ്പെടുത്തിയ പശ്ചാത്തല ത്തിൽ കലക്ടറെ ബന്ദിയാക്കിയ വിപ്ലവശക്തികളുടെ ധീരമായ നടപ ടിക്ക് ധാർമ്മിക പിൻബലം കൂടുകയാണുണ്ടായത്. ഈ പശ്ചാത്തലത്തി ലാണ് കേരളീയ പൊതുസമൂഹം ആദരണീയരായി പരിഗണിക്കപ്പെടുന്ന ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ, ജസ്റ്റീസ്. ടിചന്ദ്രശേഖരമേനോൻ, പ്രൊഫ. എം.കെ.സാനു, പവനൻ, ഡോ: എം.ഗംഗാധരൻ, അഡ്വ:എ.എക്സ്.വർഗ്ഗീ സ്.അഡ്വ:കെ.നന്ദിനി, അഡ്വ:പി.എ.പൗരൻ, എ.വാസു, അഡ്വ:കെ.എസ്.മ

ധുസൂദനൻ, അഡ്വ:പി.ജെ.മാനുവൽ, കെ.പാനൂർ തുടങ്ങിയ മനുഷ്യാവകാശ-സാംസ്ക്കാരിക പ്രവർത്തകർ പാലക്കാട് ബന്ദിക്കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടത്. എന്നാൽ നായനാർ സർക്കാരോ, പിന്നീട് അധികാരത്തിൽ വന്ന ആന്റണി സർക്കാരോ കേസ്സ് പിൻവലിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഇന്നിപ്പോൾ പാലക്കാട് സെഷൻസ് കോടതിയിൽ അയ്യങ്കാളിപ്പടയുടെ പ്രവർത്തകർ വിചാരണ നേരിടുകയാണ്. ദരിദ്രരിൽ ദരിദ്രരായ കേരളത്തിലെ ആദിവാസി ജനത നിർദ്ദയം ചവിട്ടിയരയ്ക്കപ്പെട്ടപ്പോൾ ഈ അനീതിയെ ഇനിയും വെച്ചു പൊറുപ്പിക്കില്ലെന്ന് ധീരമായി പ്രഖ്യാപിച്ച വിപ്ലവശക്തികൾ ക്രിമിനലുകളെപ്പോലെ കോടതി മുറികളിൽ വിചാരണചെയ്യപ്പെടുന്നതിനെതിരെ കേരളത്തിന്റെ ജനാധിപത്യ മനഃസാക്ഷി ഉണർന്നു പ്രവർത്തിക്കേണ്ടതാണ്. കേരളം മാറിമാറി ഭരിച്ച ഭരണാധികാരികളും രാഷ്ട്രീയക്കാരും; ആദിവാസികളെ വെടിവെച്ചു കൊല്ലുക തന്നെയാണ് വേണ്ടതെന്ന് വീരസ്യം മുഴക്കിയ നിയമസഭാ സ്പീക്കറും മേനോൻമാരും, നമ്പൂതിരിപ്പാടുമാരും, സവർണ്ണ ക്രിസ്താനികളും നേതൃത്വം നൽകിയ മന്ത്രിസഭകൾ പടച്ചുണ്ടാക്കിയ നിയമങ്ങൾ ആദിവാസികളുടെ കാര്യത്തിൽ നാളിതുവരെ ലംഘിക്കപ്പെടുകയായിരുന്നുവെന്ന് ഇവിടുത്തെ നീതി പീഠം തന്നെ വിധിയെഴുതിക്കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ കുറ്റവിചാരണചെയ്യപ്പെടേണ്ടവർ ആദിവാസിജനതയുടെ ആരാച്ചാരന്മാരായി മാറിയിരിക്കുന്ന ഭീകരരായ ഇവിടുത്തെ വ്യവസ്ഥാപിത രാഷ്ട്രീയക്രിമിനലുകളാണെന്നും നീതിക്കുവേണ്ടി പോരാടിയവരെ വിചാരണ ചെയ്യാൻ ഈ നിയമലംഘകർക്ക് ധാർമ്മികമയി യാതൊരവകാശവുമില്ലെന്നും വിളിച്ചു പറയേണ്ടിയിരിക്കുന്നു.

## ആദിവാസി പ്രശ്നം: ചരിത്രവും രാഷ്ട്രീയവും

ആദിവാസിജനതയുടെ അധിവാസ കേന്ദ്രങ്ങൾക്കു നേരെയുള്ള ആദ്യത്തെ സംഘടിത കയ്യേറ്റം നടക്കുന്നത് ബ്രിട്ടീഷ് കോളനിവാഴ്ച കാലത്താണ്. കാട്ടിലെ തടികളും വിലപ്പെട്ടസുഗന്ധദ്രവ്യങ്ങളും കടത്തികൊണ്ടുപോവുക എന്ന ലക്ഷ്യത്തോടെ വനത്തിൻമേലുള്ള സർവ്വാധിപത്യം ഉറപ്പിക്കുന്നതിനായി അവർ ഇമ്പീരിയലിസ്റ്റ് ഫോറസ്റ്റ് റൂൾ എന്ന നിയമം കൊണ്ടുവരികയും ആദിവാസി ജനതയുടെ അധികാരം തട്ടിപ്പറിച്ചെടുക്കുകയും ചെയ്തതോടെ ആദിവാസി പ്രശ്നം ആരംഭിക്കുന്നു. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെമ്പാടും ഇതേ സ്ഥിതി

യായിരുന്നു. ഇതിനെതിരെ ആദിവാസി മേഖലകളിൽ രണോത്സുകമായ പോരാട്ടങ്ങൾ നടക്കുകയുണ്ടായി. കേരളത്തിലെ വയനാട്ടിൽ നടന്ന കുറിച്യകലാപം ഈ ദിശയിലുള്ളതായിരുന്നു. ബ്രിട്ടിഷ് കൊളോണിയലിസ്റ്റുകളുടെ വാണിജ്യ-വ്യാപാര താൽപര്യങ്ങൾക്കനുസരിച്ച് വനമേഖലയിലും മറ്റുള്ള പ്രദേശങ്ങളിലും പരിഷ്കരണനടപടികൾക്ക് തുടക്കമിട്ട ഭരണാധികാരികളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെയായിരുന്നു ആദിവാസി ജനതയുടെ ധീരോദാത്തമായ ചെറുത്തുനിൽപുകൾ. വയനാട് സബ്ബ് കലക്ടറായിരുന്ന ജനറൽ വാർഡൻ 1806-ൽ ആദ്യമായി വയനാട്ടിൽ ഭൂനികുതി ഏർപ്പെടുത്തുകയും പിന്നീട് കൃഷിരീതി പരിഷ്ക്കരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുകയും ചെയ്തു. ഇതോടെ ആദിവാസി ജനതയ്ക്ക് കൃഷിഅവകാശം നഷ്ടപ്പെടുകയായിരുന്നു. മലബാറിലെ വനമേഖലയാകെ തങ്ങളുടെ കൈപ്പിടിലൊതുക്കാൻ നിയമനിർമ്മാണം നടത്തിയ ബ്രിട്ടീഷ് സാമ്രാജ്യത്വശക്തികൾ ക്രമേണ തങ്ങളുടെ വാണിജ്യ-വ്യാപാര താല്പര്യങ്ങൾക്കിണങ്ങും വിധം തോട്ടം സമ്പദ്ഘടനയിലേക്ക് കേരളത്തിലെ കാർഷികമേഖലയെ പരിവർത്തിപ്പിച്ചതോടെ വനത്തേയും വനവിഭവങ്ങളേയും ആശ്രയിച്ചു കഴിഞ്ഞിരുന്ന ആദിവാസി ജനതയുടെ അധിവാസം പ്രതിസന്ധിയിലാവുകയായിരുന്നു.

കൊളോണിയലിസം ലോകത്താകമാനം നടത്തിയ വെട്ടിപ്പിടുത്തങ്ങളിലെല്ലാം ഈ രീതിയിലുള്ള അതിക്രമങ്ങൾ ആദിവാസി ജനതയ്ക്കെതിരെ ഉണ്ടായിട്ടുണ്ടെന്നു കാണാം. അതുകൊണ്ടു തന്നെ ബ്രിട്ടീഷ് കൊളോണിയൽ ശക്തികൾക്കെതിരായി ഇന്ത്യയിൽ അലയടിച്ചുയർന്നു വന്ന ജനകീയ പ്രക്ഷോഭങ്ങളിൽ ആദിവാസി ജനത ധീരോദാത്തമായ പങ്കുവഹിക്കുകയുണ്ടായി. ജന്മനാട് സ്വാതന്ത്ര്യം നേടുന്നതിലൂടെ തങ്ങളുടെ ജീവിതദുരിതങ്ങൾക്കും അറുതിയുണ്ടാകുമെന്ന തിരിച്ചറിവായിരുന്നു ഇതിന് ഇവരെ പ്രേരിപ്പിച്ചത്. എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കൂടുതൽ ഭീകരമായ പീഡനങ്ങളാണ് മററു മർദ്ദിത ജനവിഭാഗങ്ങൾക്കൊപ്പം ആദിവാസി ജനതയ്ക്കും നേരിടേണ്ടിവന്നത്.

വനത്തിലും വനവിഭവങ്ങൾക്കും മേൽ തങ്ങളുടെ അധികാരം യഥാർത്ഥ അവകാശികളായ തങ്ങൾക്കു ലഭിക്കുന്നില്ലെന്നുമാത്രമല്ല കൂടുതൽ കർക്കശമായ നിയമനിർമ്മാണങ്ങളിലൂടെ ഈ ജനതയുടെ അതിജീവനം തന്നെ അസാധ്യമാക്കുന്ന നടപടികളുമായി ദല്ലാൾ ഭരണകൂടം മുന്നോട്ടുപോവുകയായിരുന്നു. മാത്രമല്ല, വൻകിടഡാമുകളും വൻവ്യവസായങ്ങളും മറ്റുനിർമ്മാണ പ്രവർത്തനങ്ങളുമെല്ലാം നടപ്പാക്കുന്നതിന്റെ

ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ബഹുഭൂരിപക്ഷവും ആദിവാസിക ളായിരുന്നുവെന്നതാണ് യാഥാർത്ഥ്യം. സ്വന്തം അധിവാസപ്രദേശങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ഇവരിൽ ബഹുഭൂരിപക്ഷവും ഇന്ത്യയുടെ വിശാ ല ഭൂപ്രദേശങ്ങളിൽ അഭയാർത്ഥികളപ്പോലെ അലയുകയാണ്.

ബ്രിട്ടീഷ് സാമ്രാജ്യത്വവാഴ്ചയ്ക്കെതിരെ പൊരുതിയ ഉജ്ജ്വല സമര പാരമ്പര്യമുള്ള ഇന്ത്യയിലെ സന്താൾ ആദിവാസിവിഭാഗങ്ങളും മറ്റും ഇന്ത്യൻ ഭരണാധികാരികളുടെ കിരാത നീതികൾക്കെതിരെ ആയുധമെ ടുത്തു പോരാടാൻ തുടങ്ങുകയും ഇന്ത്യയുടെഗ്രാമഗ്രാമാന്തരങ്ങളിൽ കലാ പത്തിന്റെ തീപ്പൊരികൾ കാട്ടുതീയായി ആളിപ്പടരുകയും ചെയ്ത 1960 കളിൽ ഇന്ത്യൻചക്രവാളത്തിൽ വസന്തത്തിന്റെ ഇടിമുഴക്കമായി മഹ ത്തായ നക്സൽബാരിസായുധ കാർഷിക കലാപം പൊട്ടിപ്പുറപ്പെടുകയും ചെയ്തതോടെ ഇന്ത്യൻ ഭരണാധികാരികളുടെ കണ്ണുതുറക്കുക തന്നെ ചെയ്തു. ആദിവാസി ജനതയുടെ രണോത്സുകമായ ചെറുത്തുനിൽപ്പു കൾ വ്യക്തമായ രാഷ്ട്രീയദിശ കൈവരിക്കുകയാണെന്ന് മനസ്സിലാക്കിയ ഇന്ത്യൻ ഭരണാധികാരികൾ തിരക്കുപിടിച്ച് ചില നിയമ നിർമ്മാണങ്ങൾക്ക് ഒരുങ്ങിപ്പുറപ്പെടുന്ന കാഴ്ചയാണ് പിന്നീട് നമുക്കു കാണാൻ കഴി ഞ്ഞത്. 1975-ൽ ഇന്ത്യാ ഗവൺമെന്റ് കൊണ്ടുവന്ന ആദിവാസി ഭൂനി യമത്തിന്റെ രാഷ്ട്രീയ പശ്ചാത്തലമിതായിരുന്നു.

## 1975-ലെ നിയമവും കേരള രാഷ്ട്രീയവും.

കേരളത്തിലെ ആദിവാസിജനതയുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിച്ചു നൽകുന്നതിനായി നിയമനിർമ്മാണം നടത്തിയ കേരള നിയമസഭയിൽ അന്നത്തെ റവന്യൂ മന്ത്രി ബേബിജോൺ 1975 ആഗസ്റ്റ് 5-ന് കേരളപട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കൊടുക്കലും ) നിയമം അവതരിപ്പിച്ചു കൊണ്ട് ഇങ്ങിനെ പറയുകയുണ്ടായി. " ഇനി ആദിവാസികൾക്ക് ചാരയവും പുകയിലയും കൊടുത്ത് ആദിവാസി ഭൂമി തീറെഴുതിവാങ്ങുന്ന പതിവ് ഇതോടെ അവ സാനിക്കുയാണ്. ആദിവാസികളുടെ നഷ്ടപ്പെട്ട ഭൂമി തിരിച്ചുനൽകാൻ ഉടൻ നടപടികൾ സ്വീകരിക്കും. അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിച്ചു നൽകുന്നതിനായി നിയമനിർമ്മാണം നടത്തി കാൽനൂറ്റാണ്ട് പിന്നിട്ടിട്ടും ഒരുതുണ്ടുഭൂമിപോലും ആദിവാസിക്ക് തിരിച്ചെടുത്ത് നൽകാൻ കേരളനിയമസഭയോ നിയമം പാസ്സാക്കിയ രാഷ്ട്രീയശക്തികളോ തയ്യാ റായിട്ടില്ലെന്നതാണ് യഥാർത്ഥ്യം.

കേരളത്തിൽ ഇടതു-വലതു മുന്നണികൾ മാറി മാറി അധികാരം പങ്കിട്ടപ്പോൾ ആദിവാസി ജനതയ്ക്കനുകുലമായി ഒരുചെറുവിരലനക്കാൻ പോലും ഇവരാരും തയ്യാറായിട്ടില്ല. ഭൂപരിഷ്കരണ നടപടികൾ ഉൾപ്പെടെ കേരളത്തിൽ നടന്ന വികസനപ്രക്രിയയിൽ നിന്നെല്ലാം ഈ ജനവിഭാഗം നാളിതുവരെ പുറത്തു നിർത്തപ്പെടുകയായിരുന്നു.

ഭൂപരിഷ്കരണ നടപടിയെന്നപേരിൽ ഇവിടെ നടപ്പാക്കിയ തട്ടിപ്പു പരിപാടിക്കൊടുവിൽപോലും കേരളത്തിൽ 1,26,886 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തെന്നു 96,449ഏക്കർ സർക്കാർ ഏറ്റെടുത്തെന്നും വെളിപ്പെടുത്തിയിരുന്നു. മിച്ചഭൂമിയിൽ 50 ശതമാനം ദളിത് ആദിവാസി ജനവിഭാഗങ്ങൾക്ക് നൽകണമെന്ന നിയമമുണ്ടെങ്കിലും ലഭ്യമായ കണക്കനുസരിച്ച് ഏതാണ്ട് 8ശതമാനത്തിൽ താഴെ മാത്രമാണ് ഇവർക്ക് ലഭിച്ചിട്ടുള്ളത്. അതുപോലെ സർക്കാർ കൈവശമുള്ള പുറമ്പോക്കു ഭൂമിയിൽ 25 ശതമാനം ആദിവാസി ജനതയ്ക്കർഹതപ്പെട്ടതായിരുന്നു. എന്നാൽ ഇതിൽ ഒരു തുണ്ടുഭൂമിപോലും ഈ വിഭാഗത്തിന് ലഭിച്ചിട്ടില്ലെന്നതാണ് യാഥാർത്ഥ്യം.

ആദിവാസി ജനത വെടിയുണ്ടക്കിരയായി പിടഞ്ഞുമിരച്ചപ്പോൾ ഉണ്ണാവ്രതമിരുന്ന് ആദിവാസി പ്രേമം കാട്ടിയ ഇടതുരാഷ്ട്രീയ നേതാക്കളും ആദിവാസി പ്രശ്നം പരിഹരിക്കാൻ തങ്ങൾ കഠിന പരിശ്രമം നടത്തുകയാണെന്നു പറയുന്ന എ.ഡി.ബിയുടെ കാര്യസ്ഥൻ എ.കെ.ആന്റണിയുമെല്ലാം ഇക്കാലമത്രയും കേരളം ഭരിച്ച് വികസിപ്പിച്ചപ്പോൾ ആദിവാസി ജനതയ്ക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ പോലും നല്കിയില്ലെന്നു മാത്രമല്ല ക്രൂരമായ വഞ്ചനയാണ് ഇക്കൂട്ടർ ഏറ്റവും ദരിദ്രരായ ആദിവാസി ജനതയോട് കാട്ടിയതെന്നതിന് കൂടുതൽ തെളിവുകൾ ആവശ്യമില്ലല്ലോ? ഇത്തരക്കാരുടെ ആദിവാസി പ്രേമം ശുദ്ധ തട്ടിപ്പാണെന്നു മനസ്സിലാക്കാതെ ഇവരിൽ നിന്നും നീതി പ്രതീക്ഷിച്ച് ചർച്ചകൾക്കും ഒത്തുതീർപ്പുകൾക്കുമായി ഇവരുടെ പടിവാതിലുകൾ കയറിയിറങ്ങുന്ന ആദിവാസി സമരനേതൃത്വവും വിമർശിക്കപ്പെടേണ്ടതുണ്ട്.

കേരള നിയമസഭ പാസ്സാക്കിയ 1975-ലെ നിയമത്തിന് ഒട്ടേറെ പോരായ്മകളുണ്ടായിരുന്നു. ആദിവാസി പ്രശ്നം പഠിക്കുന്നതിനായി കേന്ദ്രഗവ: നിയമിച്ച ഡേബർ കമ്മീഷൻ, ഇന്ത്യ സ്വതന്ത്രപരമാധികാര റിപ്പബ്ളിക്കായ 1950- മുതൽ അന്യാധീനപ്പെട്ട ആദിവാസികുളുടെ ഭൂമി തിരച്ചു കൊടുക്കാൻ നടപടി സ്വീകിരക്കണമെന്ന ശിപാർശയാണ് നൽകിയിരു

ന്നത്. എന്നാൽ കേരളനിയമസഭ പാസ്സാക്കിയ നിയമത്തിൽ 1960 മുതൽ അന്യാധീനപ്പെട്ട ഭൂമിയുടെ കാര്യമാണ് പറഞ്ഞത്.

60നു ശേഷം നടപ്പാക്കുന്ന തീയ്യതിവരെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിച്ചു കൊടുക്കുന്നതിനായി ജില്ലാ കലക്ടറേയോ, റവന്യൂ ഡിവിഷണനൽ ഓഫീസറയോ ചുമതലപ്പെടുത്തി. ആദിവാസികൾ വാക്കാലോ, രേഖാമൂലമോ നഷ്ടപ്പെട്ട ഭൂമി തിരിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടാൽ അന്വേഷണം നടത്തി ഒരു മാസത്തിനകം ഭൂമി തിരിച്ചു പിടിച്ച് ആദിവാസിക്ക് നൽകണമെന്നായിരുന്നു വ്യവസ്ഥ. നിയമം നടപ്പിലാക്കിയതിനു ശേഷം കൈമാറ്റങ്ങളുണ്ടായാൽ അത് അസാധുവും വാങ്ങുന്ന ആളെ പ്രോസിക്യൂട്ട് ചെയ്യാവുന്ന കുറ്റവുമായിരുന്നു.

എന്നാൽ ഈ നിയമം നടപ്പിൽ വരുത്തുന്നതിൽ കുറ്റകരമായ അലംഭാവമാണ് കേരളം മാറിമാറി ഭരിച്ച സർക്കാറുകൾ കാട്ടിയത്. 75-ൽ പാസ്സാക്കിയ നിയമത്തിന് ചട്ടങ്ങളുണ്ടാക്കിയത് 86-ലാണ്. കെ. കരുണാകരൻ കേരളമുഖ്യമന്ത്രിയായിരുന്ന 1986-ൽ നിയമബിൽ ചില ഭേദഗതി വരുത്തി 1982 ജനുവരി 1മുതൽ അന്യാധീനപ്പെട്ട ആദിവാസി ഭൂമിയ്ക്കു മാത്രം ബാധകമായ വിധത്തിലായിരുന്ന ഈ ഭേദഗതി. 1950-നും 82-നും ഇടയിലുള്ള മൂന്നുപതിറ്റാണ്ടിനിടയിലാണ് കേരളത്തിൽ ആദിവാസി ഭൂമി ഏറ്റവും കൂടുതലായി അന്യാധീനപ്പെട്ടത് എന്നതിനാൽ ഈ ഭേദഗതി ഫലത്തിൽ മൂലനിയമത്തിന്റെ അന്തഃസത്തയെ ഹനിക്കുന്നതായിരുന്നു. 1982- മുതൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കിട്ടുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ മതിയായ രേഖകളില്ലെന്ന കാരണം പറഞ്ഞു തള്ളുകയും 1993 വരെ അപേക്ഷയിൽ മേൽ അനുകൂലതീരുമാനം എടുക്കാൻ മറ്റധികൃതരോ സർക്കാരോ തയ്യാറാവുകയും ചെയ്തില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് ഡോക്ടർ നല്ല തമ്പിതേരെ പൊതുതാല്പര്യ ഹർജി ഫയൽ ചെയ്തത്. ഇതിനനുകൂലമായി ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചതോടെ ഇടതു-വലതു രാഷ്ട്രീയക്കാരും, വൻകിട തോട്ടഉടമകളും പ്രമാണിമാരുമെല്ലാം ഒത്തുചേർന്ന് ഈ നിയമം അട്ടിമറിക്കുന്നതിനുള്ള ഒരവിശുദ്ധ സഖ്യത്തിൽ ഏർപ്പെടുകയായിരുന്നു.

1996-ൽ ഏ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ കൊണ്ടുവന്ന ഓർഡിനൻസ് ഈ ദിശയിലുള്ളതായിരന്നു. ഇടതും വലതും പക്ഷത്തുള്ള എം.എൽ.എ.മാർ ഇവിടെ ഒറ്റക്കെട്ടായിരുന്നു. എന്നാൽ ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി പ്രത്യേക പരിരക്ഷയുള്ള

താണ് 75-ലെ നിയമം എന്നതിനാൽ ഓർഡിനൻസിന് ഗവർണർ അനുമതി നല്കാതെ തിരിച്ചയച്ചു. വീണ്ടും കോടതി ഇടപെട്ട് 1996 സെപ്തം:30-നകം ആദിവാസിഭൂമി തിരിച്ചു പിടിച്ചുകൊടുക്കേണ്ടതുണ്ടെന്ന് കേരളസർക്കാരിനോടാവശ്യപ്പെട്ടു. ഈ ഘട്ടമാകുമ്പോൾ ആന്റണിക്കു പകരം നായനാർ മുഖ്യമന്ത്രികസേരയിൽ ഇരിപ്പുറപ്പിച്ചിരുന്നു. കോടതി വിധി മറികടക്കാനും ഭൂനിയമം അട്ടിമറിക്കാനുംഎങ്ങിനെ സാധിക്കുമെന്ന അന്വേഷണമാണ് നായനാർ സർക്കാരും നടത്തിയത്. ഇതേതുടർന്ന് ദ കേരള ഷെഡ്യൂൾഡ് ട്രൈബ്സ് റെസ്ട്രിക്ഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് അലിയനേറ്റഡ് ലാൻഡ് അമൻമെന്റ് ആക്ട് 96 സെപ്തംബർ 23-ന് കേരള നിയമസഭ കെ.ആർ.ഗൗരിയമ്മയുടെ എതിർപ്പോടെ പാസ്സാക്കി. എന്നാൽ ഈ ഭേദഗതി മൂലനിയമത്തെ അട്ടിമറിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടി ആദിവാസി സംഘടനകളും പുരോഗമനശക്തികളും രംഗത്തുവരികയുണ്ടായി. ഒടുവിൽ പ്രസിഡണ്ടിന്റെ അംഗീകാരത്തിനയച്ചപ്പോൾ പ്രസിഡണ്ട് ഒപ്പുവെക്കാതെ പ്രസ്തുതഭേദഗതി തിരിച്ചയച്ചതോടെ കേരളനിയമസഭയുടേയും ഇടതു-വലതു രാഷ്ട്രീയക്കാരുടെയും ആദിവാസി വിരുദ്ധമുഖം ഒരിക്കൽക്കൂടി വെളിപ്പെടുകയായിരുന്നു. എന്നിട്ടും തങ്ങളുടെ കുടില നീക്കങ്ങളിൽ നിന്നും പിൻതിരിയാൻ ഇക്കൂട്ടർ തയ്യാറായില്ലെന്നുമാത്രമല്ല ഇടതുമുന്നണി സർക്കാർ പ്രസിഡണ്ടിന്റെ പരിഗണനക്കയ്ക്കുന്നതൊഴിവാക്കി 1999-ൽ ആദിവാസി ഭൂനിയമഭേദഗതി നിയമം എന്ന പേരിൽ ഒരു നിയമം പാസ്സാക്കി. മുത്തങ്ങ സമരത്തെത്തുടർന്ന് നിരാഹാരവ്രതമനുഷ്ഠിച്ച രാധാകൃഷ്ണൻ അന്നത്തെ നായനാർ മന്ത്രിസഭയിൽ പട്ടികജാതി-പട്ടിക വകുപ്പുമന്ത്രിയായിരുന്നു. വയനാട്ടിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട എം.എൽ.എ രാധാരാഘവൻ ഉൾപ്പെടെ 140 അംഗനിയമസഭയിൽ ഗൗരിയമ്മ ഒഴികെ ആരും തന്നെ ഈ ഭീകരനിയമത്തെ ചോദ്യം ചെയ്യാൻ തയ്യാറായില്ല. അങ്ങിനെ 75-ൽ ആദിവാസി ഭൂമി തിരിച്ചു പിടിച്ചുകൊടുക്കാൻ ഐക്യകണ്ഠേന നിയമനിർമ്മാണം നടത്തിയ കേരളനിയമസഭതന്നെ 1999-ൽ ഒരംഗത്തിന്റെഎതിർപ്പോടെ യു.ഡി.എഫ്,എൽ.ഡി.എഫ് എം.എൽ.എമാർ യോജിച്ച്അതിനെതിരായ നിയമനിർമ്മാണം നടത്തുന്ന വിരോധഭാസമാണ് കാണാൻ കഴിഞ്ഞത്. ഇതോടെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി വ്യവസ്ഥാപിത രീതിയിൽ തിരിച്ചു കിട്ടുമെന്ന ആദിവാസി ജനതയുടെ അവസാനത്തെ പ്രതീക്ഷയും അസ്തമിക്കുകയായിരുന്നു. തങ്ങൾ നിർമ്മിക്കുന്ന നിയമമോ തങ്ങൾ പരിപാവനെന്നു കരുതുന്ന നീതിന്യായ സംവിധാനമോ, ഭരണഘടനയോ ഒന്നും ലംഘി

ക്കാൻ തങ്ങൾക്ക് യാതൊരു മനഃസ്സാക്ഷിക്കുത്തുമില്ലെന്ന് പച്ചയായി പ്രഖ്യാപിച്ച ഇടതു-വലതു രാഷ്ട്രീയക്കാർ ആദിവാസി ജനത തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കായി ശബ്ദമുയർത്തിയപ്പോൾ അത് കടുത്ത നിയമലംഘനവും ഭീകരപ്രവർത്തനവുമായി ചിത്രീകരിച്ച് തോക്കും, ലാത്തിയും, വെടിയുണ്ടയുമായി അവർക്കുനേരെ ചാടിവീഴുന്നു. ഒരു ഭാഗത്ത് ഇത്തരം കൊടും ക്രൂരതകൾ കാട്ടുമ്പോൾ തന്നെ മറുഭാഗത്ത് ആദിവാസിക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കാനും ഭൂമിപിടിച്ചെടുക്കൽ പോലുള്ള സമരാഭാസങ്ങൾ കാട്ടി ആദിവാസി ജനതയെ വഞ്ചിക്കാനും ഇക്കൂട്ടർക്ക് യാതൊരുളുപ്പുമില്ലെന്നതാണ് ഇതിലെറെ വിചിത്രം.

നാനനാർ സർക്കാർ കൊണ്ടുവന്ന ഭൂനിയമ ഭേദഗതി ആദിവാസി ജനതയ്ക്ക് പ്രത്യേക പരിരക്ഷനല്കി സംരക്ഷിക്കേണ്ടതാണെന്നും ഭരണഘടനാപരമായ ബാധ്യത കൈഒഴിയുന്ന വിധത്തിലുള്ളതാണെന്നും ചൂണ്ടികാട്ടി, കേരളഹൈക്കോടതി 99-ലെ നിയമം റദ്ദാക്കുകയും ആദിവാസി പ്രശ്നത്തിൽ കേരളസർക്കാർ കോടതിയലക്ഷ്യം കാട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് തങ്ങളുടെ ആദിവാസി വിരുദ്ധ നിയമനിർമ്മാണത്തിന് നിയമസാധുത ഉറപ്പുവരുത്താൻ കേരളസർക്കാർ സുപ്രിംകോടതിയെ സമീപിച്ചിരിക്കുകയാണ്.

വംശഹത്യയുടെ വക്കിലെത്തിനിൽക്കുന്ന ഒരു ജനതയ്ക്ക് ഇനിയും നിയമകുരുക്കിന്റെ നൂലാമാലയിൽപ്പെട്ട് എത്രനാൾ മുന്നോട്ട് പോകാനാവും?. ജനാധിപത്യബോധവും നീതിബോധവുമുള്ള കേരളിയപൊതുസമൂഹം തുടരുന്ന കുറ്റകരമായ നിസ്സംഗത ഒരു വംശീയ ന്യൂനപക്ഷജനതയുടെ ജനിച്ചമണ്ണിൽ ജീവിക്കാനുള്ള മൗലികാവകാശത്തെ തകർത്തെറിയുന്ന ഭരണകൂടത്തിന്റെയും കക്ഷിരാഷ്ട്രീയക്കാരുടെയും വെള്ളഭീകരതയ്ക്ക് കൂട്ടുനിൽക്കുന്ന നടപടിയായി മുദ്രകുത്തപ്പെടും.

## ആദിവാസി ഭൂപ്രശ്നവും ഗോത്രമഹാസഭയും

അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചുപിടിച്ചു നല്കുന്നതിന് 75-ൽ നിയമനിർമ്മാണം നടത്തിയെങ്കിലും കേരളത്തിലെ ആദിവാസി ജനത ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കമായതിനാൽ സംഘടിത രാഷ്ട്രീയ പ്രക്ഷോഭത്തിലൂടെ തങ്ങളുടെ അവകാശം സ്ഥാപിച്ചെടുക്കാൻ സാധിക്കുകയുണ്ടായില്ല. ഇടതുപക്ഷമുൾപ്പെടെയുള്ള കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഇവരെ മനുഷ്യരായി പരിഗണിക്കാൻപോലും

തയ്യാറായില്ല. രാഷ്ട്രീയ മുന്നേറ്റങ്ങളിൽ സ്വതസിദ്ധമായി അണിചേരാനോ തങ്ങളുടെ അധികാരവകാശങ്ങളെക്കുറിച്ച് തിരച്ചറിവുനേടാനോ കഴിയാത്ത പിന്നോക്കാവസ്ഥയിലായിരുന്നു കേരളത്തിലെ ആദിവാസികൾ. നക്സൽബാരി കലാപത്തെ തുടർന്ന് ദരിദ്രഭൂരഹിത കർഷകരുടെ രോഷം കെട്ടഴിച്ചുവിട്ട് ഭൂപ്രഭു വ്യവസ്ഥയെ സായുധമായി തകർക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചപ്പോഴാണ് കേരളത്തിൽ ആദിവാസി ജനതയുടെ യഥാർത്ഥ വിമോചന യത്നങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടത്.

വിപ്ലവത്തിന്റെ പാത ആത്മത്യാഗത്തിന്റെതാണ് എന്ന് തിരിച്ചറിഞ്ഞ് രക്തസാക്ഷിത്വത്തിന്റെ ഐതിഹാസികപാതകൾ താണ്ടിയ സഖാവ് വർഗ്ഗീസിന്റെ പ്രവർത്തനങ്ങളാണ് വയനാട്ടിലെ ആദിവാസികൾക്കിടയിൽ സംഘബോധത്തിന്റെയും സമരോത്സുകതയുടേയും ആദ്യവിത്തുകൾ പാകിയത്. എന്നാൽ വിപ്ലപ്രസ്ഥാനങ്ങൾക്കുണ്ടായ തിരിച്ചടികൾ യഥാർത്ഥത്തിൽ വിപ്ലവം ആവശ്യമുള്ള ഈ ജനതയുടെ രാഷ്ട്രീയ മുന്നേറ്റതിന് പ്രതിസന്ധി സൃഷ്ടിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ തങ്ങൾക്കനുകൂലമായ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കി കിട്ടുന്നതിനുവേണ്ടിയുള്ള സംഘടിതപ്രക്ഷോഭം പോലും നടത്താൻ ഈ ജനവിഭാഗത്തിനു സാധിക്കുകയുണ്ടായില്ല. തുടർന്ന് വിപ്ലവശക്തിളുടെ തിരിച്ചുവരവിനെ തടയുന്നതിന് വേണ്ടി 70- കളുടെ അന്ത്യത്തിൽ സാമ്രാജ്യത്വപ്പണം പറ്റി ആദിവാസി വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘങ്ങൾ സജീവമായതോടെയാണ് ചെറിയ ചില ചലനങ്ങൾ ഈ രംഗത്ത് ദൃശ്യമാകാൻ തുടങ്ങിയത്. ഡോ നല്ലതമ്പിതേര ആദിവാസി ഭൂപ്രശ്നം ഉന്നയിച്ച് ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി ഫയൽ ചെയ്തതോടെ സർക്കാറിനും അടങ്ങിയിരിക്കാൻ സാധിക്കാത്ത സ്ഥിതി വന്നു. ഇത്തരമൊരു പശ്ചാതത്തിലാണ് സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ ചീങ്ങേരിയിലെ ആദിവാസി ഭൂമിയിൽ പ്രവേശിച്ച് വയനാട്ടിലെ ഒരു സംഘം ആദിവാസികൾ ഭൂമി പിടിച്ചെടുക്കൽ സമരം ആരംഭിച്ചത്. ഈ സമരത്തോടെയാണ് ആദിവാസി ഭൂപ്രശ്നം കേരള രാഷ്ട്രീയത്തിൽ ചർച്ചാവിഷയമാകുന്നത്. തുടർന്ന് ഒട്ടെറെ പ്രക്ഷോഭസമരങ്ങൾ ഉയർന്ന് വന്നു. ഇതിനെതിരെ സംഘടിതരാഷ്ട്രിയ പ്രസ്ഥാനങ്ങളും പള്ളിമേധാവികളും വൻകിട തോട്ടമുടമകളും കയ്യേറ്റക്കാരുമെല്ലാം ഒത്തുചേർന്ന് രംഗത്തുവരികയും ചെയ്തും. നിയമഭേദഗതിയും കോടതി വ്യവഹാരങ്ങളുമായി പ്രശ്നം കൂടിക്കുഴഞ്ഞ് കിടക്കുന്ന പ്രശ്ചാലത്തിൽ ആദിവാസി നേതാവായി ഉയർന്ന് വന്നു കഴിഞ്ഞ സി.കെ.ജാനുവിന്റെ നേതൃത്വത്തിൽ

ഒരു വിഭാഗം ആദിവാസികളും ദളിത് സമരസമിതിയും ഒത്തുചേർന്ന് പുതിയ ചിലസമരപരിപാടികളുമായി രംഗത്തുവരികയായിരുന്നു.

## നിയമസഭയ്ക്കു മുന്നിലെ കുടിൽകെട്ടൽ സമരം

ഈ സമരം ആരംഭിക്കുന്നതിന് മുമ്പുവരെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചു കിട്ടണമെന്ന നിലപാടാണ് ഇവർ ശക്തമായി ഉയർത്തിയതെങ്കിലും കുടിൽകെട്ടിയുള്ള സമരത്തിൽ നേതൃത്വം തങ്ങളുടെ പ്രഖ്യാപിത നിലപാടിൽ നിന്നും പിന്നോട്ടുപോകുന്നതായി കാണാം. ആദിവാസി കുടംബത്തിന് ലഭ്യതയ്ക്കനുസരിച്ച് ഒന്നുമുതൽ 5 ഏക്കർ വരെ ഭൂമി, അതുസംരക്ഷിക്കാനുള്ള മറ്റ് സംവിധാനങ്ങൾ എന്ന നിലയിലേക്ക് ഡിമാന്റുകൾ മാറി.

ആദിവാസി ജനതയുടെ യഥാർത്ഥ വിമോചനവും അതിജീവനവും സാധ്യമാകണമെങ്കിൽ വളരെ വ്യക്തവും ശാസ്ത്രീയവുമായ രാഷ്ട്രീയ-സാമ്പത്തിക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. അതാകട്ടെ കേവലം ഭൂമിയുടെ പുനർവിതരണത്തിന്റെ പ്രശ്നമല്ല ആദിവാസികളടക്കമുള്ള മറ്റ് മർദ്ദിത ജനതകളെ അടിച്ചമർത്തുന്നതിനെതിരെ വിപ്ലവശക്തികളുടെ മുൻകൈയിൽ ഉയർന്ന് വരേണ്ട കാർഷിക വിപ്ലവത്തിലൂടെ നടപ്പാക്കേണ്ടതാണ്. എന്നാൽ, സമരനേതൃത്വത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ഒരുഉറപ്പ് സർക്കാരിൽ നിന്നും ലഭിച്ചാൽ സമരം പിൻവലിക്കാം എന്ന നിലയിലായിരുന്നു.

ഒടുവിൽ മുഖ്യമന്ത്രി ആന്റണിയും സമരനേതാക്കളും ഒരു കരാറിൽ ഒപ്പുവെച്ച് സമരം പിൻവലിച്ചു. പ്രസ്തുത കരാറാകട്ടെ നായനാർസർക്കാർ ഭേദഗതിയായി കൊണ്ടുവന്ന പകരം ഭൂമിയെന്നതുതന്നെയാണ്. 96-ൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ ആദിവാസി ഭൂമി കയ്യേറിയവർക്ക് സംരക്ഷണം നൽകാനായി ഓർഡിനൻസുകൊണ്ട് വന്ന് 75-ലെ നിയമത്തെ മറികടക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ആന്റണി ഇത്തവണ ജാനുവിനെ കരുവാക്കി കുടിയേറ്റക്കാര രക്ഷിച്ചെടുക്കുന്നതിനുള്ള സമർത്ഥമായ കരുനീക്കങ്ങളാണ് നടത്തിയത്. അങ്ങിനെ ആദിവാസി വിരുദ്ധമായ ഒരു കരാറിൽ സമരനേതൃത്വം തന്നെ തലവെച്ചു കൊടുക്കുന്ന കാഴ്ചയാണ് സെക്രട്ടറിയേറ്റിനു മുന്നിലെ സമരത്തിനുണ്ടായത്. ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി, ആദിവാസി വികസനഫണ്ട് ത്രിതല പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്നതിനു പകരം പട്ടികജാതി- വർഗ്ഗ വകുപ്പുകൾ വഴി

നടപ്പാക്കൽ, ആദിവാസി അധിവാസമേഖലകൾ സ്വയം ഭരണപ്രദേശങ്ങളായി പ്രഖ്യാപിക്കാനുള്ള തീരുമാനമെടുക്കുകയും, നിയമനിർമ്മാണം നടപ്പിലാക്കുകയും ചെയ്യൽ, ആദിവാസികളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, നൽകുന്ന ഭൂമിയിൽ കൃഷിയിറക്കാനും അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും സർക്കാർ ധനസഹായം നൽകൽ, വയനാട് ജില്ലയിലെ ആദിവാസി കുടംബങ്ങളുടെ ആധിക്യം പരിഗണിച്ച് അവർക്ക് നൽകുന്നതിനാവശ്യമായി ഭൂമി പ്രത്യേകിച്ച് നിഷിപ്തവനഭൂമി കണ്ടുപിടിച്ച് കേന്ദ്രസർക്കാറിന്റെ അനുമതിയോടെ സമയബന്ധിതമായി വിതരണം ചെയ്യൽ എന്നിവയായിരുന്നു കരാറിലെ പ്രധാന വ്യവസ്ഥകൾ. എല്ലാ ആദിവാസികളെയും പുനരധിവസിപ്പിക്കാനുള്ള സ്ഥലം 2002 ഡിസംബർ 31-നകം കണ്ടെത്തുമെന്നും സർക്കാർ സമരനേതൃത്വത്തിന് ഉറപ്പു നൽകി.

കേരളത്തിൽ മാറിമാറി അധികാരത്തിൽ വന്നവർ കഴിഞ്ഞകാലങ്ങളിൽ നടത്തിയ ആദിവാസി വഞ്ചനയുടെയും, കടുത്ത അവഗണനയുടേയും നീണ്ട ചരിത്രം നമുക്കു മുന്നിലുള്ളപ്പോൾ ആദിവാസി വികസനത്തിനെന്നു പറഞ്ഞ് പുതിയ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് കോടികൾ കട്ടുമുടിച്ച് ആദിവാസിയെ ദുരിതത്തിലേക്ക് വലിച്ചെറിഞ്ഞ നഗ്നയാഥാർത്ഥ്യങ്ങൾ നമുക്ക് മുന്നിലുള്ളപ്പോൾ ഇനിയും ഇത്തരക്കാരുടെ വാഗ്ദാനങ്ങൾ വിശ്വസിക്കാൻ യാഥാർത്ഥ്യബോധമുള്ള ഏതെങ്കിലും നേതൃത്വത്തിനാകുമോ?.

## ആദിവാസി ജനത വഴിതെറ്റിക്കപ്പെടുന്നുവോ?

ആദിവാസി ഭൂപ്രശ്നത്തെ പൊതുവായ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്താതെ സവിശേഷപ്രശ്നമായി അവതരിപ്പിക്കുകയും തനിമയുടേയും സ്വത്വത്തിന്റേയും സാംസ്കാരിക സവിശേഷതയുടേയും പരിമിതവൃത്തത്തിലേക്ക് ഇതിനെ ചുരുക്കി ഒരു തരം അരാഷ്ട്രീയവൽക്കരണത്തിലേക്ക് ആദിവാസി ജനതയെ ആട്ടിത്തെളിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ സാമ്രാജ്യത്വപ്പണംപറ്റി പ്രവർത്തിക്കുന്ന ചിലവോളണ്ടിയറി സംഘങ്ങൾ നടത്തുന്നുണ്ട്. ഇത്തരക്കാരുടെ പ്രത്യക്ഷമായ ഇടപെടൽ സെക്രട്ടറിയേറ്റിനു മുന്നിലെ സമരത്തിൽ പ്രകടമാവുകയുണ്ടായി.

ഗോത്രപൂജയും, മന്ത്രവാദവും കൊണ്ട് ജനവിരുദ്ധ ഭരണകൂടത്തിന്റെ

മർദ്ദക സ്വഭാവവും ആദിവാസി വിരുദ്ധനീക്കങ്ങളും ഉച്ചാടനം ചെയ്യാൻ കഴിയുമെന്ന പ്രാകൃതവും അന്ധവിശ്വാസജടിലവുമായ ധാരണകളിലേക്ക് ആദിവാസി ജനതയെ നയിക്കാൻ ശ്രമിക്കുന്നവർ ഒരുജനതയുടെ സമര ശേഷിയെ തന്നെ ഷണ്ഡീകരിക്കാനാണ് യഥാർത്ഥത്തിൽ ശ്രമിക്കുന്നത്. ഇത്തരം നടപടികൾക്ക് ന്യായീകരണമായിപ്പറയുന്നത് ഗോത്രാചാരങ്ങളും അനുഷ്ഠാനങ്ങളും തിരിച്ചുകൊണ്ടു വരുന്നതിലൂടെ മാത്രമേ ആദിവാസി ജനതയെ സംഘടിതരാക്കാനാകു എന്നതാണ്. കേരളത്തിലെ ആദിവാസി ജനതയുടെ ചരിത്രത്തിന്റെ ബാലപാഠമെങ്കിലും അറിയുന്നവർ ഇത്തരം അസംബന്ധ പ്രഖ്യാപനങ്ങൾ നടത്തുമായിരുന്നില്ല.

ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചയ്ക്കെതിരെ ധീരമായി പൊരുതിയ വയനാട്ടിലെ ആദിവാസികളും പഴശ്ശിയുടെ പോർവീര്യത്തിന് കരുത്ത് പകർന്ന കുറിച്യപ്പടയുടെ ഒളിപ്പോരും കേരളീയ ജനതയുട സമരചരിത്രത്തില തന്നെ ഉജ്ജ്വലങ്ങളായ ഏടുകളാണ്. ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ മലയാളി ജനതയുടെ വിമോചനപോരാട്ടങ്ങൾക്ക് കരുത്തുപകർന്ന ഇത്തരം സമരപാരമ്പര്യമുള്ള ആദിവാസി ജനതയെ മന്ത്രവാദത്തിലേക്ക് തിരിച്ചു കൊണ്ടുപോകാൻ ശ്രമിക്കുന്നതിനുപിന്നിൽ അപകടകരമായ ചില രാഷ്ട്രീയ താല്പര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്ന കാര്യം തിരിച്ചറിയേണ്ടതുണ്ട്.

ആദിവാസി ജനതയുടെ ഗോത്രസംസ്കൃതി തകർക്കപ്പെടുന്നത് യഥാർത്ഥത്തിൽ ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചയോടെ ആയിരുന്നു. വനം കയ്യേറ്റത്തിലൂടെയും ആദിവാസി അധിവാസ മേഖലകളെ തോട്ടംസമ്പദ്ഘടനയിലേക്ക് പരിവർത്തിപ്പിക്കുയും ചെയ്തതോടെ ആദിവാസി ജനതയുടെ പ്രശ്നത്തിന് തുടക്കം കുറിക്കപ്പെട്ടിരുന്നു. ബ്രിട്ടീഷ് കോളൊനിവാഴ്ചയ്ക്കു ശേഷം അവരുടെ വിശ്വസ്ത ദല്ലാളുകളുമായി അധികാരം ഏറ്റെടുത്ത ഇവിടുത്തെ സാമ്രാജ്യത്വ കൂട്ടികൊടുപ്പുകാരായ ഇടതു-വലതു രാഷ്ട്രീയക്കാർ ഇതേ സാമ്പത്തിക നയങ്ങൾ തുടരുകയാണുണ്ടായത്. കമ്മ്യൂണിസ്ററുകാർ എന്നുപറയപ്പെടുന്നവർ തന്നെ നടപ്പിലാക്കിയ ഭൂപരിഷ്കരണ നടപടിയിൽ നിന്ന് പശ്ചിമഘട്ടത്തിലെ തോട്ടം മേഖലയെ ഒഴിവാക്കിയത് ആദിവാസികൾക്ക് അവരുടെ നഷ്ടപ്പെട്ട ഭൂമി ലഭിക്കുന്നതിന് തടസ്സം സൃഷ്ടിച്ചു. വൻകിടകമ്പനികളും അഖിലന്ത്യാ കുത്തകകളായ ടാറ്റ ഉൾപ്പെടെയുള്ളവരും വൻപണക്കാരുമെല്ലാം പിന്നീട് ആദിവാസി ഭൂമിയും വനഭൂമിയും വെട്ടിവെളുപ്പിച്ച് ചായത്തോട്ടങ്ങളും, കാപ്പിത്തോട്ടങ്ങളുമാക്കിമാറ്റിയതും ഭൂപരിധി നിർണ്ണയത്തിൽ നിന്ന്

ഇത്തരം തോട്ടങ്ങൾ ഒഴിവാക്കപ്പെട്ടതും കൂടുതൽ കൂടുതൽ ആദിവാസി അധിവാസ മേഖലകൾ തകർക്കപ്പെടുന്നതിന് ഇടയാക്കി. ആഗോളവൽക്കരണ നയങ്ങളുടെ ഫലമായി കാർഷികോൽപ്പന്നങ്ങൾക്കുണ്ടായ വില തകർച്ചയുടെ ഫലമായി ഇത്തരം തോട്ടങ്ങൾ തുണ്ടുതുണ്ടാക്കി വിൽക്കപ്പെടുകയും ചിലതോട്ടങ്ങൾ ടൂറിസപദ്ധതിയ്ക്കായി നീക്കിവെക്കാനുള്ള നീക്കം നടക്കുന്നതും പുതിയ പലപ്രശ്നങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുയാണ്.

ഭൂമിയിൽ നിന്ന് കുടിയിറക്കപ്പെട്ട ആദിവാസികൾ ഇന്ന് തൊഴിലും ജീവനോപാധികളും കണ്ടെത്തിയിരിക്കുന്നത് ഇത്തരം തോട്ടം മേഖലകളെ ആശ്രയിച്ചാണ്. ഈ രംഗത്തെ പ്രതിസന്ധിയും രൂക്ഷമാകുന്നതോടെ ഉള്ള തൊഴിലിൽ നിന്നും പറിച്ചെറിയപ്പെടുന്ന ആദിവാസികൾ വറചട്ടിയിൽ നിന്നു ഏരിതീയിലേക്ക് എടുത്തെറിയപ്പെടുന്ന സ്ഥിതിയിലെത്തും.

ആഗോളവൽക്കരണവും ഉദാരവൽക്കരണവും തീവ്രതയർജ്ജിക്കുന്ന വർത്തമാനഘട്ടത്തിൽ പ്രകൃതിവിഭവങ്ങൾപോലും കടുത്ത ചൂഷണത്തിനു വിധേയമാവുകയാണ്. പ്ലാച്ചിമടയിലും കമ്പനിതോറും ഭീമൻ ബഹുരാഷ്ട്രകുത്തകളായ കോളകമ്പനികൾ നടത്തുന്ന ജലചൂഷണം ആദിവാസിയുടെ കുടിവെള്ളം പോലും മുട്ടിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ സാമൂഹിക പദവി കണ്ടെത്തിയ ജനവിഭാഗങ്ങൾ പോലും ജീവിത പ്രാരാബ്ധങ്ങളിലേക്ക് വലിച്ചെറിയപ്പെടുന്ന ആഗോളവൽക്കരണത്തിന്റെ കണ്ണിൽ ചോരയില്ലാത്ത ചൂഷണം അരങ്ങേറുന്ന വർത്തമാനകാലസാഹചര്യത്തിൽ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നണിയിൽ കഴിയുന്ന ആദിവാസി ജനവിഭാഗത്തിന് സ്വന്തം പ്രദേശങ്ങളിൽ 'സ്വയം ഭരണം സ്ഥാപിച്ചും ' വിഭവങ്ങൾക്കുമേലുള്ള അധികാരം പ്രയോഗിച്ചും സ്വസ്ഥമമായി ജീവിക്കാമെന്ന് ധരിക്കുന്നത് വെറും വ്യാമോഹം മാത്രമാണ്.

മാറുന്ന ലോകത്തിന്റെ രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ കാണാതെ, നിലവിലുള്ള രാഷ്ട്രീയ ക്രമത്തിലും ഭരണാധികാരികളുടെ മോഹന സുന്ദര വാഗ്ദാനങ്ങളിലും പ്രതീക്ഷ അർപ്പിച്ച് ചില ഒത്തു തീർപ്പുകളിലൂടെ അധികാരിവർഗ്ഗം നൽകുന്ന ചില നക്കാപ്പിച്ചകൾ വാങ്ങി ആദിവാസി പ്രശ്നം എന്നേന്നുക്കുമായി അവസാനിപ്പിക്കാമെന്ന് ധരിക്കുന്നവർ, ചരിത്രത്തിൽ ഇന്നേവരെ തങ്ങളനുഭവിച്ച കടുത്ത മർദ്ദനങ്ങൾക്കും കൊടിയ ചൂഷണങ്ങൾക്കുമെതിരെ ആദിവാസി ജനത നട്ടെല്ലു നിവർത്തി കണക്കുകൾ

ചോദിക്കാൻ തയ്യാറെടുത്ത് കൊണ്ടിരിക്കുകയാണെന്ന യഥാർത്ഥ്യം മനസ്സിലാക്കാൻ പോകുന്നതേയുള്ളു.

നമ്മുടെ രാഷ്ട്രീയ യാഥാർത്ഥ്യം തീക്ഷണമാകുമ്പോഴും യഥാർത്ഥ പ്രശ്നം ഉന്നയിക്കാത്ത കപടപ്രശ്നങ്ങളിലേക്ക് ജനശ്രദ്ധ തിരിക്കാനുള്ള ആസൂത്രിത നീക്കം നടത്തുന്നതിന്റെ അടിവേരുകളന്വേഷിക്കുമ്പോഴാണ് സാമ്രാജ്യത്വ ഫണ്ടിംഗിന്റെയഥാർത്ഥ താല്പര്യം നമുക്ക് തിരിച്ചറിയാനാവുക. നമ്മുടെ അടിമത്വം അങ്ങേയറ്റം രൂക്ഷമാകുമ്പോൾ മുഴുവൻ ജനതയും ഒറ്റക്കെട്ടായി പോരാട്ട പാതയിൽ അണിനിരത്താൻ ശ്രമിക്കാതെ ജാതി, ലിംഗം, സ്വത്വം എന്നിങ്ങനെയുള്ള കപടപ്രശ്നങ്ങളിൽ ജനങ്ങളെ ഭിന്നിപ്പിക്കാനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. സി.ഡി.എസ്. ബുദ്ധിജീവികളും ശാസ്ത്രസാഹിത്യ പരിഷത്തുകാരും ഇടതുപക്ഷലേബൽ അണിയുന്ന ചിലരും സാമ്രാജ്യത്വ ഫണ്ടിംഗിന്റെ മോഹവലയത്തിൽ കുടങ്ങിയതിന്റെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ നാം കേട്ടുകൊണ്ടിരിക്കുകയാണല്ലോ? അതുകൊണ്ടുതന്നെ ഇത്തരക്കാരുടെ ഉപദേശനിർദ്ദേശങ്ങളും സാമ്പത്തിക പിൻബലവും കൊണ്ട് ആദിവാസി ജനതയുടെ പ്രക്ഷോഭത്തെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നവരെ ചരിത്രംകുറ്റക്കാരെന്നു തന്നെ വിലയിരുത്തും .

ഒരുഭാഗത്ത് തങ്ങളുടെ ദല്ലാളൻമാരായ രാഷ്ട്രീയ നേതൃത്വങ്ങളെ ഉപോയിഗിച്ച് തങ്ങളുടെ ചൂഷണം തുടരുന്ന സാമ്രാജ്യത്വശക്തികൾ മറുഭാഗത്ത് ജനകീയ പ്രക്ഷോഭങ്ങളെ തങ്ങളുടെ വരുതിയിലാക്കുന്നതിന് സന്നദ്ധസംഘങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ഫണ്ടുവാങ്ങി ജനകീയ സമരങ്ങളുടെ ഇടയിൽ വരുന്നവരും വ്യവസ്ഥാപിത രാഷ്ട്രീയക്കാരെപ്പോലെ സാമ്രാജ്യത്വ കൂട്ടികൊടുപ്പുകാരണെന്ന് തിരിച്ചറിയണം. ഇത്തക്കാരുടെ പിടിയിൽ നിന്ന് മുക്തരായാലേ ആദിവാസി ജനതയുൾപ്പെട മറ്റു ജനവിഭാഗളുടെ രാഷ്ട്രീയ സമരങ്ങൾ അതിന്റെ യഥാർത്ഥ വിജയത്തിലെത്തൂ. സെക്രട്ടറിയേറ്റിനു മുമ്പിലെ സമരം ഒത്തുതീർപ്പുക്കുന്നതിൽ ഇത്തരം ശക്തികളുടെ രാഷ്ട്രീയവീക്ഷണങ്ങൾ എങ്ങിനെയെല്ലാം പ്രതിഫലിച്ചു എന്നു മനസ്സിലാക്കണമെങ്കിൽ പ്രസ്തുതസമരത്തിന്റെ വഞ്ചനാത്മകമായ പര്യവസാനം ശ്രദ്ധിച്ചാൽ മതി. ഒത്തുതീർപ്പും വഞ്ചനയും ഒടുവിൽ ആദിവാസി ജനതയെ മുത്തങ്ങയിലേക്ക് നയിച്ചതും നമുക്ക് യഥാർത്ഥ പാഠമാകേണ്ടതാണ്.

## മുത്തങ്ങ സമരത്തിൽ നിന്ന് പഠിക്കാനുള്ളത്.

കേരളസർക്കാരും ഗോത്രസഭാനേതാക്കളും തമ്മിലുണ്ടാക്കിയ കരാറനുസരിച്ച് 2002 ഡിസംബർ 31-നകം എല്ലാ ആദിവാസികൾക്കും ഭൂമി നൽകാൻ സർക്കാർ ബാധ്യസ്ഥമായിരുന്നു. എന്നാൽ പ്രസ്തുത കാലാവധി കഴിഞ്ഞതിനുശേഷവും കരാർ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിലായിരന്നു ഗോത്രസഭയുടെ നേതൃത്വത്തിൽ മുത്തങ്ങവന്യജീവി സംരക്ഷണ കേന്ദ്രത്തിൽ കടന്നുകയറി ജാനുവിന്റെയും ഗീതാനന്ദന്റെയും നേതൃത്വത്തിൽ ആദിവാസി ജനത കുടിൽ കെട്ടി പാർപ്പുറപ്പിച്ചത്. ഒന്നരമാസത്തോളം സമരക്കാർ അവിടെ താമസിച്ചപ്പോഴും സർക്കാർ ഇടപെട്ടില്ല. ചില കപട പരിസ്ഥിതി വാദികളും വനം മാഫിയയും ഫോറസ്റ്റ് ലോബിയും തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങൾ അപകടപ്പെടുന്നുവെന്ന് മനസ്സിലാക്കി ആദിവാസി ജനതയ്ക്കെതിരെ രംഗത്തുവന്നതോടെ ഭരണകൂടവും രംഗത്തിറങ്ങി.

ആദിവാസി അധിവാസമേഖലകൾ സ്വയംഭരണ പ്രദേശങ്ങളായി പ്രഖ്യാപിക്കാമെന്ന് പഴയ കരാറിൽ മുഖ്യമന്ത്രി ആന്റണി തന്നെ സമ്മതിച്ച സ്ഥിതിക്ക് മുത്തങ്ങയിൽ തങ്ങൾ സ്വയം ഭരണം പ്രഖ്യാപിച്ചാൽ ആദിവാസികളോടൊപ്പം കോൽക്കളി കളിച്ച മുഖ്യമന്ത്രി അതനുവദിച്ചു തരുമെന്ന കണക്കുകൂട്ടലായിരുന്നു ഗോത്രമഹാസഭാനേതാക്കൾക്കുണ്ടായിരുന്നത്.

ആദിവാസിജനതയുടെ സ്വാഭാവിക നിഷ്കളങ്കത വെച്ച് ഇത്തരമൊരു നിഗമനത്തിൽ തീർച്ചയായും എത്തിച്ചേരാവുന്നതാണ്. എന്നാൽ കർക്കശമായ ചൂഷണവ്യവസ്ഥയും രാഷ്ട്രീയാധികാരവും നിലനിൽക്കുന്ന ഒരു ചൂഷകഭരണക്രമത്തിൽ അതിനെതിരെ ഉയരുന്ന ചെറിയ വെല്ലുവിളിയെപ്പോലും വെച്ചുപൊറുപ്പിക്കില്ലെന്നും അത്തരം ഘട്ടങ്ങളിൽ ഈ നാരകീയ വ്യവസ്ഥയുടെ വിശ്വരൂപം വെളിപ്പെടുമെന്നും തിരിച്ചറിയാനുള്ള രാഷ്ട്രീയ വിവേകം സമരനേതൃത്വത്തിനില്ലാതിരുന്നതിനാൽ ആസൂത്രിത ചെറുത്തുനില്പിലൂടെ ഭരണകൂട ശക്തികളെ പരാജയപ്പെടുത്താൻ കഴിയാതെ കാക്കിപ്പടയുടെ ബയണറ്റ് മുനകൾക്കു മുന്നിലേക്ക് ധീരപോരാളികളായ ആദിവസി സഖാക്കളേയും അവരുടെ സ്ത്രീകളടക്കമുള്ള പിഞ്ചുകുഞ്ഞുങ്ങളേയും വലിച്ചെറിഞ്ഞുകൊടുക്കേണ്ട ഗതികേടിൽ സമരനേതൃത്വം എത്തിപ്പെടുകയായിരുന്നു.

ആദിവാസിമേഖലയിലെ സ്വയംഭരണവും വിഭവങ്ങൾക്ക് മേലുള്ള അധികാരവും പുതിയ നിയമനിർമ്മാണത്തിലൂടെയും ഭരണഘടനാ ഭേദഗതിയിലൂടെയും ഇന്ത്യൻ ഭരണകൂടം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 75 ലെ നിയമം പോലെ തങ്ങൾക്കാവശ്യമെങ്കിൽ ഇതെല്ലാം ലംഘിക്കാൻ ഇവർക്ക് യാതൊരു മടിയുമുണ്ടാകില്ലെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. 5-ാം പട്ടികയും 6-ാം പട്ടികയും നടപ്പിലാക്കാൻ മുറവിളികൂട്ടുന്ന ഗോത്രസഭാനേതാക്കൾ ഇക്കാര്യം ഓർക്കുന്നത് നന്ന്.

## ഭൂമിക്കുമേലുള്ളആദിവാസികളുടെ അവകാശവും അഞ്ചാപട്ടികയും.

'75-ലെ നിയമം പോലെ അതിനുസമാനമായ ഒരു നിയമനിർമ്മാണമായിരുന്നു ഇതും. ഭരണഘടനയുടെ 244(1) പട്ടിക അനുസരിച്ചുള്ള ഭരണഘടനാപരമായ ബാധ്യത നിറവേറ്റാനായിരുന്നു സർക്കാർ ഈ നിയമനിർമ്മാണം നടത്തിയത്. എല്ലാ സംസ്ഥാനങ്ങളിലെയും പട്ടികവർഗ്ഗങ്ങൾ 5-ാം പട്ടികയുടെ പരിധിയിൽ വരുന്നതിനാൽ ഓരോ സംസ്ഥാനവും പട്ടികവർഗ്ഗങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ ബാധ്യസ്ഥമാണ്, ആദിവാസികളുടെ അധികാരങ്ങളും അവകാശങ്ങളും ഉറപ്പുവരുത്താൻ 75-ലെനിയമം അപ്രാപ്തമായതിനാൽ ഈ പുതിയ നിയമം അത്യാവശ്യമാണെന്ന് ഗോത്രമഹാസഭനേതാക്കൾ പറയുന്നു. എല്ലാം കവർന്നെടുക്കപ്പെട്ടവരും വ്യതിരിക്തമായ സാംസ്കാരിക സ്വത്വമുള്ളവരുമായ ഒരുസാമൂഹികവിഭാഗമെന്ന നിലയിൽ ആദിവാസികളുടെ അനുസ്യൂതമായ പുരോഗതിയുടേയും വികസനത്തിന്റെയും പ്രശ്നം 75-ലെ നിയമം പരിഗണിക്കുന്നില്ല എന്ന വിമർശനമുള്ളതുകൊണ്ടാണ് 75-ലെ നിയമം നടപ്പിലാക്കണമെന്ന ആവശ്യത്തിൽ നിർബന്ധം പിടിക്കാത്തതെന്നാണ് നേതൃത്വം പറയുന്നത്. ആർട്ടിക്കിൾ 244(1) അനുസരിച്ച് 5-ാം പട്ടിക ഈ രാജ്യത്തെ പട്ടികവർഗ്ഗ പ്രദേശങ്ങളുടേയും പട്ടികവർഗ്ഗങ്ങളുടേയും ഭരണവും നിയന്ത്രണവും സംബന്ധിച്ച് വ്യവസ്ഥകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ആദിവാസി ഭൂമി പട്ടികവിഭാഗത്തിൽപെടാത്ത ഒരാൾക്ക് കൈമാറുന്നത് പൂർണ്ണമായും നിരോധിക്കുകയും ആദിവാസി മേഖലയിൽ സമാധാനവും സൽഭരണവും നിലനിർത്തുകയും ആദിവാസികൾക്ക് ഭൂമിയുടെ കൈവശാവകാശങ്ങളും ഉടമസ്ഥതയും സംരക്ഷിക്കുകയുമാണ് 244-ാം വകുപ്പിലെ അഞ്ചാം പട്ടിക

യുടെ 5(2) ഖണ്ഡികയുടെ മുഖ്യലക്ഷ്യമെന്നും ഇവർ വിശദീകരിക്കുന്നുണ്ട്.

75-ലെ ആദിവാസി ഭൂനിയമത്തിന്റെ പ്രശ്നം ഉന്നയിച്ച് സമര രംഗത്തേക്കു വരികയും സെക്രട്ടറിയേറ്റു സമരത്തിൽ പകരം ഭൂമി എന്ന കരാറിൽ ഒപ്പുവെക്കുകയും മുത്തങ്ങയിൽ എത്തുമ്പോൾ ആദിവാസി സ്വയം ഭരണമെന്ന മുദ്രവാക്യം ഉയർത്തുകയും ചെയ്ത ഗോത്രമഹാസഭയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെയും ഇന്നും തുടരുന്ന പ്രവർത്തനങ്ങളെയും കുറിച്ച് നിഷ്കൃഷ്ടമായ രാഷ്ട്രീയ പരിശോധന ആവശ്യമാണ്.

ഗോത്രമഹാസഭാനേതൃത്വം പറയുമ്പോലെ 75-ലെ നിയമത്തിന്റെ അപര്യാപ്ത ബോദ്ധ്യപ്പെട്ടതു കൊണ്ടാണോ സെക്രട്ടറിയേറ്റ് നടയിലെ സമരത്തിൽ ഈ ഡിമാന്റ് പ്രധാനമായി ഉന്നയിക്കാതിരുന്നത്? അങ്ങിനെയെങ്കിൽ നായനാർ സർക്കാർ കൊണ്ടുവന്ന പകരംഭൂമി എന്ന നിയമം നടപ്പിലാക്കാൻ ആവശ്യപ്പെട്ടാൽ മതിയായിരുന്നല്ലോ? ഇവിടെയാണ് ചില നിക്ഷിപ്ത താല്പര്യങ്ങൾ ഉയർന്നു വന്നതായി കാണാൻ കഴിയുന്നത്.

അന്യാധീനപ്പെട്ട ആദിവാസി ഭൂമി കൈയ്യടക്കിവെച്ചവരിൽ പ്രധാനികൾ, ബിഷപ്പ് ഹൗസും, വൻകിടകയ്യേറ്റക്കാരും, തോട്ടമുടമകളുമായതിനാൽ അവർക്ക് യാതൊരു കോട്ടവും തട്ടരുതെന്ന് ചിലർക്ക് നിർബന്ധമുണ്ടായിരുന്നു. സാമ്രാജ്യത്വഫണ്ടിംഗും പള്ളിയുടെ താല്പര്യവുമെല്ലാം കൂടി കുഴഞ്ഞുവരുമ്പോൾ സമരനേതൃത്വത്തിന് പ്രത്യക്ഷത്തിൽ ചില വിട്ടുവീഴചകൾ ചെയ്യേണ്ടിവന്നു എന്നതല്ലേ യാഥാർത്ഥ്യം.

മുത്തങ്ങ സമരത്തിലും ഇത്തരം ശക്തികളുടെ ചരടുവലിക്കനുസരിച്ചാണ് നേതൃത്വം ചലിച്ചതെന്നു കാണാം. ഫണ്ടിംഗ് ഏജൻസികൾ വളരെ ആസൂത്രിതമായി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ചില രാഷ്ട്രീയ പദ്ധതികളുണ്ട്. വർഗ്ഗസമരസിദ്ധാന്തവും, സായുധസമരത്തിലൂടെ മർദ്ദക ഭരണകൂടത്തെ തകർത്ത് അടിമ ജനത പുതിയ രാഷ്ട്രീയാധികാരം സ്ഥാപിക്കുന്നതും കാലഹരണപ്പെട്ട സിദ്ധാന്തങ്ങളും രാഷ്ട്രീയപ്രയോഗങ്ങളുമാണെന്ന് പ്രചരിപ്പിക്കേണ്ടത് ഇത്തരം ശക്തികളുടെ ആവശ്യമാണ്.

ഇതിനു ബദലായി സ്വത്വം, സംസ്ക്കാരം, അരുക്കാക്കപ്പെട്ട ജനവിഭാഗം തുടങ്ങിയ പദാവലികളും പ്രയോഗരൂപങ്ങളും വികസിപ്പിച്ച് തങ്ങളുടെ പിന്തിരിപ്പൻ രാഷ്ട്രീയ-പ്രത്യയശാസ്ത്ര സമീപനങ്ങൾ സ്ഥാപിച്ചെടുക്കേണ്ടതുണ്ട്. അങ്ങിനെ തീഷ്ണമാകുന്ന സാമൂഹിക വൈരുദ്ധ്യത്തെ മയപ്പെടത്തി സാമ്രാജ്യത്വ ചൂഷകഭരണക്രമത്തിന്റെ അനുബ

സ്ഥമാക്കി ജനകീയ സമരങ്ങളെ മാറ്റിയെടുക്കുക എന്ന ഗൂഢരാഷ്ട്രീയ ലക്ഷ്യം ഫണ്ടിംഗ് ഏജൻസികൾക്കുണ്ട് എന്നകാര്യം നാം തിരച്ചറ യേണ്ടതുണ്ട്. അതുകൊണ്ടുതന്നെയാണ് മുത്തങ്ങാസമരം ഒരു ഭാഗത്ത് ആദിവാസി ജനതയുടെ ധീരമായ ചെറുത്തു നില്പാകുമ്പോൾ മറുഭാ ഗത്ത് ദുരന്തവും പരിഹാസവുമായി മാറിയത്.

മുത്തങ്ങയിൽ ഭരണകൂടത്തോടേറ്റുമുട്ടാൻ തയ്യാറായ ഗോത്രമഹാസഭ നേതൃത്വത്തിന് വ്യക്തമായ രാഷ്ട്രീയ പദ്ധതിയില്ലായിരുന്നെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിക്കുന്നു.

ഭീകരമർദ്ദനങ്ങളും നീണ്ടകാലത്തെ ജയിൽവാസവും ആദിവാസി ജന തയുടെ സമരശേഷിയെ തെല്ലും തകർക്കാൻ പര്യാപ്തമായിട്ടില്ലെന്ന് ജയിൽവാസത്തിന് ശേഷം പുറത്തുവന്ന ആദിവാസി പോരാളികളുടെ പ്രഖ്യാപനങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. എന്നാൽ സമരനേതൃത്വം ഇനി എന്തുചെയ്യണമെന്നറിയാതെ ഇരുട്ടിൽ തപ്പുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്.

ഭരണകൂടവുമായി സന്ധിയും ഒത്തുതീർപ്പും പാലിക്കപ്പെടാനിടയി ല്ലാത്ത കരാറുകളുമായി വീണ്ടും ആദിവാസി ജനതയെ വ്യാമോഹത്തിൽ തളിച്ചിടുന്ന നീക്കങ്ങളാണ്- സമരനേതൃത്വം നടത്തികൊണ്ടിരിക്കുന്നത്. മുത്തങ്ങസമരത്തെ വിമർശിച്ച് രംഗത്തുവന്ന റെഡ്ഫ്ളാഗും മറ്റുചില സംഘടനകളും വിദേശപ്പണം പറ്റി പ്രവർത്തിക്കുന്ന സന്നദ്ധസംഘങ്ങ ളാണ് ഇതിനു പിന്നിലെന്ന വിമർശനമുന്നയിച്ചെങ്കിലും അതല്ല അവ രുടെ പ്രധാന ദൗർബല്യം മറിച്ച് ആദിവാസി ഭൂപ്രശ്നത്തെ രാഷ്ട്രീയാധി കാരം പിടിച്ചെടുക്കുന്ന സമരത്തിൽ നിന്ന് വേർപെടുത്തി കേവലമായി കണ്ടു എന്നതാണ് സമരനേതൃത്വത്തിന്റെ പ്രധാന രാഷ്ട്രീയ ദൗർബല്യം

വിപ്ലവകാരികളെന്ന് സ്വയം വിശേഷിപ്പിക്കുന്ന റെഡ്ഫ്ളാഗ് പോലുള്ള സംഘങ്ങൾ വിദേശഫണ്ടിംഗിനെക്കുറിച്ചാണ് പ്രധാനമായും വിമർശന മുന്നയിച്ചത്. ഇന്ന് നമ്മുടെ സർക്കാരും വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടി കളുമെല്ലാം ലോകബാങ്ക്, ഐ.എം.എഫ്, എ.ഡി.ബി തുടങ്ങിയ ധനകാ ര്യസ്ഥാപനങ്ങളിൽ നിന്ന് പണം പറ്റി അവരുടെ നിർദ്ദേശങ്ങൾക്കനുസ രിച്ച് ഭരണനയങ്ങൾവരെ തീരുമാനിക്കുമ്പോൾ അത്തരം ഭരണസംവി ധാനത്തിൽ എങ്ങിനെയെങ്കിലും കയറിപ്പറ്റാൻ ശ്രമിക്കുന്ന റെഡ്ഫ്ളാഗ് പോലുള്ള സംഘടനകൾക്ക് വിദേശഫംണ്ടിനെക്കുറിച്ച് പറയാൻ ധാർമ്മി കമായി എന്തവകാശമാണുള്ളത്.

ജാനുവും കൂട്ടരും നിലവിലുള്ള രാഷ്ട്രീയക്രമത്തിൽ ആദിവാസി പ്രശ്നത്തിന് പരിഹാരം തേടാൻ ശ്രമിക്കുമ്പോൾ റെഡ്ഫ്ളാഗ് സംഘടനയും ഇന്ന് ഇതേ രാഷ്ട്രീയ കാഴ്ചപ്പാടിലാണ് എന്നതാണ് യാഥാർത്ഥ്യം നിലവിലുള്ള പിന്തിരിപ്പൻ രാഷ്ട്രീയാധികാരത്തെ മർദ്ദിത ജനത സായുധപോരാട്ടത്തിലൂടെ തകർത്തെറിഞ്ഞ് തങ്ങളുടെ യഥാർത്ഥ അധികാരം സ്ഥാപിക്കുയാണ് വേണ്ടത്. ഇത്തരം വിപ്ലവകരമായ രാഷ്ട്രീയനിലപാടാണ് ഗോത്രമഹാസഭയും റെഡ്ഫ്ളാഗും കൈഒഴിയുന്നത് ഈ പിന്തിരപ്പൻ തിരുത്തൽവാദ രാഷ്ട്രീയത്തെയാണ് വിപ്ലവശക്തികൾ വിമർശനവിധേയമാക്കേണ്ടത്.

## ആദിവാസി പ്രശ്നത്തിന്റെ പരിഹാരമെന്ത്?

ആദിവാസി ജനതയുടെ പ്രശ്നങ്ങൾക്ക് യഥാർത്ഥ പരിഹാരം കാണാൻ കഴിയണമെങ്കിൽ നിലവിലുള്ള രാഷ്ട്രീയാധികാരത്തെ മാവോയിസ്റ്റ് പ്രത്യയശാസ്ത്രത്ത നിലപാട് ഉയർത്തിപിടിച്ച് തകർത്തെറിയുകയും മർദ്ദിതജനത തങ്ങളുടെ ബദൽ രാഷ്ട്രീയാധികാരം സ്ഥാപിക്കുയും ചെയ്യേണ്ടതുണ്ട്.

ബ്രിട്ടീഷ് കൊളോണിയൽ ശക്തികൾ നടപ്പിലാക്കിയ തോട്ടം മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന സമ്പദ്ഘടനയുടെ സൃഷ്ടിയുമായി ബന്ധപ്പെട്ടാണ് ആദിവാസി ജനതയുടെ പ്രശ്നങ്ങളും ആരംഭിക്കുന്ത്. കുടിയേറ്റക്കാരുടെ താല്പര്യം സംരക്ഷിക്കുന്നതിലുപരി തോട്ടം സമ്പദ്ഘടനയെ ഊനം തട്ടാതെ നിലനിർത്തുക എന്ന ആധുനിക കാലഘട്ടത്തിലെ സാമ്രാജ്യത്വ താല്പര്യമനുസരിച്ചുള്ള സാമ്പത്തിക വികസന പരിപാടി ഭംഗിയായി നടപ്പിലാക്കുക എന്ന ദൗത്യം കൂടി ഇവിടുത്തെ ഭരണക്കാർക്കും രാഷ്ട്രീയ പാർട്ടികൾക്കും ഇന്നു നിർവഹിക്കാനുണ്ട്. അതുകൊണ്ട് കൂടിയാണ് അന്യാധീനപ്പെട്ടആദിവാസി ഭൂമി തിരിച്ചു പിടിച്ചു കൊടുക്കുഎന്ന ഭരണഘടനാ ബാധ്യത നിർവ്വഹിക്കുന്നതിൽ നിന്നും ഇക്കൂട്ടർ ഒഴിഞ്ഞു മാറുന്നത്.

സാമ്രാജ്യത്വപ്പണംപ്പറ്റി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളും ഇതേ രാഷ്ട്രീയതാല്പര്യം വെച്ചുപുലർത്തുന്നവരായതുകൊണ്ടുതന്നെ 75-ലെ നിയമത്തിന്റെ പ്രശ്നം അവരും കൈയൊഴിഞ്ഞിരിക്കുന്നു.

സ്വയം ഭരണമേഖലകൾ പ്രഖ്യാപിച്ചതുകൊണ്ട് ആദിവാസി ജനതയുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നു ധരിക്കുന്നത് നിലവിലുള്ള ഭരണഘടനയിലും രാഷ്ട്രീയക്രമത്തിലുമുള്ള അമിത വ്യാമോഹം

കൊണ്ടാണ്. ചരിത്രത്തിൽ എക്കാലവും മർദ്ദിതരേയും ചൂഷിതരേയും വ്യാമോഹിപ്പിക്കാൻ ചൂഷകർ ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ടെന്ന് നമുക്കറിയാം.

ഇന്ത്യയിൽ തന്നെ പല സംസ്ഥാനങ്ങളിലെയും ആദിവാസി മേഖലകൾ സ്വയം ഭരണ മേഖലകളായി പ്രഖ്യാപിച്ച് നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. അവിടങ്ങളിലെ ആദിവാസികൾപോലും രൂക്ഷമായ പ്രശ്നങ്ങൾ നേരിടുകയാണെന്ന് ഗോത്രമഹാസഭാനേതാവ് ജാനു തന്നെ അടുത്തയിടെ ഒരഭിമുഖത്തിൽ (മാതൃഭൂമി ആഴ്ചപതിപ്പ്) വ്യക്തമാക്കുകയുണ്ടായി.

ജാർഖണ്ഡിലും ഛത്തീസ്ഗണ്ഡിലും മറ്റും ആദിവാസി അധിവാസ മേഖലകളിൽ ഖനനം നടത്തുന്നതിനുള്ള നീക്കങ്ങൾ നടന്നപ്പോൾ അതിനെതിരെ ആദിവാസി സ്വയംഭരണകൗൺസിൽ രംഗത്തുവന്നെങ്കിലും വൻകിട കുത്തകകൾ കോടതിയെ സമീപിച്ച് തങ്ങളുടെ ഖനനപ്രവർത്തനത്തിന് അനുമതി നേടിയെടുത്തത് അടുത്തയിടെയാണ്. അതുകൊണ്ടുതന്നെ മർദ്ദിതർക്കനുകുലമായി മർദ്ദകഭരണവ്യവസ്ഥയിലുള്ള നിയമനിർമ്മാണങ്ങൾ വെറും വഞ്ചനയും തട്ടിപ്പുമാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നമുക്കു ദുരിതങ്ങൾ സമ്മാനിക്കുന്ന, നമ്മുടെ ജീവിക്കാനുള്ള അവകാശത്തെപ്പോലും കവർന്നെടുക്കുന്ന നിലവിലുള്ള ചൂഷക ഭരണക്രമത്തെ സായുധ പോരാട്ടത്തിലൂടെ തകർത്തെറിഞ്ഞ് നീതിയിലും സമത്വത്തിലും മനുഷ്യസാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു പുത്തൻ സാമൂഹിക രാഷ്ട്രീയ ക്രമം സ്ഥാപിക്കാനുള്ള ധീരോദാത്തമായ പോരാട്ടത്തിൽ അണിചേർന്നു കൊണ്ടു മാത്രമേ കേരളത്തിലെ ആദിവാസി ജനതയ്ക്ക് അവരുടെ യഥാർത്ഥ ചരിത്രദൗത്യം നിർവഹിക്കാനാകൂ.

കേരളത്തിലെ തൊഴിലാളികളും ദരിദ്രഭൂരഹിത കർഷകരും ജനാധിപത്യവിശ്വാസികളും ചൂഷകർക്കെതിരായി ഒറ്റകെട്ടായി അണിനിരന്ന് നിലവിലുള്ള മർദ്ദക സംവിധാനത്തെ തകർത്തെറിഞ്ഞ് തങ്ങളുടെ രാഷ്ട്രീയാധികാരം സ്ഥാപിക്കുന്നതിനയുള്ള രണോത്സുക പോരാട്ടിൽ, സായുധ കാർഷിക വിപ്ളവത്തിൽ അണിനിരക്കാൻ ആദിവാസി ജനതയും തയ്യാറാകുമ്പോഴെ അവരുടെ യഥാർത്ഥ വിമോചനം സാക്ഷാത്ക്കരിക്കാനാകൂ. "ആയുധമേന്താത്ത ജനത മോചനമർഹിക്കുന്നില്ലെന്ന" ലെനിന്റെ പ്രസിദ്ധമായ വാചകം ഇവിടെ നാം ഓർക്കേണ്ടതാണ്.

# ആദിവാസി ഭൂപ്രശ്നം

## ആരാണ് വിചാരണചെയ്യപ്പെടേണ്ടവർ?


## അയ്യങ്കാളിപ്പട ബന്ദി സമരം മുതൽ മുത്തങ്ങ വരെ

ജനകീയപോരാട്ടവേദി

സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്.

സംഭാവന 5 രൂപ

# ആദിവാസി ഗ്രാമപഞ്ചായത്തും സ്വയംഭരണവും



## നിയമങ്ങളും വെല്ലുവിളികളും

സി.കെ. ജാനു • എം. ഗീതാനന്ദൻ

Clan n' Culture

# ആദിവാസിഗ്രാമപഞ്ചായത്തും സ്വയംഭരണവും

## നിയമങ്ങളും വെല്ലുവിളികളും

സി.കെ. ജാനു • എം. ഗീതാനന്ദൻ



മണ്ണ് ചിലർക്ക് വെറും വിനിമയ വസ്തുവാണ്, മററു[illegible]ർക്ക് ആത്മസത്തയും. മണ്ണിൽനിന്നും പ്രകൃതിയിൽനിന്നും അറുത്തു മാററപ്പെട്ട ഒരു ജനത വംശഹത്യയിൽനിന്നും കുതറി മാറാൻ നടത്തിയ ചെറുത്തുനിൽപ് വിലയിരുത്തുകയാണ് ഇവിടെ.

Clan n' Culture

# ആദിവാസി ഗ്രാമപഞ്ചായത്തും സ്വയംഭരണവും

## നിയമങ്ങളും വെല്ലുവിളികളും

സി.കെ. ജാനു

എം. ഗീതാനന്ദൻ

Clan n' Culture

**ADIVASI GRAMAPANCHAYATHUM
SWAYAMBHARANAVUM**
*Niyamangalum Velluvilikalum*

By
**C.K. JANU**
**M. GEETHANANDAN**

*Published by*
**Clan n' Culture**
Junior Janatha Road, Vyttila, Cochin-19 Ph : 302432

*Page & Cover Design by*
Pixel Studio, Cochin.

Printed at
Printers Castle, Cochin-16

Rs. 30/-

# പ്രസാധകക്കുറിപ്പ്

വൈദേശികവും ആഭ്യന്തരവും ആയ അധിനിവേശത്തിന്റെ ഫലമായി അനന്യമായ ഒരു സാമൂഹ്യ-രാഷ്ട്രീയ ജീവിതക്രമം നിലനിർത്തിപ്പോന്നിരുന്ന ഗോത്രജനതയ്ക്ക് സ്വന്തം മണ്ണിൽ അഭയാർത്ഥികളാവേണ്ടിവന്നു. അവർക്ക് ഭാഷയും സംസ്കാരവും സ്വത്വവും നഷ്ടപ്പെട്ടു. ഭരണഘടനാദത്തമായ പരിരക്ഷകൾ ഒരിക്കലും യാഥാർത്ഥ്യമായില്ല.

നിലനിൽപിനുവേണ്ടിയുള്ള അവസാനശ്രമമെന്നനിലയിൽ കേരളത്തിലെ ആദിവാസികൾ സമീപകാലത്തുനടത്തിയ സമരവും ഉന്നയിച്ച വിഷയങ്ങളും തുടർന്നും ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. ആദിവാസി അധിവാസമേഖലകൾ പട്ടികപ്രദേശങ്ങളായി പ്രഖ്യാപിക്കാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യുമെന്ന് സർക്കാർ ആദിവാസികൾക്ക് ഉറപ്പു നൽകിയ പശ്ചാത്തലത്തിൽ ആദിവാസിസ്വയംഭരണം എന്ന ആശയത്തെ സംബന്ധിച്ച ഒരു സംവാദം പ്രസക്തമാണെന്നു ഞങ്ങൾ കരുതുന്നു.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ, ഭരണഘടനയുടെ അഞ്ചാം പട്ടികയ്ക്കു വിധേയമായി ആദിവാസി ഗ്രാമസഭാസംവിധാനം എങ്ങനെയാണ് പ്രവർത്തനക്ഷമമാകുകയെന്ന വിഷയമാണ് ഈ പുസ്തകത്തിൽ മുഖ്യമായും പ്രതിപാദിക്കപ്പെടുന്നത്.

*ക്ലാൻ ആൻഡ് കൾച്ചർ*

# 1

കേന്ദ്രീകൃതമായ അധികാരവ്യവസ്ഥകളും ഇന്ത്യൻ ഭരണഘടനയും രൂപംകൊള്ളുന്നതിനുമുൻപേ പ്രകൃതിയുമായി സഹവർത്തിത്വത്തിൽ കഴിഞ്ഞവരാണ് ആദിവാസിഗോത്രജനത. വിശാലമായ ഭൂപ്രദേശങ്ങളിലും വനമേഖലകളിലും അധിവസിച്ചിരുന്ന ഗോത്രജനതയുടെ അവകാശങ്ങളെ ആരും ചോദ്യംചെയ്തിരുന്നില്ല. വൈദേശികാധികാര ശക്തികൾ — ബ്രാഹ്മണ്യാധികാര ശക്തികളും പിൽക്കാലത്ത് ബ്രിട്ടീഷ് അധിനിവേശ ശക്തികളും — കടന്നുവന്നതോടെ ഗോത്രജനതയുടെ സംസ്കാരത്തിനുമേൽ സംഘടിതമായ കടന്നുകയററമാരംഭിച്ചു. ചരിത്രത്തിലുടനീളം ഇതിനെതിരേ ഗോത്രജനത നടത്തിയ ചെറുത്തുനിൽപും കാണാം.

ബാഹ്യലോകത്തുനിന്നും ഒററപ്പെട്ട് തങ്ങളുടേതുമാത്രമായ അനന്യമായൊരു സാമൂഹ്യ-രാഷ്ട്രീയ ക്രമത്തിനുള്ളിൽ കഴിഞ്ഞിരുന്ന ആദിവാസിഗോത്രജനതയോടുള്ള അധിനിവേശശക്തികളുടെ വംശീയമായ വെറുപ്പും വിദ്വേഷവും ഇന്ത്യൻ ഇതിഹാസങ്ങളിലും പുരാണങ്ങളിലും പ്രതിഫലിച്ചുകാണാം. തദ്ദേശീയരായ ഗോത്രജനതയെ അവർ രാക്ഷസൻമാരെന്നും കിരാതൻമാരെന്നും വാനരൻമാരെന്നും നിഷാദൻമാരെന്നും മുദ്രകുത്തി. ബ്രിട്ടീഷ് അധിനിവേശശക്തികളാകട്ടെ തദ്ദേശീയരായ ഗോത്രജനതയെ ക്രിമിനൽ ട്രൈബുകളെന്നുപോലും മുദ്രകുത്തി. എങ്കിലും കീഴ്പെടുത്താനുള്ള കൊളോണിയൽ ഭരണകർത്താക്കളുടെ ശ്രമങ്ങൾക്കെതിരേ ശക്തമായ ചെറുത്തുനിൽപാണവർ തുടർന്നത്.

അസംഖ്യം ഗോത്രസമൂഹങ്ങൾ വൈദേശിക ശക്തികൾക്കെതിരേ ഒരിക്കലും കീഴടങ്ങാതെ തങ്ങളുടെ സ്വാതന്ത്ര്യദാഹം തെളിയിച്ചു. ബ്രിട്ടീഷുകാരുമായി പോരാടിയ അനേകം ഗോത്രത്തലവൻമാരിൽ ചിലർമാത്രമാണ് കനു സന്താൾ, ബിർസാ മുൺഡെ, ജാത്ര ഭഗത്, ലക്ഷ്മൻ നായിക്, താന്തിയാ ഫിൽ, ഭഗോജി നായിക്, കുവാർ വാസവ, രുപ നായിക്, കമാൽ ദോറ, അംബുൽറെഡ്ഢി, തലക്കൽ ചന്തു തുടങ്ങിയവർ. അസംഖ്യം ഗോത്രവർഗ്ഗകലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് സായുധശക്തിയും അധികാരവും കൊണ്ട് അവയെ അടിച്ചമർത്താനാണ് അധിനിവേശശക്തികൾ ശ്രമിച്ചത്. എങ്കിലും ഈ ഗോത്രവർഗ്ഗമുന്നേററങ്ങൾ തദ്ദേശീയമായ സാമ്പ്രദായിക ഭരണക്രമങ്ങളുടെ പ്രതിരോധശക്തി അംഗീകരിക്കുവാൻ ബ്രിട്ടീഷുകാരെ നിർബന്ധിതരാക്കി. ഇത് പുതിയതായ പല നിയമനിർമ്മാണങ്ങൾക്കും വഴിതെളിച്ചു.

ഗോത്രവർഗ്ഗപ്രദേശങ്ങളെ നിയന്ത്രിക്കാൻ 1874ൽ കൊണ്ടുവന്ന ഷെഡ്യൂൾഡ് ഡിസ്ട്രിക്റ്റ് ആക്റ്റ് അവയിലൊന്നാണ്. പ്രസ്തുത പ്രദേശങ്ങൾ പിന്നോക്കപ്രദേശങ്ങൾ, ഏജൻസി ഏരിയ എന്നീ പേരുകളിലും അറിയപ്പെട്ടിരുന്നു. 1915നും 1920നും ഇടയ്ക്ക് ആദിവാസി ഭൂമി മററുള്ളവർക്ക് കൈമാററംചെയ്യുന്നത് തടഞ്ഞുകൊണ്ടും ഈ പ്രദേശങ്ങളിൽ പണം കടംകൊടുക്കുന്നത് തടഞ്ഞുകൊണ്ടും ചില നിയമനിർമ്മാണങ്ങൾ നടക്കുകയുണ്ടായി. 1935ൽ ഇന്ത്യാ ഗവൺമെൻറ് ആക്റ്റ് രൂപംകൊള്ളുന്നതോടെ ആദിവാസിപ്രദേശങ്ങളെ രണ്ടായി തിരിക്കുകയുംചെയ്തു.

ഒന്നാമത്തേത്, വടക്കുകിഴക്കൻ ഗോത്രവർഗ്ഗപ്രദേശങ്ങളാണ്. പ്രസ്തുത പ്രദേശങ്ങൾ സാധാരണ നിയമങ്ങളിൽനിന്നും ഒഴിവാക്കപ്പെട്ടു..ഈ പ്രദേശങ്ങളിലേക്കുള്ള നിയമങ്ങൾ നിർമ്മിക്കാൻ കേന്ദ്ര-സംസ്ഥാന നിയമനിർമ്മാണ സഭകൾക്ക് അധികാരമില്ല. ഈ പ്രദേശങ്ങളിലെ ഭരണകാര്യങ്ങൾ തീരുമാനിക്കാൻ ഒരു കൗൺസിലിൽ ഗവർണർക്ക് മാത്രമാണ് അധികാരം. രണ്ടാമത്തെ വിഭാഗത്തിൽപെട്ട പ്രദേശങ്ങളെ ഭാഗികമായി ഒഴിവാക്കപ്പെട്ട പ്രദേശങ്ങൾ എന്ന് വിളിക്കുന്നു. പ്രസ്തുത പ്രദേശങ്ങളിൽ ദേശീയ നിയമങ്ങൾ നടപ്പിലാക്കാനോ അത് പിൻവലിക്കാനോ ഉള്ള അധികാരം ഗവർണറിൽ നിക്ഷിപ്തമാണ്. മേൽപറഞ്ഞ ഭരണഘടനാപരമായ പരിരക്ഷകളെല്ലാം ഉണ്ടായിരുന്നെങ്കിലും ഗോത്രവർഗ്ഗപ്രദേശങ്ങളിലെ അധിനിവേശം തുടർന്നുകൊണ്ടിരുന്നു.

## 2

ബ്രിട്ടീഷുകാരുണ്ടാക്കിയ നിയമങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഏറെക്കുറെ അതേപോലെ പകർത്തപ്പെടുകയാണുണ്ടായത്. ആദിവാസികളുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കും ഭരണഘടനയിൽ ചില പ്രത്യേക വകുപ്പുകളുണ്ട്. ഭരണഘടനയിലെ 330 മുതൽ 342 വരെയുള്ള വകുപ്പുകൾ പട്ടിക വർഗ്ഗക്കാർ, പട്ടികജാതിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് സവിശേഷമായ പരിരക്ഷ ഉറപ്പുവരുത്തുന്നവയാണ്. 330, 332 എന്നീ വകുപ്പുകൾ നിയമസഭാ-ലോകസഭാ സീററുകളിലേക്കുള്ള സംവരണം ഉറപ്പുവരുത്തുന്നു. 335-ാം വകുപ്പ് സർക്കാർ ഉദ്യോഗങ്ങളിലും സംവരണം ഉറപ്പുവരുത്തുന്നു. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഉള്ള അവകാശങ്ങൾ ഉറപ്പുവരുത്താനായി ഒരു ദേശീയ കമ്മീഷൻ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഒന്നാണ് 338-ാം വകുപ്പ്. 339-ാം വകുപ്പാകട്ടെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകാൻ കേന്ദ്രസർക്കാരിന് അധികാരംനൽകുന്നു.

ഭരണഘടനയുടെ 244-ാം വകുപ്പുപ്രകാരം രാഷ്ട്രപതിയുടെ പട്ടികപ്രദേശ ഉത്തരവുവഴി പ്രഖ്യാപിക്കപ്പെട്ട, ഗോത്രവർഗക്കാർ

തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളാണ് പട്ടികപ്രദേശങ്ങൾ. 244-ാം വകുപ്പിലെ Vഉം VI ഉം പട്ടികയിൽ അനുശാസിച്ചിരിക്കുന്ന നിയമങ്ങൾക്കനുസരിച്ചാണ് ആദിവാസി മേഖലകളുടെ ഭരണകാര്യങ്ങൾ നടക്കുക. കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ട പ്രദേശങ്ങളെ ഭരണഘടനയുടെ VI-ാം പട്ടികയിലും ഭാഗികമായി ഒഴിവാക്കപ്പെട്ട പ്രദേശങ്ങളെ V-ാം പട്ടികയിലും ഉൾപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയിൽ ആദിവാസികൾ കൂടുതലായി ഉള്ള ചില പ്രദേശങ്ങളെ ആദിവാസിപ്രദേശങ്ങൾ എന്ന് നാമകരണം ചെയ്തിരിക്കുന്നു. ഇപ്രകാരമുള്ള സ്ഥലങ്ങളെയാണ് VI-ാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയുടെ വടക്കുകിഴക്കൻ ഗോത്രവർഗ്ഗപ്രദേശങ്ങളായ ആസാം, മേഘാലയ, ത്രിപുര, മിസോറാം എന്നീ പ്രദേശങ്ങൾ VI-ാം പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടവയാണ്. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന മററുപ്രദേശങ്ങളും നമ്മുടെ രാജ്യത്തുണ്ട്. പട്ടികപ്രദേശങ്ങൾ എന്ന് നാമകരണം ചെയ്തിരിക്കുന്ന ഇത്തരം പ്രദേശങ്ങളാണ് ഭരണഘടനയുടെ V-ാം പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഈ പ്രദേശങ്ങളിൽ നിയമങ്ങൾ നിർമ്മിക്കുവാനും ഭരണകാര്യങ്ങൾ നിയന്ത്രിക്കുവാനും V-ാം പട്ടികയിൽ വകുപ്പുകളുണ്ട്. ഈ പട്ടികപ്രകാരം ഭരണകാര്യങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്രസർക്കാരിന് അധികാരമുണ്ട്.

VI-ാം പട്ടിക പ്രകാരം ആദിവാസിപ്രദേശങ്ങളിൽ (ആസാം, മേഘാലയ തുടങ്ങിയ മേഖലകളിൽ) മൂന്ന് തട്ടുകളിലുള്ള സർക്കാരാണുള്ളത്; കേന്ദ്ര-സംസ്ഥാന-ജില്ലാ ഭരണങ്ങൾ. VI-ാം പട്ടിക നിയമ, ഭരണ, നീതിന്യായ അധികാരങ്ങളുള്ള ഒരു സ്വയംഭരണ കൗൺസിലിന് വ്യവസ്ഥ ചെയ്യുന്നു. 5 വർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് നടത്തപ്പെടേണ്ട സ്വയംഭരണ ജില്ലാകൗൺസിലുകൾക്ക് വിപുലമായ അധികാരങ്ങളാണുള്ളത്. ഈ അധികാരങ്ങളുടെമേൽ ലോകസഭയോ നിയമസഭയോ നിർമ്മിക്കുന്ന യാതൊരു നിയമവും സ്വയംഭരണ ജില്ലാകൗൺസിലുകളുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ നടപ്പാക്കാനാവില്ല. ജില്ലാ കൗൺസിലുകളുടെ അധികാരപരിധിക്കുള്ളിൽ നിയമം നടത്തുവാൻ കോടതികൾ സ്ഥാപിക്കാനും കൗൺസിലുകൾക്ക് അധികാരമുണ്ട്. സ്വയംഭരണ ജില്ലാകൗൺസിലുകളുടെ അധികാരങ്ങൾ താഴെപ്പറയുന്നവയാണ്.

1. സർക്കാർവനഭൂമി ഒഴികെയുള്ള ഭൂമിയുടെ വിതരണം, ഉപയോഗം, മാററിവയ്ക്കൽ എന്നിവയെ സംബന്ധിച്ച അധികാരം (ഇതിൽ കൃഷി, മേച്ചിൽ, താമസം, മററ് കാർഷികേതര ലക്ഷ്യങ്ങൾ, ഗ്രാമനിവാസികളുടെ താൽപര്യങ്ങളെ പ്രോൽസാ

ഹിപ്പിക്കുന്ന മററ് ലക്ഷ്യങ്ങൾ എന്നിവ ഉൾപ്പെടുന്നു).

2. 'മാററിവയ്ക്കപ്പെട്ട' വനഭൂമി അല്ലാത്ത ഏത് വനപ്രദേശത്തിൻെറയും ഭരണ നിർവ്വഹണം.

3. കൃഷിക്കുവേണ്ടിയുള്ള കനാലിൻെറയും നീർച്ചാലുകളുടെയും ഉപയോഗം.

4. വ്യത്യസ്ത രീതികളിലുള്ള കൃഷികളുടെയും മാററകൃഷികളുടെയും നിയന്ത്രണം.

5. ഗ്രാമ/നഗരകമ്മിററികളോ കൗൺസിലുകളോ സ്ഥാപിക്കലും അവയുടെ അധികാരങ്ങൾ വ്യവസ്ഥചെയ്യലും.

6. പോലീസ്, പൊതുജനാരോഗ്യം, ശുചീകരണം മുതലായവ ഉൾപ്പെടുന്ന ഗ്രാമ/നഗര ഭരണകാര്യങ്ങളുമായി ബന്ധപ്പെട്ട മററു കാര്യങ്ങൾ.

7. ഗ്രാമമുഖ്യൻെറ നിയമനം, പിൻതുടർച്ച മുതലായവ.

8. വസ്തുവകകളുടെ അനന്തരാവകാശങ്ങൾ.

9. വിവാഹവും വിവാഹമോചനവും.

10. സാമൂഹികാചാരം.

പട്ടികപ്രദേശങ്ങളെ ഭരണഘടനയുടെ V-ാം പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രദേശങ്ങളിൽ നിയമങ്ങൾ നിർമ്മിക്കുവാനും ഭരണകാര്യങ്ങൾ നിയന്ത്രിക്കുവാനും V-ാം പട്ടികയിൽ വകുപ്പുകളുണ്ട്. ഓരോ പട്ടികമേഖലയിലും വസിക്കുന്ന ആദിവാസികളുടെയും പാരമ്പര്യമായി നിലവിലുള്ള സാമൂഹ്യ-നിയമ-ഭരണങ്ങൾക്കനുസൃതമായിട്ടായിരിക്കണം ആ മേഖലയിലെ നിയമ ഭരണ ചട്ടങ്ങൾ ക്രമീകരിക്കേണ്ടത് എന്ന് നിർദ്ദേശിക്കുന്നതാണ് V-ാം പട്ടികയിലെ പ്രധാന ഇനം.

പട്ടിക പ്രദേശത്തിൻെറ ഭരണകാര്യങ്ങളിൽ ഗവർണർക്ക് പ്രത്യേക അധികാരങ്ങൾ നൽകിയിട്ടുണ്ട്. ആദിവാസികളുടെ ക്ഷേമ പുരോഗമന കാര്യങ്ങളിൽ ഗവർണറെ ഉപദേശിക്കാനായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുള്ള ഒരു ഉപദേശകസമിതി രൂപീകരിക്കാൻ V-ാം പട്ടിക ശുപാർശ ചെയ്യുന്നു. പട്ടികപ്രദേശത്തെ ബാധിക്കുന്ന ലോകസഭയോ നിയമസഭയോ നിർമ്മിക്കുന്ന നിയമങ്ങളെ ഒരറിയിപ്പിലൂടെ ഒഴിവാക്കാൻ ഗവർണർക്ക് അധികാരമുണ്ട്. ഈ പ്രദേശത്തിൻെറ സമാധാനത്തിനും സൽഭരണത്തിനും ഉതകുമെന്ന് ഗവർണർക്ക് തോന്നുന്നപക്ഷം മാററങ്ങളോടെയോ അല്ലാതെയോ മേൽപറഞ്ഞ നിയമങ്ങൾ നടപ്പിലാക്കാനും ഗവർണ്ണർക്ക് കഴിയും. കേന്ദ്ര-സംസ്ഥാന നിയമങ്ങളോ മററ് ഏതെങ്കിലും നിലവിലുള്ള

നിയമങ്ങളോ പട്ടികപ്രദേശത്തിന്റെ പുരോഗതിക്ക് അപകടകാരിയാകുമെന്ന് തോന്നിയാൽ ആ നിയമത്തെ ഭേദഗതിചെയ്യാനോ പിൻവലിക്കാനോ ഗവർണർക്ക് അധികാരംനൽകിയിരിക്കുന്നു. പട്ടികവർഗ്ഗ ഉപദേശകസമിതിയുടെ അനുവാദത്തോടെ പട്ടികമേഖലയിലെ ഭൂമികൈമാററം, പണം കടംകൊടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ നിയന്ത്രണമേർപ്പെടുത്താൻ ഗവർണർക്ക് കഴിയും.

# 3

ജനാധിപത്യം, സമത്വം, സാമൂഹിക നീതി എന്നീ കാര്യങ്ങളിൽ സ്വതന്ത്രഭാരതം പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നെങ്കിലും ഫലം നിരാശാജനകമായിരുന്നു. ഒന്നര നൂററാണ്ടോളം കൊളോണിയൽ അധികാരികൾക്കെതിരേ പോരാടിയവരാണ് ആദിവാസികൾ. ആദിവാസികളെ സംബന്ധിച്ച് വിമോചനം എന്നത് ബ്രിട്ടീഷ്ഭരണത്തിനുമുമ്പുള്ള വ്യവസ്ഥിതിയുടെ പുനഃസ്ഥാപനവും ഗോത്രാവകാശങ്ങളുടെ പുനഃസ്ഥാപനവുമായിരുന്നു. ഇന്ത്യൻ ഭരണഘടന ഗോത്രവർഗ്ഗങ്ങൾക്ക് ഒരു പ്രത്യേകസ്ഥാനം തന്നെ കൽപിച്ചുനൽകിയിരുന്നു. നൂറിലേറെ വകുപ്പുകൾ പ്രത്യക്ഷവും പരോക്ഷവുമായി ആദിവാസികളെ സംബന്ധിക്കുന്നതായിട്ടുണ്ട്, ഭരണഘടനയിൽ. രാഷ്ട്രീയ ഭരണനിർവ്വഹണത്തിന്റെ തലത്തിൽ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽനെഹ്റു 1950-ൽ ഗോത്രവർഗ്ഗ നയത്തെ സംബന്ധിച്ച പഞ്ചശീല തത്വങ്ങളും പ്രഖ്യാപിച്ചിരുന്നു.

1) ജനങ്ങൾ സ്വന്തം പ്രതിഭയ്ക്കനുസരിച്ചുവേണം വികസിക്കുവാൻ. ഭരണകൂടം അവരുടെമേൽ എന്തെങ്കിലും അടിച്ചേൽപ്പിക്കുന്നതിനുപകരം അവരുടെ പാരമ്പര്യകലകളെയും സംസ്കാരങ്ങളെയും പ്രോൽസാഹിപ്പിക്കണം.

2) ഭൂമിയിലും വനങ്ങളിലും ഗോത്രജനങ്ങൾക്കുള്ള അവകാശങ്ങൾ ആദരിക്കപ്പെടണം.

3) വികസനത്തെയും ഭരണത്തെയും സംബന്ധിച്ച കാര്യങ്ങളിൽ ഭരണകൂടം ജനങ്ങളെ പരിശീലിപ്പിക്കണം.

4) ഭരണകൂടം ആദിവാസിപ്രദേശങ്ങളെ അമിതമായ ഭരണതന്ത്രങ്ങൾക്ക് വിധേയമാക്കരുത്. പരിമിതികളുടെ ബാഹുല്യം കൊണ്ടവരെ വീർപ്പുമുട്ടിക്കരുത്. അവരുടെ സാമൂഹ്യ-സാംസ്കാരിക സ്ഥാപനങ്ങൾക്ക് എതിരായിട്ടല്ല, അവയിലൂടെയാണ് സർക്കാർ പ്രവർത്തിക്കേണ്ടത്.

5) സർക്കാർ അതിന്റെ പരിപാടികളുടെ വിജയം വിലയിരുത്തേണ്ടത് സ്ഥിതിവിവരക്കണക്കുകളുടെയോ ചെലവാക്കിയ

പണത്തിൻെറയോ തോതുവച്ചല്ല. അതിലൂടെ രൂപപ്പെടുത്തുന്ന മനുഷ്യജീവിതത്തിൻെറ മേൻമയുടെ അടിസ്ഥാനത്തിലാണ്.

എന്നാൽ ഇതെല്ലാം കഴമ്പില്ലാത്ത മുദ്രാവാക്യങ്ങളായി അവശേഷിച്ചതേയുള്ളൂ. വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം കൂടിക്കൊണ്ടേയിരുന്നു. ജനവിരുദ്ധ നിയമങ്ങൾ പെരുകുകയും ഭരണം അതിൻെറ കാമ്പിലും കർമ്മത്തിലും ആദിവാസികൾക്കെതിരായിക്കൊണ്ടിരിക്കുകയും ചെയ്തു. തങ്ങളുടെ അതിപ്രാചീന പാരമ്പര്യങ്ങൾ പിൻതുടർന്നവരെയെല്ലാം നിയമം കുററവാളികളായി കരുതി. ശുദ്ധഗതിക്കാരായ ആദിവാസികൾക്ക് പുതിയ സർക്കാരിനെ തിരിച്ചറിയാനായില്ല. പുതിയ ഭരണക്കാർ ബ്രിട്ടീഷുകാരിൽനിന്നും വ്യത്യസ്തരായിരുന്നില്ല. എല്ലാം അവരുടെ സ്വന്തമായിത്തീർന്നു. ആദിവാസികൾക്ക് അവകാശപ്പെട്ടതെല്ലാം കൊള്ളയടിക്കപ്പെട്ടു. എല്ലാത്തിനും പുറംലോകത്തെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷത്തിലേക്കവർ തള്ളിമാററപ്പെട്ടു. ഇതൊക്കെയാണ് പുതിയ ക്ഷേമരാഷ്ട്രത്തിൻെറ നേട്ടങ്ങൾ.

പട്ടികവർഗ്ഗ പ്രശ്നങ്ങളെക്കുറിച്ചുള്ള കമ്മീഷൻ, പട്ടിക പ്രദേശങ്ങളെയും പട്ടികവർഗ്ഗങ്ങളെയും സംബന്ധിച്ച കമ്മീഷൻ, ഷൈല ആവോ കമ്മീഷൻ, ദേവ കമ്മീഷൻ തുടങ്ങിയവരുടെയെല്ലാം റിപ്പോർട്ടുകൾ ഒരു കാര്യം വ്യക്തമാക്കുന്നു. ആദിമ കമ്മ്യൂണിസം എന്ന് വിളിക്കാവുന്നതരം ഒരു സാമൂഹ്യജീവിതത്തിൻെറ സമ്പന്നമായ പാരമ്പര്യമുള്ളവരാണ് ഗോത്രജനങ്ങൾ. അവരുടെ ഗോത്രസംസ്കാരങ്ങൾ ജീർണ്ണിച്ചുകൊണ്ടേയിരിക്കുന്നു. സർക്കാർവക പഞ്ചായത്തുകൾ പരമ്പരാഗത സഭകളെ മറികടക്കുകയോ അടിച്ചമർത്തുകയോ ചെയ്യുന്നു. പരമ്പരാഗത നേതൃത്വത്തെയും സ്ഥാപനങ്ങളെയും അവതാളത്തിലാക്കുന്നു.

സ്വതന്ത്രഭാരതത്തിൻെറ ഭരണഘടനയും നെഹ്രുവിൻെറ പഞ്ചശീലതത്വങ്ങളും ആദിവാസികളുടെ സ്വത്വപരമായ നിലനിൽപും വികാസവും ഉദ്ഘോഷിക്കുന്നുണ്ടെങ്കിലും യാഥാർത്ഥ്യം വളരെ അകലെയാണെന്നതാണ് വസ്തുത. ദശാബ്ദങ്ങളായി തുടരുന്ന പോരാട്ടം ആദിവാസിജനവിഭാഗത്തിന് തുടരേണ്ടിവരുമ്പോഴും ഭരണകൂടം അതിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങളിൽനിന്നും ഘട്ടംഘട്ടമായി പുറകോട്ടുപോയതായാണ് കാണാൻകഴിയുന്നത്.

## 4

വികസനത്തിൻെറപേരിൽ ആദിവാസിഗോത്രഭാഷയും സംസ്കാരവും സ്വത്വവും ബലികഴിക്കപ്പെട്ടതാണ് സ്വതന്ത്രഭാരതത്തിൻെറ ചിത്രം. 'മുഖ്യധാര'യിൽ അണിചേരാൻ ഗോത്രജനത

യോട് നിഷ്കരുണം ആവശ്യപ്പെടുന്നതാണ് സ്വാതന്ത്ര്യാനന്തര വികസന സമീപനം. ഗോത്രജനതയ്ക്ക് അവശേഷിച്ചതെല്ലാം പിടിച്ചുപറിക്കാൻ വികസനം ന്യായംകണ്ടെത്തുന്നു. വികസനം ഗോത്രജനതയെ പ്രകൃതിയിൽനിന്നും സ്വന്തം മണ്ണിൽനിന്നും പിഴുതെറിയുകയും ജനിച്ച മണ്ണിൽ അഭയാർത്ഥികളാക്കുകയും ചെയ്തു. ഭരണഘടനാ വകുപ്പുകളും പഞ്ചശീലതത്വങ്ങളും അവരെ കേവലം മൃതാവസ്ഥയിലെത്തിച്ചു.

ബ്രിട്ടീഷ് സർക്കാർ 1874ൽ ഗോത്രവർഗ്ഗ പ്രദേശങ്ങൾ വേർതിരിച്ചപ്പോൾ ഗോത്രവർഗ്ഗത്തിൽപെട്ടവർക്ക് ഭൂരിപക്ഷമുള്ള പല പ്രദേശങ്ങളും പട്ടികയിൽപെടുത്താൻ വിട്ടുപോയിരുന്നു. സ്വാതന്ത്ര്യാനന്തര കാലവും ഇതേ അവസ്ഥ തുടർന്നു. ഈ പരിമിതി പരിഹരിക്കുന്നതിന് ഇന്ത്യൻ പ്രസിഡൻറ് പട്ടികപ്രദേശങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് 1976ൽ ലോക്സഭയിൽ ഭരണഘടനയുടെ V-ാം ഷെഡ്യൂൾ ഭേദഗതി ചെയ്യുകയുണ്ടായി. ഇതുപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളുണ്ടെങ്കിൽ അവ കണ്ടുപിടിച്ച് പട്ടികയിൽ ചേർക്കണമെന്ന് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രസർക്കാർ നിർദ്ദേശം നൽകി. 1976 മുതൽ മധ്യപ്രദേശ്, ബീഹാർ, ഒറീസ, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര, ഹിമാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളെ ആദ്യപടിയായി പട്ടികമേഖലയിൽ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ ചില സംസ്ഥാനങ്ങൾ കേന്ദ്രനിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാതിരുന്നതിനാൽ ഇന്നും പല പ്രദേശങ്ങളും ഈ പ്രത്യേക പട്ടികയുടെ പരിധിയിൽ വന്നിട്ടില്ല. കേരളം, കർണ്ണാടക, തമിഴ്നാട്, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ വളരെയേറെ ആദിവാസികൾ ഉണ്ടെങ്കിലും ഈ വിഷയം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടുപോലുമില്ല.

## 5

കാര്യക്ഷമമായ സംരക്ഷണവ്യവസ്ഥകളുടെ അഭാവത്തിൽ എല്ലാത്തരം വികസനപ്രവർത്തനങ്ങളും ആദിവാസിമേഖലകളിൽ കൊളോണിയൽ ചുവടുറപ്പിക്കലിൻെറ ഉപകരണങ്ങൾ മാത്രമായാണ് മാറിയത്. കൊളോണിയൽ പിൻതുടർച്ചയുള്ള വികസന സങ്കൽപങ്ങൾ ഗോത്രസമൂഹത്തിൻെറ ഭാഷയുടെയും സംസ്കാരത്തിൻെറയും ചരിത്രത്തിൻെറയും സ്വത്വത്തിൻെറയും ആത്മീയതയുടെയും നാശത്തിലാണെത്തിച്ചിരിക്കുന്നത്.

വിവിധ സംസ്ഥാനങ്ങളിൽ, വ്യതിരിക്തമായ ആദിവാസി ഗോത്രവിഭാഗങ്ങളുണ്ടെങ്കിൽ വ്യത്യസ്തങ്ങളായ സാമൂഹിക, സാംസ്കാരിക, സാമ്പത്തികാവശ്യങ്ങൾക്ക് ചേരുംവിധം നിയമങ്ങളു

ണ്ടാക്കാനായി ഗവർണർമാർക്ക് നൽകപ്പെട്ട അധികാരങ്ങൾക്ക് അയവുവരുത്താനും അനുയോജ്യമായി മാററാനും V-ാം പട്ടികയിൽ വകുപ്പുകളുണ്ട്. ഇതു പ്രകാരം ഗവർണ്ണർമാർക്ക് വനം, എക്സൈസ്, ഖനി മുതലായ പ്രധാന വകുപ്പുകളിലെ നിയമങ്ങളിൽ ആവശ്യമായ മാററങ്ങൾ വരുത്തി പട്ടികമേഖലകളിൽ നടപ്പിലാക്കുവാൻ കഴിയും. പട്ടികമേഖലയിൽ താമസിക്കുന്ന ഗോത്രജനവിഭാഗങ്ങൾക്ക് അവിടെ തുടർന്നും താമസിച്ച് കൃഷിചെയ്യാനും ചെറിയ രീതിയിലുള്ള വനവിഭവങ്ങൾ ശേഖരിക്കാനും നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന രീതിയിൽ വനനിയമങ്ങൾ ഭേദഗതിചെയ്യാനും പുറമേനിന്ന് പട്ടികമേഖലയിൽ മദ്യവിൽപന നടത്തുന്നത് തടയാനും മതാചാരങ്ങൾക്കായി സ്വന്തം മദ്യമുണ്ടാക്കാൻ പ്രാദേശീയരെ അനുവദിക്കാനും കൈവശമുള്ള ഭൂമി മററുള്ളവർ കൈക്കലാക്കുന്നത് തടയാനും, ഭക്ഷണാവശ്യങ്ങൾക്കായി വന്യജീവിനിയമം ഭേദഗതി ചെയ്യാനും ഗവർണർമാർക്ക് അധികാരങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഇതൊരിക്കലും ഉപയോഗിക്കപ്പെട്ടിട്ടില്ല. മറിച്ച് പൊതുനിയമങ്ങളും വികസനപദ്ധതികളും നേരിട്ട് ഗോത്രജനവിഭാഗങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയും ഗോത്രജനങ്ങളെ അവർ ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന വിഭവമേഖലകളിൽനിന്നും പുറത്താക്കുകയുമാണ് ഉണ്ടായത്.

അഖിലേന്ത്യാതലത്തിൽ ആകെയുള്ള വനമേഖല 765.21 സ്ക്വയർ കിലോമീററർ ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 71 ശതമാനവും ആദിവാസിമേഖലയാണ്. ഇതിൽ നല്ലൊരു ഭാഗവും നിയമനിർമ്മാണത്തിലൂടെ റിസർവ്വ് ഫോറസ്ററുകളായി സംരക്ഷിച്ചിരിക്കയാണ്. 23 ശതമാനം വൈൽഡ് ലൈഫ് സാംക്ചറികളും നാഷണൽ പാർക്കുകളുമായി സംരക്ഷിച്ചുപോരുന്നു. ഇതിൻെറ ഫലമായി അര ദശലക്ഷത്തോളം ആദിവാസികൾ സ്വന്തം ജീവിത പരിസരത്തുനിന്നും പറിച്ചെറിയപ്പെട്ടിട്ടുണ്ട്.

1864ലെയും 1927ലേയും ഫോറസ്ററ് നിയമത്തിൻെറ പശ്ചാത്തലത്തിൽ ഗോത്രജനതയുടെ അവകാശം ഭരണകൂടത്തിൻെറ കാരുണ്യത്തിലായി. ബ്രിട്ടീഷ്വിരുദ്ധസമരത്തിൽ ആദിവാസിഗോത്രജനത നടത്തിയ ധീരോദാത്തമായ ചെറുത്തുനിൽപിന് കിട്ടിയ ഉപഹാരം ഇതായിരുന്നു. 1952ലെ ഫോറസ്ററ് നയവും 1972ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ററും 1980ലെ ഫോറസ്ററ് കൺസർവേഷൻ ആക്ററും സ്വാതന്ത്ര്യാനന്തരകാലത്ത് ആദിവാസി ഗോത്രജനതയെ അഭയാർത്ഥികളാക്കുന്നതിന് ആക്കം കൂട്ടി. ആഗോളവൽക്കരണത്തിൻെറ പശ്ചാത്തലത്തിൽ ലാൻറ് അക്വിസിഷൻ ആക്ററും അഞ്ചാം ഷെഡ്യൂളും ഭേദഗതിചെയ്യാനുള്ള നീക്കത്തിൽനിന്നും ആദിവാസി ഗോത്രജനതയെ വനമേഖലയിൽനിന്ന് പൂർണ്ണമായും പിഴുതെറിയാനുള്ള അണിയറ നീക്കങ്ങൾ ശക്തമാണെന്ന് വ്യക്തമാവുന്നു.

വനമേഖലയുമായി ബന്ധപ്പെട്ട അപൂർവ്വം ആദിവാസികളൊഴികെ ബഹുഭൂരിപക്ഷവും ഗോത്രജീവിതപരിസരത്തുനിന്നും പുറത്താക്കപ്പെട്ടിരിക്കുന്നു. 1991ലെ സെൻസസ് അനുസരിച്ച് അഖിലേന്ത്യാതലത്തിലുള്ള ആദിവാസി വിഭാഗങ്ങളിൽ 50 ശതമാനത്തിലേറെപേരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. വികസനത്തിന്റെ ഉത്തമമാതൃകയായി ലോകമെമ്പാടും ഉയർത്തിക്കാട്ടപ്പെടുന്ന കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 65 ശതമാനമാണ്. സമീപകാലത്ത്, 2001 ജൂലായ് മാസത്തിനുശേഷം മാത്രം 33 പേർ പട്ടിണികൊണ്ട് മരിക്കുകയും ചെയ്തു. അഖിലേന്ത്യാതലത്തിൽ, പൊതുസമൂഹവുമായി താരതമ്യംചെയ്യുമ്പോൾ നിരക്ഷരരുടെ എണ്ണം 85 ശതമാനം വരും. പരമ്പരാഗതമായ ഭക്ഷ്യസാധ്യത നശിപ്പിക്കപ്പെട്ടതിനാൽ 1990കളിൽ ആയിരക്കണക്കിന് ഖോർക്കു ആദിവാസിക്കുട്ടികൾ മഹാരാഷ്ട്രയിൽ മരണപ്പെട്ടു. ഒറീസ്സയിലും പട്ടിണിമരണം വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഗോത്രജീവിതത്തിന്റെ സ്വാഭാവിക പരിസരത്തുനിന്നും പിഴുതെറിയപ്പെടുന്ന ഒരു ജനതയുടെ സ്വാഭാവിക ഗതിയാണ് നാം ഇങ്ങനെ കണ്ടുകൊണ്ടിരിക്കുന്നത്.

1894ലെ ലാൻറ് അക്വിസിഷൻ നിയമത്തിന്റെ തുടർച്ചയെന്ന നിലയിൽ സ്വതന്ത്രഭാരതസർക്കാരും ആദിവാസിഗോത്രജനതയുടെ ഭൂമിയും സംസ്കാരവും കയ്യേററംചെയ്ത് കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. ഏറെക്കുറെ എല്ലാ ഗോത്രവർഗ്ഗ പ്രദേശങ്ങളും ഭരണകൂടം പിടിച്ചെടുത്തുകഴിഞ്ഞു. വികസനപദ്ധതികൾക്കുവേണ്ടിയെന്ന പേരിൽമാത്രം ദശലക്ഷം ഗോത്രജനത കുടിയിറക്കപ്പെട്ടു. ഇവയിലേറെയും ഡാമുകൾ, ഖനനം, വ്യവസായം, റോഡുകൾ, സംരക്ഷിത മേഖലകൾ തുടങ്ങിയവയ്ക്കുവേണ്ടിയാണ്.

ഇന്ത്യയിലെ 3000ത്തോളം വരുന്ന ഡാമുകളും ആദിവാസി ഭൂപ്രദേശങ്ങളിലാണ്. ആദിവാസികളുടെ ജീവിതാവശ്യത്തിന് ഇതിന്റെ ഗുണഫലങ്ങളൊരിക്കലും എത്തിക്കാറില്ല. 52-ഓളം വരുന്ന ധാതു-എണ്ണ ഖനികളിൽ 45 എണ്ണവും ആദിവാസി മേഖലകളിലാണ് പ്രവർത്തിക്കുന്നത്. ഖനനവുമായി ബന്ധപ്പെട്ട സർക്കാർ വരുമാനത്തിന്റെ പകുതിയിലേറെയും ഈ മേഖലകളിൽനിന്നാണ്. പ്രവർത്തനക്ഷമമായി തുടരുന്ന 4,175-ഓളം വരുന്ന ഖനികളിൽ 3500 എണ്ണവും ആദിവാസി മേഖലകളിലാണ്. ഇതുവഴി ബ്രിട്ടീഷ് ആധിപത്യകാലത്ത് (1869-70) 5.6 ദശലക്ഷം രൂപയുടെ വരുമാനമുണ്ടായിരുന്ന സ്ഥാനത്ത് 13 ബില്യൻ രൂപയുടെ വരുമാനമാണ് ഇപ്പോൾ സർക്കാരിനുള്ളത്.

ഖജനാവിലെ സമ്പത്തിന്റെ മൃഗീയഭൂരിപക്ഷവും ആദിവാസികളുടെ മണ്ണും സമ്പത്തും സംസ്കാരവും കവർന്നെടുത്താണ് സർക്കാർ സ്വന്തമാക്കിക്കൊണ്ടിരിക്കുന്നത്. മറുവശത്ത് ജനിച്ച മണ്ണിൽ ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടുകൊണ്ട് ഗോത്രജനത അഭയാർത്ഥികളാക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

'മുഖ്യധാരാ വികസനം' ഗോത്രജനതയുടെ വംശത്തെ നാശോൻമുഖമാക്കിക്കഴിഞ്ഞു. ഝാർഖണ്ഡിലെ സമ്പന്നമായ ധാതുനിക്ഷേപപ്രദേശത്തെ ആദിവാസിജനസംഖ്യ 60 ശതമാനത്തിൽനിന്ന് (1971) രണ്ടുദശാബ്ദം കഴിഞ്ഞപ്പോൾ 27 ശതമാനമായി കുറഞ്ഞിരിക്കുന്നു. സ്വന്തം ജീവിതപരിസരത്തുനിന്നും അഭയാർത്ഥികളാക്കപ്പെട്ട അവർ നഗരത്തിൽ ജീവിതം തെരയുകയാണ്. ഡൽഹിനഗരത്തിൽമാത്രം 40,000 വീട്ടുവേലക്കാരായ ആദിവാസി സ്ത്രീകളുണ്ടത്രേ! വംശഹത്യയെ നേരിടുമ്പോഴും, സംവരണം പോലുള്ള അവകാശം തട്ടിയെടുക്കാൻ പട്ടികവർഗ്ഗലിസ്ററിൽ തിരുകിക്കയററിയ 'ആദിവാസികൾ' നിരവധിയാണ്. അടിമവേല നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും രാജ്യത്തിൻെറ നിരവധി മേഖലകളിൽ അടിമസമ്പ്രദായം തുടരുന്നു.

രാജ്യത്തിൻെറ വൈവിധ്യമുള്ള ജൈവസമ്പത്തിൻെറ 90 ശതമാനം സംരക്ഷിച്ചുപോന്നിരുന്നത് ഗോത്രജനതയാണ്. അസംഖ്യം കരകൗശല സൃഷ്ടികളുടെ ഉടമകളും പ്രകൃതിയിലെ എണ്ണമററ ജീവസമ്പത്തുകളെ തിരിച്ചറിയാനും സംരക്ഷിക്കാനും ശേഷിയുള്ള ഗോത്രവൈദഗ്ദ്ധ്യമുള്ളവരുമായ ഒരു സമൂഹം ഇന്ന് 'നിരക്ഷര'രും 'അപരിഷ്കൃത'രും 'അവിദഗ്ദ്ധ'രും എന്ന് മുദ്രകുത്തപ്പെട്ടിരിക്കുന്നു.

ആഭ്യന്തരമായ അധിനിവേശത്തിൻെറ തികച്ചും പ്രാകൃതമായ ഈ മുഖം എല്ലാ അധിനിവേശശക്തികളും പ്രകടമാക്കിയിട്ടുള്ളതാണ്. ആർത്തിയും അധികാരവും ജീവിതമായി സ്വീകരിക്കുന്ന നാഗരികൻ അപരനെ പൂർണ്ണമായും തുടച്ചുനീക്കും. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ, ഗോത്രജനതയ്ക്കുമേൽ നിതാന്തമായ വംശീയാധിപത്യം തുടരുന്നതിനുപിന്നിൽ ജാതിജഡിലമായ ബ്രാഹ്മണ്യാധിപത്യവും അത് എക്കാലവും സംരക്ഷിച്ചുകൊണ്ടിരുന്ന വൈദേശിക താൽപര്യവുമാണെന്നുകാണാം. തികച്ചും വൈദേശികമായ ഈ സാംസ്കാരിക കൂട്ടായ്മയ്ക്കുമുമ്പിൽ ഗോത്ര ജനതയ്ക്ക് അതിൻെറ മണ്ണും സംസ്കാരവും അൽപമാത്രമായേ പിടിച്ചുനിർത്താനായിട്ടുള്ളൂ.

ഗോത്രജനതയുടെ ഭൂമി അന്യാധീനപ്പെടാതിരിക്കാൻ അസംഖ്യം നിയമങ്ങൾ ഇന്ത്യയിലുണ്ടായിട്ടുണ്ട്. പക്ഷേ ഈ നിയമങ്ങൾ നടപ്പാക്കപ്പെടാറില്ല. ആന്ധ്രപ്രദേശിൽ 57,150 കേസുകളിലായി 2,45,581 ഏക്കർ ഭൂമി ആദിവാസികൾക്ക് തിരിച്ചുകിട്ടേണ്ടതായിരുന്നു. എന്നാൽ 28 ശതമാനം ഭൂമിമാത്രമേ തിരിച്ചെടുത്തു നൽകിയിട്ടുള്ളൂ. കേരളത്തിൽ 1975ലെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാനുള്ള നിയമം നടപ്പാക്കുന്നതിൻെറ ഭാഗമായി 8,754 അപേക്ഷകർക്കായി 10,000 ഹെക്ടർ ഭൂമി തിരിച്ചെടുത്തുകൊടുക്കേണ്ടതായിരുന്നു.

അസംഖ്യം കോർട്ടലക്ഷ്യക്കേസുകൾ നേരിട്ടിട്ടും കേരള സർക്കാർ അത് തിരിച്ചെടുത്തുനൽകിയിട്ടില്ല. ഇപ്പോൾ നിയമം റദ്ദാക്കാനുള്ള ശ്രമത്തിലുമാണ്.

ബഹുമുഖമായ അധിനിവേശപദ്ധതികളുടെ ഭാഗമായി ഇന്ന് ഭരണകൂടങ്ങൾ ആയുധത്തെക്കാളേറെ വിനിയോഗിക്കുന്നത് ഫണ്ടുകളാണ്. സർക്കാർ-സർക്കാരിതര ഏജൻസികളിലൂടെ ആദിവാസി അധിവാസമേഖലകളിലേക്ക് കോടികളൊഴുക്കിക്കൊണ്ട് ഗോത്രജനതയെ സ്വത്വവും മണ്ണും നഷ്ടപ്പെട്ട അഭയാർത്ഥികളാക്കിയിരിക്കുന്നു. 1950-കളിലെ വിവിധോദ്ദേശ ആദിവാസി വികസന പ്രോജക്ററുകളുടെ നടത്തിപ്പിനുശേഷം അഞ്ചാം പഞ്ചവൽസര പദ്ധതിയോടെ കേന്ദ്രസർക്കാർ ഈ മേഖലയുടെ വികസനഫലങ്ങളെക്കുറിച്ച് വിലയിരുത്തുകയുണ്ടായി. ആകെ മുടക്കിയ ബഡ്ജററ് വിഹിതത്തിൻെറ ഒരു ശതമാനംപോലും ഗോത്രജനതയുടെ ഉന്നമനത്തിന് ലഭ്യമാക്കിയിട്ടില്ല എന്നാണ് കേന്ദ്രസർക്കാർ വിലയിരുത്തിയത്. തുടർന്നാണ് ആദിവാസി ഉപപദ്ധതി ആരംഭിക്കുന്നത്. ഐ.ടി.ഡി.പികളും മോഡിഫൈഡ് ഏരിയ ഡവലപ്മെൻറ് അപ്രോച്ചും നടപ്പാക്കി.

ഗോത്രജനതയുടെ അസ്തിത്വത്തിൻെറ അടിവേര് പിഴുതുമാററിയതിനുശേഷം എന്തെല്ലാം 'വികസന' പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ അവയൊക്കെത്തന്നെ ഗോത്രവർഗ്ഗമേഖലയിലെ ജനജീവിതം കൂടുതൽ സങ്കീർണ്ണവും ഗുരുതരവുമാക്കിയിട്ടേയുള്ളൂ. ഏററവുമൊടുവിൽ അധികാരവികേന്ദ്രീകരണത്തിൻെറ പശ്ചാത്തലത്തിൽ, വികസനഫണ്ടിൻെറ വിനിയോഗം പ്രാദേശിക അധികാര ശക്തികൾക്കും സാമുദായിക ശക്തികൾക്കും അവരുടെ രാഷ്ട്രീയ സംഘടനകൾക്കും കൈമാറിയതോടെ ഗോത്രജനതയുടെ വംശീയമായ നിലനിൽപുതന്നെ ചോദ്യംചെയ്യപ്പെട്ടിരിക്കുകയാണ്. ഇത് ഗോത്രജനതയുടെ സുശക്തവും സംഘടിതവുമായ ചെറുത്തുനിൽപ് അനിവാര്യമാക്കിയിട്ടുണ്ട്. ഗോത്രജനതയുടെ സ്വത്വവും സംസ്കാരവും സംരക്ഷിക്കാനുള്ള ഈ മുന്നേററത്തിൽ ഒരു ജനതയുടെ ജീവിതവും സംസ്കാരവും നിലനിർത്താനുള്ള ജനാധിപത്യപരമായ അവകാശമാണ് ഉന്നയിക്കപ്പെടുന്നത്.

## 6

ലോകത്തെ ഏററവും വികസിത സമൂഹമാണ് കേരളമെന്ന ധാരണ പൊതുവിൽ സർക്കാരും പണ്ഡിതവൃത്തങ്ങളും പ്രചരിപ്പിക്കാറുണ്ട്. പാർലമെൻററി ബഹുകക്ഷി സമ്പ്രദായത്തിലൂടെ കമ്മ്യൂണിസ്ററുകളും സോഷ്യലിസ്ററുകളും ഭരണപങ്കാളികളായത്, ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത തുടങ്ങിയ സേവന മേഖല

കളിൽ പാശ്ചാത്യ രാജ്യങ്ങളെപോലും അമ്പരപ്പിക്കുന്ന വളർച്ച, പൗരബോധത്തിൻെറ കാര്യത്തിൽ ജാഗ്രതപാലിക്കുന്ന സമൂഹം തുടങ്ങിയ നിരവധി കാര്യങ്ങൾ പണ്ഡിതൻമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പക്ഷേ, വ്യതിരിക്തവും വൈവിധ്യപൂർണവുമായ ഗോത്രജനതയുടെ സവിശേഷമായ അവകാശങ്ങൾ അംഗീകരിക്കുന്നതിൽ പൗരസമൂഹം പരാജയപ്പെട്ടിരുന്നു. അനന്യമായൊരു സാമൂഹ്യ-രാഷ്ട്രീയ ക്രമത്തിനുള്ളിൽ കഴിഞ്ഞിരുന്ന ഗോത്രജനതയ്ക്ക് പാരമ്പര്യമായി നിലനിന്നിരുന്ന സാമൂഹ്യ-രാഷ്ട്രീയ സ്ഥാപനങ്ങൾ നിലനിർത്താനുള്ള അവകാശമുണ്ടെന്ന് പൗരസമൂഹം ഒട്ടും അംഗീകരിച്ചിരുന്നില്ല. സവിശേഷമായ സ്വത്വമുള്ള ഗോത്രജനതയ്ക്ക് അവരുടെ ജീവിതമെങ്ങിനെയായിരിക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശം അനുവദിച്ചുകൊടുത്തിരുന്നില്ല.

ഇടതു-വലതു ബൗദ്ധികവൃത്തങ്ങളും പൗരാവകാശവൃത്തങ്ങളുമെല്ലാം ഇക്കാര്യത്തിൽ ഒററക്കെട്ടാണ്. അതിനാൽ ആദിവാസി ഗോത്രജനതയുടെ സാമൂഹ്യാസ്തിത്വത്തിൻെറ വിഷയംവരുമ്പോൾ നിരവധി വാദങ്ങൾ ഇക്കൂട്ടർ ഉയർത്തുന്നതു കാണാം. ആദിവാസികൾക്ക് ഭൂമിനൽകിയാൽ അവർ നിലനിർത്തില്ല; ഗോത്രജനത ഒരിക്കലും നന്നാകില്ല; ആദിവാസികൾക്കെന്തിനാണ് 5 ഏക്കർ ഭൂമി; ഭൂമി നൽകിയാൽ അത് നഷ്ടപ്പെടാതിരിക്കാൻ സഹകരണസംഘമുണ്ടാക്കണം; ഭൂമി അന്യാധീനപ്പെടാതിരിക്കാൻ ഭൂമി സർക്കാർ കൈവശംവയ്ക്കണം തുടങ്ങി അസംഖ്യം രക്ഷകഭാവത്തിലുള്ള അഭിപ്രായങ്ങൾ ജനാധിപത്യവാദികളിൽനിന്നും സോഷ്യലിസ്ററുകളിൽനിന്നും ആദിവാസി-ദലിത് ബുദ്ധിജീവികളിൽനിന്നുപോലും ഉയർന്നുവരാറുണ്ട്.

സംഘടിത രാഷ്ട്രീയപ്രസ്ഥാനങ്ങളിലൂടെ പൗരസമൂഹത്തിൽ മേധാവിത്തം ചെലുത്തിയിട്ടുള്ള ഈ രക്ഷക ഭാവവും ഗോത്രജനതയെ 'മുഖ്യാധാര'യിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചിരുന്ന വികസന പദ്ധതികളുമാണ് കേരളത്തിലെ ആദിവാസി ഗോത്രജനതയെ ഇന്ന് സ്വന്തം മണ്ണിൽ അഭയാർത്ഥികളാക്കിയിട്ടുള്ളത്. ഈ രക്ഷകഭാവത്തിനും മുഖ്യധാരാവികസനസങ്കൽപങ്ങൾക്കും വൈദേശിക മേധാവിത്വമൂല്യങ്ങളുടെയും - ബ്രാഹ്മണ്യ സംസ്കാരത്തിൻെറയും കൊളോണിയൽ സംസ്കാരത്തിൻെറയും - താൽപര്യങ്ങളുടെയും ആഴത്തിലുള്ള വേരുകളുണ്ട്.

## 7

ഗോത്രസ്വയംഭരണത്തിൻെറ ശിഥിലീകരണത്തിൽ ഭിന്നമായ ചരിത്രഗതി പിൻതുടർന്ന പ്രദേശമാണ് കേരളം. എങ്കിലും ബ്രാഹ്മണ്യമൂല്യങ്ങൾ അടിത്തറയായി ഉദയംചെയ്ത പ്രാഗ്ഭരണകൂടങ്ങ

ളെല്ലാം കേരളീയ പരിസരത്ത് ഗോത്രസ്വയംഭരണത്തിന് ഭീഷണിയായിരുന്നു. ദീർഘമായ കീഴടക്കൽ യുദ്ധം നടത്തിയില്ലെങ്കിലും ജാതിജഡിലമായ ജൻമിത്വഘടനയിലേക്ക് അടിമകളും ദലിതരുമെന്ന നിലയ്ക്ക് ഉൾച്ചേർക്കപ്പെടുകയുണ്ടായി. അപ്പോഴും ഗോത്രസ്വയംഭരണത്തിൻെറ അനന്യമായ ജീവിതക്രമം തുടർന്ന ആദിവാസികൾക്ക് സ്വന്തം ജീവിതപരിസരം പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നില്ല. ജാതിജഡിലമായ അടിത്തറ മാത്രമുള്ള പ്രാഗ്ഭരണകൂടങ്ങൾക്കാകട്ടെ, കച്ചവടവും കയററുമതിയുംമാത്രമായിരുന്നു അതിജീവനത്തിനുള്ള സാധ്യത. വ്യാപാരകുത്തക - പ്രത്യേകിച്ചും വനവിഭവങ്ങളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും - നിലനിർത്തിക്കൊണ്ടാണ് ഇവ വികസ്വരമാകാൻ ശ്രമിച്ചത്.

വൈദേശികാധിപത്യത്തോടെ വ്യാപാരകുത്തകയ്ക്കും പ്രാദേശികാധിപത്യത്തിനുംവേണ്ടി ഇവ ചെറുത്തുനിന്നുനോക്കിയെങ്കിലും ഗോത്ര സ്വയംഭരണങ്ങൾക്കും ഗോത്രജനതയുടെ സ്വത്വത്തിനും സംസ്കാരത്തിനും ഭീഷണിയായി കൊളോണിയൽ മേധാവിത്വവും കൊള്ളയും സ്ഥാപിക്കപ്പെട്ടു. പ്രകൃതിയിലേക്കും വന്യജീവിതത്തിലേക്കും വനഭൂമിയിലേക്കുമുള്ള ആഴത്തിലുള്ള കടന്നുകയററത്തിന് ഇത് വേഗത കൂട്ടി. വനവും വനഭൂമിയും തോട്ടങ്ങൾക്കും എസ്റേററുകൾക്കും വഴിമാറി. അസംഖ്യം ഗോത്രക്കൂട്ടങ്ങൾ അടിമകളായി ശിഥിലീകരിക്കപ്പെടുകയോ ജാതിമൂല്യങ്ങളാൽ കീഴ്പെടുത്തപ്പെടുകയോ ചെയ്തു. ഗോത്രസ്വത്വത്തെ നിലനിർത്താൻ കഴിഞ്ഞവയ്ക്ക് ചെറുത്തുനിൽപ് നിഷ്ഫലമായി. മുഖ്യധാരാ വികസനം അടിമകളെ മോചിപ്പിച്ച് അദ്ധ്വാനകമ്പോളത്തിലെത്തിച്ചു.

നാഗരികതയുടെ അധികാരവും ആർത്തിയും ഗോത്രജനതയുടെ ജീവിതപരിസരത്തെ അക്ഷരാർത്ഥത്തിൽ പ്രാന്തവൽക്കരിച്ചു. അതിനാൽ കൊളോണിയൽ വിരുദ്ധ ഗോത്രജനത വലിയൊരളവുവരെ തമസ്കരിക്കപ്പെട്ടു. ചെറുത്തുനിൽപിൻെറ ചരിത്രവും തമസ്കരിക്കപ്പെട്ടു. ഈസ്ററിന്ത്യാകമ്പനിയുടെ ആയുധശക്തിക്കെതിരേ ചെറുത്തുനിന്ന പാരമ്പര്യം പണിയർക്കും കുറിച്യർക്കും മററു ഗോത്രങ്ങൾക്കുമുണ്ട്. അവയൊന്നും ഇപ്പോഴും ചരിത്രവിഷയമായിട്ടില്ല. കൊളോണിയൽവിരുദ്ധസമരത്തിൽ തീവ്രമായി മുന്നോട്ടുവന്ന ദലിതഗോത്രങ്ങളാകട്ടെ വഞ്ചിക്കപ്പെടുകയും ചെയ്തു. തികച്ചും വൈദേശികമായ ബ്രാഹ്മണ്യപരവും കൊളോണിയലുമായ മൂല്യവ്യവസ്ഥയിലധിഷ്ഠിതമായതുകൊണ്ട് കമ്മ്യൂണിസ്ററുകളും സോഷ്യലിസ്ററുകളുമുൾപ്പെടെയുള്ള രാഷ്ട്രീയശക്തികൾ അക്രമാസക്തമായ സംസ്കാരത്തിൻെറ പിൻമുറക്കാരായി.

കാർഷികപരിഷ്കരണങ്ങളെല്ലാം കൊളോണിയൽ അധിനിവേശത്തിന്റെ പര്യായംമാത്രമായി. പാരമ്പര്യമായ ജാതി-അടിമ ബന്ധങ്ങൾ പുനർനിർവചിച്ചു. സാമുദായികമായ ബഹുത്വം അംഗീകരിക്കപ്പെട്ടു. ബ്രാഹ്മണ്യവും കൊളോണിയലുമായ താൽപര്യങ്ങൾ ഭരണകൂടത്തിലൂടെ നിറവേററപ്പെട്ടു. ശക്തരായ സാമുദായിക-രാഷ്ട്രീയ വിഭാഗങ്ങളെ ഭരണകൂടത്തിന്റെ ഉപകരണങ്ങളാക്കി. സ്വതന്ത്രഭാരതത്തിൽ ഭരണകൂടനയങ്ങളിലൂടെയാണ് ഗോത്രസ്വയംഭരണം ശിഥിലമാക്കപ്പെട്ടത്. തോട്ടം സമ്പദ്വ്യവസ്ഥയെ പ്രോൽസാഹിപ്പിച്ചു; വൈദേശിക കുത്തകകൾക്കു പകരം വൻകിട മുതലാളിമാരും സർക്കാരും ഭൂവുടമകളായി കടന്നുവന്നു; വൻകിട ജൻമിമാർ തോട്ടമുടമകളായി; വനഭൂമി പകുതിയിലേറെയും വെട്ടിവെളുപ്പാക്കി; കൃഷിഭൂമിയിലേറെയും തോട്ടങ്ങളാക്കിമാററി.

കൊളോണിയൽ കൊള്ളയുടെ ഭീഷണമായ മുഖം നേരിൽ കാണുന്നവരാണ് ഇന്ന് ഗോത്രജനതയും ശരാശരി കേരളീയരും. പ്രാന്തവൽക്കരിക്കപ്പെട്ട ഗോത്രജനതയും കോളനികളിലേക്ക് അടിമകളായി ഒതുക്കപ്പെട്ട ദലിതഗോത്രങ്ങളും മാത്രമല്ല ആരോഗ്യവും വിദ്യാഭ്യാസവും കൊണ്ട് സ്വാശ്രയരായിക്കൊണ്ടിരിക്കുന്ന മുഴുവൻ പുത്തൻ സമ്പന്നവിഭാഗവും ഭീഷണമായ അവസ്ഥയെ നേരിടുന്നുണ്ട്. എങ്കിലും ചെറുത്തുനിൽപിലൂടെ സ്വത്വം സ്ഥാപിക്കാൻ ശ്രമിക്കുന്ന ഗോത്രജനതയുടെ ജനാധിപത്യപരമായ അവകാശത്തെപ്പററി അവർ സംശയാലുക്കളാണ്.

ആദിവാസികൾ ഒരുശതമാനംമാത്രമല്ലേ ഉള്ളൂ? ആദിവാസികൾക്ക് ഒരേക്കർ ഭൂമിപോരേ? ഭൂമിയില്ലാത്ത മററ് നിരവധി പേരില്ലേ ? ഗോത്രസ്വയം ഭരണം വിഘടനവാദമല്ലേ? തുടങ്ങിയ അസംഖ്യം ചോദ്യങ്ങളാണ് പൗരസമൂഹത്തിലേക്ക് അവർ വലിച്ചെറിയുന്നത്. അതുകൊണ്ട് കേരളത്തിലെ ആദിവാസി പ്രശ്നത്തെ കേവലം ഒരു നിയമപ്രശ്നമായി ചുരുക്കുകയും രാഷ്ട്രീയ സദാചാരം നഷ്ടപ്പെട്ട നിയമ-രാഷ്ട്രീയ പരിസരത്ത് പരിഹാരംതേടാൻ ശ്രമിക്കുകയുമാണ് ഇവർ ചെയ്യുന്നത്.

മുഖ്യധാരാ വികസനസങ്കൽപത്തിന്റെ സാംസ്കാരിക സ്വത്വം പേറുന്ന ഇവരെ കേരളത്തിലെ ബൗദ്ധികമണ്ഡലത്തിൽ എവിടെയും കാണാം. രാഷ്ട്രീയ പാർട്ടികളുടെയും ഭരണകർത്താക്കളുടെയും സാംസ്കാരിക പ്രവർത്തകരുടെയും ചരിത്രകാരൻമാരുടെയും പൗരാവകാശക്കാരുടെയും ദലിത് ബുദ്ധിജീവികളുടെയും സോഷ്യലിസ്ററുകളുടെയും നക്സലൈററുകളുടെയും രൂപത്തിൽ! ഇവർ ഗോത്രജനതയുടെ സ്വത്വസ്ഥാപനത്തിന് എതിരായി വരും. അത് സ്വാഭാവികവുമാണ്. പക്ഷേ, ഗോത്രജനതയ്ക്ക് തങ്ങളുടെ സ്വത്വസ്ഥാപനത്തിനായി ഇനിയും മുന്നോട്ടുപോയേ പററൂ; വൈദേ

ശികമായ എല്ലാ മൂല്യബോധത്തിനുമെതിരേ ഉയർത്തെഴുന്നേറ്റേ മതിയാകൂ.

## 8

1950കൾ മുതൽ നെഹ്റുവിൻെറ പഞ്ചശീലതത്വങ്ങളാലും ഭരണഘടനയിലെ സുവ്യക്തമായ വകുപ്പുകളാലും സംരക്ഷിതരാണ് ഗോത്രജനത എന്നാണ് സങ്കൽപം. പക്ഷേ, ജനാധിപത്യകേരളം ഇതുവരെ ഇത് കാര്യമായി പരിഗണിച്ചിട്ടില്ല. ഫലം വളരെ വ്യക്തമാണ്. 3.21 ലക്ഷത്തോളം വരുന്ന (1991 ലെ സെൻസസ്) ആദിവാസി ഗോത്രജനവിഭാഗങ്ങളിൽ 70 ശതമാനം കൃഷിഭൂമിയും തൊഴിലും നിഷേധിക്കപ്പെട്ടതിൻെറപേരിൽ, വനഭൂമിയിൽ നിന്ന് ആട്ടിയിറക്കപ്പെട്ടതിൻെറ പേരിൽ മരണത്തെ മുഖാമുഖം കാണുന്നവരാണ്.

മുപ്പതിനായിരത്തിലേറെപേർ സിക്കിൾസെൽ അനീമിയ രോഗത്തിന് അടിപ്പെട്ടിരിക്കുന്നു; സ്ത്രീകൾ ലൈംഗികമായി ചൂഷണംചെയ്യപ്പെടുന്നു; അവിവാഹിതരായ അമ്മമാരുടെ എണ്ണം പെരുകുന്നു; മദ്യമാഫിയയും കയ്യേററക്കാരും ദിനംപ്രതിയെന്നോണം അതിക്രമവും കൊലപാതകങ്ങളും തുടരുന്നു; പട്ടിണികൊണ്ടും തൊഴിലില്ലായ്മകൊണ്ടും കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു; ആദിവാസിക്കുട്ടികളുടെ സ്കൂളുകൾ അടച്ചുപൂട്ടുന്നു; വിൽപനച്ചരക്ക് എന്നവണ്ണം കുട്ടികളെ സ്വകാര്യ ഹോസ്ററൽ നടത്തിപ്പുകാർ കൊണ്ടുപോകുന്നു; ഉള്ള ഭൂമികൂടി തട്ടിയെടുത്തുകൊണ്ടിരിക്കുന്നു; സർക്കാർതന്നെ കൈയ്യേററക്കാരനാകുന്നു; ഫോറസ്ററ് ഉദ്യോഗസ്ഥർ ആക്രമണമഴിച്ചുവിടുന്നു.

ഈ മേഖലയ്ക്കുവേണ്ടി മാററിവെയ്ക്കപ്പെടുന്ന കോടികൾ കോൺട്രാക്ററർമാരും ഉദ്യോഗസ്ഥൻമാരും ജനകീയാസൂത്രണത്തിൻെറപേരിൽ പ്രാദേശിക രാഷ്ട്രീയക്കാരും തട്ടിയെടുക്കുകയാണ്. ഭരണഘടനാദത്തമായ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ടതിൻെറപേരിൽ ഒരു ഗോത്രജനവിഭാഗം എങ്ങനെ സ്വന്തം മണ്ണിൽ അഭയാർത്ഥികളാക്കപ്പെട്ടു എന്നതാണ് നാം കാണുന്നത്.

സുദീർഘമായ നിയമയുദ്ധത്തിലൂടെ ഗോത്രസ്വത്വത്തെ ശിഥിലീകരിക്കാൻ ശ്രമിച്ച ഭരണാധികാരികളും രാഷ്ട്രീയ പാർട്ടികളുമുള്ള മറേറതെങ്കിലും സംസ്ഥാനം ഇന്ത്യയിലുണ്ടോ എന്ന് സംശയമാണ്. നാട്ടുരാജ്യങ്ങളിൽ നിലനിന്നിരുന്ന നിയമപരിരക്ഷകൾ പോലും പിന്നീട് റദ്ദാക്കപ്പെട്ടു. അഖിലേന്ത്യാതലത്തിലുള്ള ആദിവാസികളുടെ ഉണർവ്വും മററു സാഹചര്യങ്ങളും പരിഗണിച്ച് 1960ൽ കേന്ദ്രസർക്കാർ ധേബർ കമ്മീഷനെ ചില പ്രത്യേക കാര്യങ്ങൾക്കായി ചുമതലപ്പെടുത്തുകയുണ്ടായി. 1950കൾ മുതൽ അന്യാധീനപ്പെട്ട ആദിവാസിഭൂമി തിരിച്ചെടുക്കാൻ ധേബർ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. കേരളത്തിലെ പട്ടികവർഗ്ഗ അധിവാസ

മേഖലകൾ ഷെഡ്യൂൾഡ് ഏരിയയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ആർ. ശങ്കർ മന്ത്രിസഭ ധേബർ കമ്മീഷൻമുമ്പാകെ അവതരിപ്പിക്കുകയുമുണ്ടായി.

ധേബർ കമ്മീഷൻെറ നിർദ്ദേശങ്ങളനുസരിച്ച് 1975 ഏപ്രിൽ 1 ന് മുഖ്യമന്ത്രി അച്ചുതമേനോൻെറ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന മന്ത്രിമാരുടെ യോഗം ചേരുകയും 1975ലെ 31-ാം നമ്പർ നിയമമായി കേരള പട്ടികവർഗ്ഗ (ഭൂമി കൈമാററനിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും) നിയമം പാസ്സാക്കുകയും ചെയ്തു. 1975ലെ നവമ്പർ മാസത്തെ കേരളഗസററ് നമ്പർ 673ൽ ഇത് പ്രസിദ്ധീകരിച്ചു. കൂടാതെ ഈ നിയമം കോടതിയിൽ ചോദ്യംചെയ്യാൻ കഴിയാത്തവിധം 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തു. എന്നിരുന്നാലും ഈ നിയമത്തെ സംബന്ധിച്ച റൂളുകൾക്ക് പത്ത് വർഷത്തിനുശേഷം 1986ൽ മാത്രമേ രൂപംനൽകിയുള്ളൂ; 1982 ജനുവരി മാസം 1-ാം തീയതി മുതലേ ഇതിന് മുൻകാലപ്രാബല്യം നൽകിയിരുന്നുള്ളൂ. ഈ നിയമമനുസരിച്ച് 1960മുതൽ 1982വരെ നടന്ന എല്ലാ ആദിവാസി ഭൂമികൈമാററവും അസാധുവാക്കപ്പെടുകയും ആദിവാസികളല്ലാത്തവർ കൈക്കലാക്കിയ ഭൂമി തിരിച്ചു നൽകുകയും വേണമായിരുന്നു. 8,553 അപേക്ഷകളിലായി 10,177 ഹെക്ടർ ഭൂമി തിരിച്ചുകിട്ടാൻ തർക്കമുള്ളതായാണ് കണക്കാക്കപ്പെട്ടത്. പിന്നീട് അപേക്ഷകളുടെ എണ്ണം 8,879 ആയി ഉയർന്നു. 3000ലധികം അപേക്ഷകൾ മതിയായ രേഖാമൂലമുള്ള തെളിവുകൾ ഇല്ലെന്നതിൻെറ പേരിൽ തിരസ്കരിക്കപ്പെട്ടു. അവശേഷിച്ചത് 4,524 അപേക്ഷകൾ മാത്രമാണ്. ഇതനുസരിച്ച് തിരിച്ചെടുക്കേണ്ടതാകട്ടെ 7,640 ഏക്കർ ഭൂമിയും. എന്നാൽ നിയമം നടപ്പാക്കി ഭൂമി തിരിച്ചെടുത്തുകൊടുക്കാനുള്ള യാതൊരു നടപടിയും കേരള സർക്കാർ ചെയ്തില്ല.

1988ൽ ഡോ. നല്ലതമ്പി തേര ഒരു പൊതുതാൽപര്യഹർജി ഫയൽചെയ്യുകയും 1993 ഒക്ടോബർ 15ന് കേരളഹൈക്കോടതി അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്തുകൊടുക്കാൻ ഉത്തരവിടുകയും ചെയ്തു. ആറുമാസത്തിനകം കേസുകൾക്ക് പരിഹാരമുണ്ടാക്കണമെന്നായിരുന്നു വിധി. എന്നാൽ ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കുന്നതിനുപകരം, 1996ൽ ആൻറണി സർക്കാർ ഒരു ഓർഡിനൻസ് ഇറക്കി 1975ലെ മൂലനിയമം റദ്ദാക്കാനുള്ള ശ്രമംനടത്തുകയാണ് ചെയ്തത്. എന്നാൽ ഭരണഘടനാവിരുദ്ധമാവും എന്നുകണ്ട് അന്നത്തെ കേരള ഗവർണർ ശിവ്ശങ്കർ അത് തിരിച്ചയച്ചു. തുടർന്ന് 1996ൽ അധികാരത്തിൽ വന്ന ഇടതുമുന്നണിസർക്കാർ വീണ്ടുമൊരു ഓർഡിനൻസ് കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ ഗവർണർ കുർഷിദ് അലം ഖാനും തിരിച്ചയച്ചു.

1996 സെപ്തംബർ 30നകം അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്തുകൊടുക്കണം എന്ന കോടതി ഉത്തരവ് നിലനിൽക്കുന്നു എന്നതിനാൽ ഇടതുപക്ഷ സർക്കാർ 'കേരള പട്ടിക വർഗ്ഗ (ഭൂമി കൈമാററ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും) ഭേദഗതി നിയമം, 1996' പാസ്സാക്കുകയും ആ നിയമം ഇന്ത്യൻ പ്രസിഡൻറ് കെ. ആർ നാരായണൻ തിരിച്ചയക്കുകയും ചെയ്തു. തുടർന്ന്, പ്രസിഡൻറിൻെറ പരിഗണനയ്ക്ക് അയയ്ക്കുന്നത് ഒഴിവാക്കിക്കൊണ്ട് ഇടതുപക്ഷസർക്കാർ 'കേരള ഭൂമി കൈമാററ നിയന്ത്രണവും അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചെടുക്കലും നിയമം, 1999' പാസ്സാക്കി. കെ. ആർ. ഗൗരിയമ്മയൊഴികെ മുഴുവൻ നിയമസഭാ സാമാജികരും ഇതിനനുകൂലമായി വോട്ടുചെയ്യുകയുണ്ടായി. 1975ലെ നിയമം അപ്പാടെ റദ്ദാക്കുന്ന ഒരു നിയമമായിരുന്നു അത്.

1975ലെ നിയമം അതേപോലെ നടപ്പാക്കുകയും അന്യാധീനപ്പെട്ട ആദിവാസിഭൂമി തിരിച്ചുനൽകുകയുംവേണമെന്ന ആവശ്യമുയർത്തിക്കൊണ്ട് ഒരു ദശാബ്ദക്കാലമായി ആദിവാസികൾ നടത്തിവരുന്ന പ്രക്ഷോഭത്തെ അവഗണിച്ചുകൊണ്ടാണ് ഈ നിയമയുദ്ധം മാറിമാറി വന്ന സർക്കാരുകൾ തുടർന്നത് എന്ന് മനസ്സിലാക്കണം. ഭരണഘടനാവിരുദ്ധമായ നിയമ നിർമ്മാണമെന്ന നിലയിൽ കേരള ഹൈക്കോടതി 1999-ലെ നിയമം റദ്ദാക്കുകയും കേരള സർക്കാർ കോർട്ടലക്ഷ്യം കാട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളസർക്കാർ സുപ്രീം കോടതിയെ സമീപിച്ചിരിക്കയാണ് (2001ലെ സിവിൽ അപ്പീൽ 104, 105; 2001ലെ സ്പെഷ്യൽ ലീവ് പെററീഷൻ 52).

ഭരണഘടനയുടെ 244-ാം വകുപ്പനുസരിച്ച് പട്ടികവർഗ്ഗപ്രദേശങ്ങൾ പ്രഖ്യാപിക്കാനുള്ള യാതൊരുനീക്കവും നടപ്പാക്കാത്ത ഒന്നാണ് കേരള സർക്കാർ. അതൊരിക്കലും ചർച്ച ചെയ്തിട്ടുപോലുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 244-ാം വകുപ്പനുസരിച്ച് നിലനിന്നിരുന്ന ഒരേയൊരു നിയമമാണ് 1975ലെ നിയമം. വർഷങ്ങളായി ആദിവാസിഗോത്രജനതയുടെ ഭൂമിയും സംസ്കാരവും കവർന്നെടുക്കാൻ കൂട്ടുനിന്നു എന്നു മാത്രമല്ല, അത് തിരിച്ചെടുക്കാനുള്ള ഒരേയൊരു സാധ്യതയും ഇല്ലായ്മ ചെയ്യുന്നതിനാണ് കേരളത്തിലെ നിയമ/ഭരണസ്ഥാപനങ്ങൾ ധൃതി കാണിക്കുന്നത്.

ഒരു ദുർബ്ബല വിഭാഗത്തിനനുകൂലമായി ഉണ്ടായിരുന്ന ഒരേയൊരു നിയമം റദ്ദാക്കാൻ ഇത്ര ദീർഘകാല കുരിശുയുദ്ധം നടത്തിയതിൻെറ ചരിത്രം മറേറതെങ്കിലും സംസ്ഥാനങ്ങൾക്കുണ്ടോ? തികച്ചും അക്രമാസക്തവും വൈദേശികവുമായ ഒരു സംസ്കാരത്തിൻെറ സംഘടിതമായ ആധിപത്യമാണ് ഇതുവരെ ഭരണസംവി

ധാനങ്ങളിലൂടെ നിക്ഷിപ്ത താൽപര്യക്കാർ നടപ്പാക്കിയത്. 3.21 ലക്ഷം വരുന്ന ആദിവാസികളിൽ 45,000ത്തോളം വരുന്ന കുടുംബങ്ങൾ മണ്ണിൽനിന്നും പിഴുതെറിയപ്പെട്ടതും ഈ സമീപനംകൊണ്ടു തന്നെ.

# 9

എല്ലാ പൗരനും ജീവിക്കാനുള്ള അവകാശം ഭരണഘടന ഉദ്ഘോഷിക്കുന്നുണ്ട്. ഭരണഘടന ഉണ്ടാകുന്നതിന് എത്രയോ മുൻപു തന്നെ യാതൊരു അവകാശനിഷേധവുമില്ലാതെ ജീവിച്ചവരാണ് ആദിവാസിഗോത്രജനത. ജീവിക്കാനുള്ള അവകാശം ഉറപ്പുവരുത്താനുള്ള ബാധ്യത ഭരണകൂടത്തിനായിരുന്നു. എന്നാൽ ആ ബാധ്യത നിറവേററാൻ കൂട്ടാക്കാതിരിക്കുകയും നിയമവും ഭരണഘടനാതത്വവും ഭരണകൂടംതന്നെ തുറന്നരീതിയിൽ ലംഘിക്കുകയും ചെയ്തുകൊണ്ടേയിരുന്നതിനാലാണ് മററു മാർഗ്ഗങ്ങളില്ലാതെ നൂറുകണക്കിന് ആദിവാസികൾ സെക്രട്ടേറിയററിനുമുന്നിലും മുഖ്യമന്ത്രിയുടെ വസതിക്കുമുന്നിലും അഭയാർത്ഥിക്യാമ്പുകൾ തുറന്നത്.

കേരളത്തിൻെറ രാഷ്ട്രീയ സമൂഹത്തിന് നഷ്ടപ്പെട്ട ധാർമ്മികതയും നൈതികതയും തിരിച്ചുകൊണ്ടുവരാനുള്ള വിധിയെഴുത്തിനായാണ് അഭയാർത്ഥികളാക്കപ്പെട്ടവർ ചെന്നത്. കേരളത്തിലെ 35-ഓളം വരുന്ന ആദിവാസിഗോത്രജനതയുടെ പ്രാതിനിധ്യമുള്ള എല്ലാ വിഭാഗങ്ങളും അഭയാർത്ഥിക്യാമ്പിലേക്ക് ഒഴുകിയെത്തി. വൈദേശികമൂല്യങ്ങളാൽ പുഴുക്കുത്തേററ കേരളത്തിൻെറ സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലേക്ക് അഭയാർത്ഥികൾ നടന്നുചെല്ലുകയായിരുന്നു. അവർ ആയുധമെടുത്തോ ശക്തിയുപയോഗിച്ചോ സമരംചെയ്തില്ല. വെള്ളപൂശിയ ഭരണാസിരാകേന്ദ്രത്തിനുമുന്നിൽ അഭയാർത്ഥികളുടെ സാന്നിധ്യവും ആട്ടവും പാട്ടും നൃത്തവും വാക്കുകളും വായ്ത്താരിയുമെല്ലാം ജീർണ്ണിച്ച ഒരു സാംസ്കാരികലോകത്തിൻെറ മൂല്യബോധത്തിനെതിരേയുള്ള കടന്നാക്രമണമായി.

നൻമ നഷ്ടപ്പെട്ടിട്ടില്ലാത്ത ഏവരേയും സ്വാഗതംചെയ്യുന്ന ഒന്നാണല്ലോ ഗോത്രജനതയുടെ സംസ്കാരം. ഇത് ശത്രുവാര്, മിത്രമാര് എന്ന് തീരുമാനിക്കാനുള്ള സമരവുമായിരുന്നില്ല. വൈദേശികവും മനുഷ്യന് അന്യവുമായ മൂല്യം കയ്യൊഴിയാൻ സന്നദ്ധതകാണിക്കുന്ന ആർക്കും കടന്നുവരാൻകഴിയുന്ന ഒരു സമരവേദിയായിരുന്നു അത്. അത് സംഭവിക്കുകതന്നെചെയ്തു. അസംഖ്യം മനുഷ്യർ കടന്നുവന്നു. നൂററാണ്ടുകളുടെ രക്തപങ്കിലമായ ചരിത്രമുള്ള അധികാരിവർഗ്ഗം ചെറിയൊരു പ്രായശ്ചിത്തം ചെയ്യാനായി മുന്നോട്ടു വന്നു. ഗോത്രജനത ഉന്നയിച്ച ആവശ്യങ്ങളിലേറെയും അംഗീകരിച്ചു (അനുബന്ധം 2 കാണുക).

ആദിവാസി സമരസമിതിക്ക് സർക്കാർ നൽകിയ ഉറപ്പിൽ ഏററവും പ്രാധാന്യമർഹിക്കുന്നവ ഭൂരഹിതരായ മുഴുവൻ ആദിവാസികുടുംബങ്ങൾക്കും ഭൂമിയുടെ ലഭ്യതയനുസരിച്ച് 5 ഏക്കർ വരെ ഭൂമി നൽകൽ, ആദിവാസി വികസന ഫണ്ട് ത്രിതല പഞ്ചായത്തുകൾ ചെലവഴിക്കുന്ന സമ്പ്രദായം അവസാനിപ്പിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പാക്കൽ, ആദിവാസികളുടെ സമഗ്രവികസനത്തിനായി ഒരു മാസ്ററർപ്ലാൻ തയ്യാറാക്കൽ, നൽകുന്ന കൃഷിഭൂമിയിൽ സ്വയംപര്യാപ്തമാകുംവരെ സർക്കാർ സഹായംനൽകൽ, ഭൂമിനൽകിയാൽ അത് അന്യാധീനപ്പെടാതിരിക്കാൻ ആദിവാസി അധിവാസമേഖലകൾ പട്ടികവർഗ്ഗപ്രദേശമായി പ്രഖ്യാപിക്കാനുള്ള തീരുമാനമെടുക്കുകയും നിയമനിർമ്മാണം നടത്തുകയും ചെയ്യൽ തുടങ്ങിയവയാണ്.

നൂററാണ്ടുകളായി ചിതറിപ്പോയ കേരളത്തിലെ 35-ഓളം വരുന്ന ആദിവാസി ഗോത്രജനവിഭാഗങ്ങളുടെ സ്വത്വപരമായ നിലനിൽപ് ഒരു സംഘടിത പ്രക്ഷോഭത്തിലൂടെ അംഗീകരിപ്പിക്കാൻകഴിഞ്ഞു എന്നതാണ് സമരത്തിൻെറ ചരിത്രപരമായ പ്രാധാന്യം ചിതറിപ്പോയ മുഴുവൻ ദലിത് ഗോത്രങ്ങൾക്കും സ്വത്വബോധമാർജ്ജിക്കാനുള്ള മുന്നേററത്തിന് വഴികാട്ടിയായി എന്നതു കൂടാതെ അഭയാർത്ഥികളാക്കപ്പെട്ടുകൊണ്ടിരിക്കുന്ന മുഴുവൻ പണിയാളർക്കും അന്തസ്സോടെ ജീവിക്കാൻ പ്രക്ഷോഭത്തിൻെറ മാർഗ്ഗം സ്വീകരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം നൽകാനും ഗോത്രജനതയുടെ മുന്നേററത്തിന് കഴിഞ്ഞു. മാത്രമല്ല, വൈദേശികവും ജീർണ്ണിച്ചതുമായ മൂല്യബോധം പൊളിച്ചെഴുതാൻ പൗരസമൂഹം സന്നദ്ധമാണെന്നും പ്രക്ഷോഭം വ്യക്തമാക്കുന്നു. ഭരണഘടനയുടെ താളുകളിൽ ദശാബ്ദങ്ങളായി ഉറങ്ങിക്കിടന്ന ഭരണഘടനാ വകുപ്പുകൾ ജനാധിപത്യ പ്രക്ഷോഭത്തിലൂടെ ഒരു ഗോത്ര ജനതയുടെ അവകാശമായി അംഗീകരിപ്പിക്കാൻ കഴിഞ്ഞു എന്നത് കേരളത്തിൻെറ രാഷ്ട്രീയ നവോത്ഥാന ചരിത്രത്തിൽ സുപ്രധാനമായ ഒരേടാകേണ്ടതാണ്. എങ്കിലും ഇത് യാഥാർത്ഥ്യമാക്കിമാററാൻ സുദീർഘമായ സമരം ഇനിയും അനിവാര്യമാണ്.

ജീവിക്കാനുള്ള അവകാശം ഉറപ്പുവരുത്തണമെങ്കിൽ ഇന്ന് സമഗ്ര തലത്തിലും സാമൂഹികനീതിക്കുവേണ്ടിയുള്ള സമരം തുടർന്നേ പററൂ. പ്രാഥമിക ഉപജീവനോപാധിയായ ഭൂമിയിലുള്ള അവകാശം ഉറപ്പാക്കുക എന്നതാണ് നിർണ്ണായകം. സർക്കാർ നൽകിയ ഉറപ്പ് പാലിച്ചില്ലെങ്കിൽ പ്രക്ഷോഭം എല്ലാ നിലയിലും തുടരേണ്ടിവരും. അതോടൊപ്പം നീതിയുക്തവും സാമൂഹികനീതിയിലധിഷ്ഠിതവുമായ നിലയിൽ അധികാരവികേന്ദ്രീകരണം സമഗ്ര തലത്തിലും നടപ്പിലാക്കപ്പെടേണ്ടതുണ്ട്.

ഭരണഘടനയുടെ ആർട്ടിക്കിൾ 244 ഉൾപ്പെടെയുള്ള വകുപ്പുകളനുസരിച്ച് ആദിവാസി ഗോത്രജനതയുടെയും ദലിത്ഗോത്രങ്ങളുടെയും സവിശേഷമായ സാമ്പത്തിക-രാഷ്ട്രീയ വികാസം ലക്ഷ്യംവയ്ക്കുന്ന പദ്ധതികൾ നാളിതുവരെയുണ്ടായിരുന്നു. പട്ടികവർഗ്ഗ ഉപപദ്ധതി, പ്രത്യേകഘടകപദ്ധതി തുടങ്ങിയവ ഈ നിലയിൽ വിഭാവനംചെയ്യപ്പെട്ടവയായിരുന്നു. എന്നാൽ ഗോത്രജനതയുടെ സ്വത്വപരമായ നിലനിൽപ് നിരാകരിക്കപ്പെട്ട സാഹചര്യത്തിൽ ഇവയും ഗോത്രസ്വത്വത്തിൻെറ ശിഥിലീകരണത്തിനേ വഴിയൊരുക്കിയിരുന്നുള്ളു. ഗോത്രജനതയുടെ അസ്തിത്വം അംഗീകരിക്കുന്ന സാമൂഹിക-രാഷ്ട്രീയ സംവിധാനം ഉറപ്പുവരുത്താത്തിടത്തോളം ഗോത്രസ്വത്വങ്ങളുടെ ശിഥിലീകരണത്തിന് ആക്കം കൂടുകയേ ഉള്ളൂ.

ഭരണഘടനയുടെ 40-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് പഞ്ചായത്ത് നഗരപാലികാ നിയമം കൊണ്ടുവന്നപ്പോൾ അധികാരവികേന്ദ്രീകരണത്തിൻെറ പുതുയുഗം കുറിക്കപ്പെടുമെന്ന് കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ സമഗ്രമായ സാമൂഹികനീതി ഉറപ്പാക്കുംവിധം അധികാരവികേന്ദ്രീകരണം പട്ടികവർഗ്ഗ മേഖലകളിൽ നടപ്പാക്കപ്പെടുകയുണ്ടായില്ല. പട്ടിക പ്രദേശമായി പ്രഖ്യാപിക്കപ്പെടാത്ത കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പ്രാദേശിക രാഷ്ട്രീയ ശക്തികൾക്ക് ഗോത്രവർഗ്ഗങ്ങൾക്കുമേൽ പ്രാമാണ്യംനേടാനും അഴിമതി സമഗ്രതലത്തിലും വേരോടാനും ഇത് സഹായിച്ചു. ഇന്ത്യയുടെ ഇതരമേഖലകളിലുള്ള പട്ടികവർഗ്ഗപ്രദേശങ്ങളിലാകട്ടെ, ഭരണഘടനാദത്തമായ സവിശേഷപരിരക്ഷാവകുപ്പുകൾവഴി നിലനിൽക്കുന്ന ഗോത്രസ്വയംഭരണമുണ്ടെന്ന യാഥാർത്ഥ്യം പരിഗണിക്കപ്പെടുകയുമുണ്ടായില്ല.

## 10

ഗ്രാമപഞ്ചായത്തുകളെ സ്വയംഭരണത്തിൻെറ അടിസ്ഥാനഘടകങ്ങളായി വിഭാവനം ചെയ്യുന്ന 40-ാം വകുപ്പ് ദീർഘകാലം ഭരണഘടനയിൽ ഉറങ്ങിക്കിടന്നെങ്കിലും 73ഉം, 74ഉം ഭേദഗതികളിലൂടെ അത് നടപ്പാക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയുണ്ടായി. 1994 ഏപ്രിൽ 24-ാം തീയതിയോടെ പുതിയ പഞ്ചായത്ത് രാജ് നിയമങ്ങൾ രാജ്യത്താകമാനം ബാധകമാക്കുകയും പ്രത്യേകതകളോ, അനുയോജ്യമായ മാററങ്ങളോ കൂടാതെ പട്ടികപ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കുകയുംചെയ്തു.

ഇത് ആവശ്യമായ മാററങ്ങളോടെ പട്ടികവർഗ്ഗ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് ആർട്ടിക്കിൾ 243 വിലക്കുന്നുണ്ടെന്ന

കാര്യം സംസ്ഥാന സർക്കാരുകൾ ശ്രദ്ധിച്ചില്ല. ഇന്ത്യയിൽ പരമ്പരാഗതമായി നിലനിന്നിരുന്ന സാമുദായിക സ്വയംഭരണത്തിന്റെ അവശേഷിപ്പുകൾ കണ്ടെത്താനാകുക ഗോത്രസമൂഹങ്ങളിലാണെന്നും അതിനാൽ ജനകീയ സ്വയംഭരണപ്രക്രിയ പുനരുജ്ജീവിപ്പിക്കുന്ന പ്രക്രിയ അവിടെനിന്നായിരിക്കണമെന്നുമായിരുന്നു പ്രസ്തുതവകുപ്പിന്റെ യുക്തി. 73-ാം ഭരണഘടനാഭേദഗതിയനുസരിച്ച് അധികാരവികേന്ദ്രീകരണം പട്ടികവർഗ്ഗപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള അധികാരം സംസ്ഥാനസർക്കാരുകൾക്കില്ലെന്ന വസ്തുത സംസ്ഥാനസർക്കാരുകൾ മനസ്സിലാക്കിയില്ല. മാത്രമല്ല, പഞ്ചായത്തുകളെ സംബന്ധിച്ച് നിയമസഭകൾ പാസ്സാക്കിയ എല്ലാ സംസ്ഥാനനിയമങ്ങളും ഭരണഘടനാവിരുദ്ധമാണെന്നും നിയമത്തിന്റെ മുന്നിൽ നിലനിൽക്കുന്നതല്ലെന്നുംവന്നു. പഞ്ചായത്ത് രാജ് നിയമം പാസ്സാക്കിയ വിവിധ സംസ്ഥാനങ്ങളിലെ പഞ്ചായത്ത് രാജ് നിയമങ്ങൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. അതേസമയം പാർലമെൻറിന്റെ മുന്നിൽ ഭരണഘടനാപരമായ ബാധ്യത നിറവേററാനാകുന്നില്ലെന്ന സ്ഥിതിയും സംജാതമായി.

വിവിധ സംസ്ഥാനങ്ങളിൽനിന്നും ഗോത്രവർഗ്ഗസമൂഹങ്ങളിൽ നിന്നും ഉയർന്നുവന്ന ശക്തമായ ചെറുത്തുനിൽപിനെത്തുടർന്ന് ഒടുവിൽ കേന്ദ്രസർക്കാർ തെററുതിരുത്താൻ തീരുമാനിച്ചു. പതിനാറ് ഗോത്രവർഗ്ഗ എം.പിമാർ ഉൾപ്പെട്ട ഒരു സർവ്വകക്ഷി ഉന്നതാധികാര സമിതി മദ്ധ്യപ്രദേശിൽ നിന്നുള്ള ദിലീപ് സിംഗ് ഭൂരിയ എം.പി യുടെ അദ്ധ്യക്ഷതയിൽ നിലവിൽവന്നു. പട്ടികപ്രദേശങ്ങളിലേക്ക് 73, 74-ാം ഭേദഗതികൾ ആവശ്യമായ മാററങ്ങളോടെ വ്യാപിപ്പിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾവയ്ക്കുകയായിരുന്നു സമിതിയുടെ ഉത്തരവാദിത്തം. 1995 ജനുവരി 17-ാം തീയതി കമ്മിററി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പട്ടികപ്രദേശങ്ങളിൽ നടത്തിയ ഭരണ/വികസന നടപടികൾ പഠിച്ചശേഷം പട്ടികപ്രദേശങ്ങളിൽ സമാധാനവും സൽഭരണവും നിലവിൽവരുത്തുന്നതിനാവശ്യമായ പരിഹാര നിർദ്ദേശങ്ങളാണ് കമ്മിററി സമർപ്പിച്ചത്. കമ്മിററി വടക്കുകിഴക്കൻ മേഖലകളിലുള്ള VI-ാംപട്ടികയിൽപെട്ട ഗോത്രവർഗ്ഗ പ്രദേശങ്ങളെക്കുറിച്ച് പഠിക്കുകയും V-ാം പട്ടിക പ്രദേശങ്ങളിലേക്ക് സ്വീകരിക്കേണ്ട ഘടകങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

ഭൂരിയാ കമ്മിററിയുടെ പ്രധാന നിർദ്ദേശങ്ങൾ ഇങ്ങനെ സമാഹരിക്കാം.

1. ഓരോ ആദിവാസിക്കുടിയും സ്വാഭാവിക ഗ്രാമസമുദായവും ഒരു ഗ്രാമസഭ (പ്രായപൂർത്തിയായവരെല്ലാം) ആയിത്തീരുകയും

ഭരണസംവിധാനത്തിൻെറ അടിസ്ഥാനഘടകമായിത്തീരുകയും അനുദിന ഭരണകാര്യങ്ങൾക്കുള്ള പൂർണ്ണാധികാരവും ഭൂമി, വനം, ജലം എന്നീ വനവിഭവങ്ങളുടെ മേലുള്ള നിയന്ത്രണത്തിനും തർക്കപരിഹാരത്തിനും സമാധാനവും സൽഭരണവും നിലനിർത്തുന്നതിനും വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും അതിനുള്ള സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നതിനും ഉള്ള അധികാരം ഗ്രാമസഭയിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യും. അങ്ങിനെ ഗ്രാമത്തിൻെറ അനുദിന ജീവിതം ആകമാനം ഗ്രാമസമുദായത്തിൻെറ മേൽനോട്ടത്തിലായിരിക്കും. രാജ്യരക്ഷ, റെയിൽവേ, റോഡുകൾ, സ്കൂൾ, ആശുപത്രി എന്നിവയൊഴികെ എല്ലാ കാര്യത്തിനും ഭൂമി ഏറ്റെടുക്കുന്നതിന് ഗ്രാമസഭയുടെ അനുമതി ആവശ്യമായിത്തീരും.

2. ഗ്രാമപഞ്ചായത്തായിരിക്കും ആദ്യത്തെ ഔപചാരികസ്ഥാപനം. ഗ്രാമസഭയെ അവയുടെ അധികാര പരിധികൾക്കുള്ളിൽ സഹായിക്കുകയും പിന്തുണക്കുകയുമായിരിക്കും അതിൻെറ ജോലി ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമായി ഗ്രാമപഞ്ചായത്ത് എല്ലാ വികസന പദ്ധതികളും തയ്യാറാക്കി നടപ്പിലാക്കും. ഗോത്രങ്ങൾ തമ്മിലുള്ള തർക്കങ്ങളിൽ തീർപ്പുകൽപിക്കുന്നതും ഗ്രാമസഭകളിൽനിന്ന് അപ്പീലുകൾ കേൾക്കുന്നതും പഞ്ചായത്തായിരിക്കും. പഞ്ചായത്തിൻെറ തീരുമാനം അന്തിമമായിരിക്കും. അത് ഗ്രാമങ്ങളിലെ മൂപ്പൻമാർ ഒത്തുചേർന്ന് പ്രശ്നങ്ങൾ പരിഹരിച്ചിരുന്ന പരമ്പരാഗത ശൈലിയിലായിരിക്കുകയും വേണം.

3. സ്വയംഭരണ ജില്ലാകൗൺസിലുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഇടയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും പഞ്ചായത്തുകൾക്ക് ഫണ്ടുകൾ വിതരണംചെയ്യുകയും ചെയ്യാം. വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നിവയിലായിരിക്കും പഞ്ചായത്തുകളുടെ ധനവിനിയോഗത്തിൽ മുൻഗണന.

4. മിക്കവാറും ആറാം പട്ടികയുടെ ഘടനയിൽ പട്ടികപ്രദേശങ്ങൾക്കായി സ്വയംഭരണ ജില്ലാകൗൺസിലുകളും സബ്ഓട്ടോണമസ് ജില്ലാകൗൺസിലുകളും രൂപീകരിക്കണം. അവയ്ക്ക് നിയമനിർമ്മാണത്തിലും നീതിന്യായത്തിലും നിയമനിർവ്വഹണത്തിലും വികസനപദ്ധതികളുടെ ആസൂത്രണത്തിലും അധികാരമുണ്ടായിരിക്കണം.

5. ഇതുവരെ പട്ടികയിൽപെടാത്ത ഗോത്രപ്രദേശങ്ങളെല്ലാം പട്ടികയിൽ ചേർക്കണം.

6. ഗോത്രപ്രദേശങ്ങളിലെ അഖണ്ഡത നിലനിർത്തുന്നതിനും അത്തരം പ്രദേശങ്ങളെ ജില്ലകളോ ഉപജില്ലകളോ ആയി രൂപപ്പെടുത്തുന്നതിനും ഉപയുക്തമാംവണ്ണം എല്ലാ പട്ടികപ്രദേശങ്ങളുടെയും അതിരുകൾ പുനർനിർണ്ണയം ചെയ്യണം.

7. മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല ഗോത്രവർഗ്ഗ ഉപദേശകസമിതികൾ രൂപപ്പെടുത്തുകയും ഒരു കേന്ദ്ര ഗോത്രവർഗ്ഗ ഉപദേശകസമിതി രൂപപ്പെടുത്തുകയും വേണം.

ഭുരിയാ കമ്മിററി റിപ്പോർട്ട് പൊതുവിൽ ഗോത്രവർഗ്ഗജനവിഭാഗങ്ങളുടെ ജനകീയാഭിലാഷത്തിന് മൂർത്തരൂപം നൽകിയിരുന്നു. എങ്കിലും റിപ്പോർട്ട് പരിഗണിക്കുന്നതിൽ സർക്കാർ തണുപ്പൻമട്ട് സ്വീകരിച്ചു. അതിനാൽ ഭൂരിയാ കമ്മിററി റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രാജ്യമൊട്ടാകെ പ്രക്ഷോഭമാരംഭിച്ചു. സർക്കാർ നിയമങ്ങൾ നടപ്പിലാക്കുകയില്ലെങ്കിൽ ഗ്രാമങ്ങളിൽ സ്വയംഭരണം പ്രഖ്യാപിക്കുമെന്നും ആദിവാസി സംഘടനകൾ പ്രഖ്യാപിച്ചു. പ്രതിഷേധം ശക്തിപ്പെട്ടതിനെത്തുടർന്ന് 'പഞ്ചായത്ത് വ്യവസ്ഥകൾ (പട്ടികപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ)നിയമം 1996' ഡിസംബർ 24ന് കേന്ദ്ര സർക്കാർ പാസ്സാക്കി (അനുബന്ധം 4).

# 11

1996ലെ 'പഞ്ചായത്ത് വ്യവസ്ഥകൾ (പട്ടിക പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ) നിയമം' പ്രാബല്യത്തിൽ വന്നതോടെ V-ാം പട്ടികയ്ക്ക് സമൂർത്തമായ രൂപം കൈവന്നിരിക്കയാണ്. ഈ സംവിധാനമനുസരിച്ച് ആദിവാസിമേഖലകളിൽ സവിശേഷമായ ഗ്രാമസഭയാണ് രൂപംകൊള്ളേണ്ടത്. നിയതമായ അധികാരങ്ങളാണ് ഇത്തരം ഗ്രാമസഭകൾക്ക് കൈമാറിയിരിക്കുന്നത്.

1) മദ്യനിരോധനം നടപ്പിൽ വരുത്തൽ 2) ചെറു വനവിഭവങ്ങളുടെ ഉടമസ്ഥത 3) പട്ടികവർഗ്ഗ മേഖലയിലെ ഭൂമി അന്യാധീനപ്പെടൽ തടയാനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടി എടുക്കാനുമുള്ള അധികാരം 4) പഞ്ചായത്ത് സ്ഥാപനങ്ങളുടെയും നിർവ്വാഹകരുടെയുംമേൽ നിയന്ത്രണമേർപ്പെടുത്താനുള്ള അധികാരം 5) പട്ടികവർഗ്ഗമേഖലയിൽ പണം കടംകൊടുക്കുന്നതിനുമേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം 6) പ്രാദേശിക പദ്ധതികളുടെ - പട്ടികവർഗ്ഗ ഉപപദ്ധതി അടക്കമുള്ളവ - നിയന്ത്രിക്കാനുള്ള അധികാരം തുടങ്ങി സുപ്രധാനമായ അധികാരങ്ങളാണ് V-ാം പട്ടികവർഗ്ഗപ്രദേശങ്ങളിലെ ഗ്രാമസഭകൾക്ക് നൽകിയിരിക്കുന്നത്. എന്നിരുന്നാലും കേരളത്തിലെ ആദിവാസി ഗോത്രജനവിഭാഗങ്ങൾക്ക് ഇതിൻെറ ഗുണഫലങ്ങൾ കിട്ടാറായിട്ടില്ല; കാരണം,

കേരളത്തിൽ പട്ടികവർഗ്ഗ പ്രദേശങ്ങൾ ഇനിയും പ്രഖ്യാപിക്കേണ്ട തുണ്ട്. തനതായ സംസ്കാരവും ജീവിതപരിസരവുമുള്ള ജനവിഭാഗ മെന്ന നിലയിൽ കേരളത്തിലെ ആദിവാസി ഗോത്രജനതയുടെ സ്വത്വപരമായ അംഗീകാരമാണ് ഇവിടെ ആവശ്യമായിട്ടുള്ളത്. ദീർഘമായ ഒരു പ്രക്ഷോഭത്തിലൂടെ ഔപചാരികമായി സർക്കാരിനെക്കൊണ്ട് അത് അംഗീകരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും, ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്.

## ഗ്രന്ഥസൂചി


1. Wither Tribal Areas - B.D. Sarma.
2. തുടിച്ചെത്തം.
3. ഗോത്രവർഗ്ഗസ്വയംഭരണം - ഭാവിയുടെ വാഗ്ദാനമോ തട്ടിപ്പോ? - പ്രദീപ് പ്രഭു.
4. The Adivasis of India - A History of Discrimination, Conflict & Resistance - C.R. Bejoy; *Indigenous Affairs,* January 2001.

അനുബന്ധം-1

## ആദിവാസി അഭയാർത്ഥിക്യാമ്പിന്റെ ഭാഗമായി മുഖ്യമന്ത്രിക്ക് 13-10-2001ന് നൽകിയ കത്ത്

ശ്രീ എ.കെ. ആൻറണി
മുഖ്യമന്ത്രി
കേരളഗവൺമെൻറ്

സർ,

പട്ടിണിമരണത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടു കൊണ്ട് ഞങ്ങൾ നൽകിയ കത്തുകളുടെയും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന സമരങ്ങളുടെയും തുടർച്ചയാണ് ഈ കത്ത്.

1. ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കാനായി 42,000 ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ടെന്ന് പത്രമാധ്യമങ്ങളിലൂടെ ഞങ്ങളുടെ ശ്രദ്ധയിൽപെട്ടു. ദയവായി ഇതിന്റെ വിശദാംശങ്ങൾ അറിയിക്കുക. ഭൂരഹിതരായ മുഴുവൻ ആദിവാസികുടുംബത്തിനും (45,000 കുടുംബങ്ങൾ) ഏററവും കുറഞ്ഞത് 5 ഏക്കർ ഭൂമി നൽകുകയും സമയബന്ധിതമായി ഇത് പൂർത്തീകരിക്കുകയുംചെയ്യണമെന്നതാണ് ഞങ്ങളുടെ സുനിശ്ചിതമായ അഭിപ്രായം.

2. ഭരണഘടനാവ്യവസ്ഥകൾക്കനുസൃതമായ ആനുകൂല്യങ്ങൾ ആദിവാസികൾക്ക് ലഭിക്കുമെന്നുറപ്പാക്കാനായി മുഴുവൻ ആദിവാസി അധിവാസ മേഖലകളും ആർട്ടിക്കിൾ 244(1)-ാം പട്ടികയിലുൾപ്പെടുത്തി പട്ടിക മേഖലയായി (ഷെഡ്യൂൾഡ് ഏരിയാസ്) പ്രഖ്യാപിക്കണമെന്നതാണ് ഞങ്ങളുടെ സുനിശ്ചിതമായ അഭിപ്രായം. എല്ലാ ആദിവാസി ഊരുകളും അധിവാസ മേഖലകളും ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കാൻ ഒരു കാബിനററ് തീരുമാനമുണ്ടാകണം. ഇതിന്റെ വിശദാംശം തയ്യാറാക്കുന്നതിന് സർക്കാർ ഒരു കമ്മിററിക്ക് രൂപംനൽകാൻ പദ്ധതിയുണ്ടെങ്കിൽ ആ കമ്മിററിയിലെ വിദഗ്ദ്ധരായ ആളുകളിൽ പകുതിപേർ സമരസമിതി നിർദ്ദേശിക്കുന്നവരായിരിക്കണം. താങ്കളുടെ പരിഗണനയ്ക്കുവേണ്ടി 'ഭൂമിയിൻമേലുള്ള ആദിവാസികളുടെ അവകാശങ്ങളും ഭരണഘടനയും V-ാം പട്ടികയും' എന്ന കുറിപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

3. ജനാധിപത്യപരമായി സമരംചെയ്യുന്ന ആദിവാസികളെ തടയാൻ പത്തനംതിട്ടയിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ നടപടിയും ഞങ്ങളുടെ 22 പ്രവർത്തകരെ തൊടുപുഴ

യിൽ അറസ്ററുചെയ്ത നടപടിയും അപലപനീയമാണ്. സമര ത്തിലുന്നയിച്ച പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് ഇത് വിഘാതമാകും. ഞങ്ങളുടെ ആശങ്കകൾ താങ്കൾ മനസ്സിലാക്കു മെന്നും ധൃതിപിടിച്ച നടപടികളിലേക്ക് നീങ്ങുന്നതിൽനിന്ന് പോലീസുദ്യോഗസ്ഥരെ വിലക്കാനുള്ള യുക്തമായ നിർദ്ദേശം നൽകുമെന്നും ഞങ്ങൾക്കുറപ്പുണ്ട്.

താങ്കളുടെ സഹകരണം തുടർന്നും പ്രതീക്ഷിച്ചുകൊണ്ട്

ആത്മാർത്ഥതയോടെ,

**സി.കെ. ജാനു**
അദ്ധ്യക്ഷ
ആദിവാസി-ദലിത് സമരസമിതി

## ഭൂമിയിൻമേലുള്ള ആദിവാസികളുടെ അവകാശങ്ങളും ഭരണഘടനയും V-ാം പട്ടികയും

പട്ടിണിമരണത്തിൻെറ പശ്ചാത്തലത്തിൽ ആദിവാസി ദലിത് സമരസമിതി ഉയർത്തുന്ന മുഖ്യമായ ആവശ്യം ഭൂമിയിൻമേലുള്ള അവകാശത്തെ സംബന്ധിച്ച ആവശ്യമായിരുന്നു. ഒരു ആദിവാസി കുടുംബത്തിന് ഏററവും ചുരുങ്ങിയത് 5 ഏക്കർ ഭൂമിയെങ്കിലും നൽകണമെന്ന് സമരസമിതി ആവശ്യപ്പെടുന്നു. മാത്രമല്ല ഇങ്ങിനെ ലഭിക്കുന്ന ഭൂമി ആദിവാസിജീവിതത്തെ നിലനിർത്താനുള്ള സ്വയം പര്യാപ്തത കൈവരിക്കുംവരെ ആദിവാസികളുടെ അതിജീവനത്തി നുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഭാവനാപൂർണ്ണ മായ ഒരു ആദിവാസിവികസനപദ്ധതിയും സമിതിയുടെ ആവശ്യ ങ്ങളിൽ പ്രമുഖമാണ്. ആദിവാസികളുടെ അതിജീവനത്തിന് ഒഴിച്ചു കൂടാനാവാത്തതാണ് ഇത് എന്നതിനാലാണ് ഈ ആവശ്യം ഉന്നയി ക്കുന്നത്. ഇതൊരു യാഥാർത്ഥ്യമാകുമെന്ന് ഉറപ്പുവരുത്താനായി ഉചിതമായ തീരുമാനങ്ങളും നയങ്ങളും ഉത്തരവുകളും നിയമ നിർമ്മാണങ്ങളും ആവശ്യമായ മററു സംവിധാനങ്ങളും സുവ്യ ക്തമായി രൂപപ്പെടുത്തേണ്ടതും പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. മർമ്മപ്രധാനമായ ഈ വിഷയം ഇതുവരെ പരിഹാരംകാണാതെ ഒഴിവാക്കപ്പെട്ടിരിക്കയായിരുന്നു. ഇതിനെല്ലാം ഉചിതമായ ഒരു പരി ഹാരം കണ്ടെത്തുന്നതിനായി സംസ്ഥാനസർക്കാർ ഇത്തരം നിയമ ങ്ങൾക്കോ സംവിധാനങ്ങൾക്കോ രൂപംനൽകുമ്പോൾ മുൻകാല അനുഭവങ്ങളെ വിലയിരുത്തിക്കൊണ്ടും ഭരണഘടനാ വ്യവസ്ഥകൾ ക്കുള്ളിൽനിന്നുകൊണ്ടും ആയിരിക്കണം ഇതു നിർവ്വഹിക്കേണ്ടത്.

1. ആദിവാസികൾക്ക് ഭൂമിയിലുള്ള അവകാശത്തെക്കുറിച്ച് പറയുകയാണെങ്കിൽ 1975-ൽ കേരളസർക്കാർ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാററം നിയന്ത്രിക്കലും അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കലും) നിയമം പാസ്സാക്കുകയുണ്ടായി. മററു സംസ്ഥാനങ്ങളിൽ നടപ്പാക്കിയ നിയമങ്ങൾക്ക് സമാനമായ രീതിയിലായിരുന്നു ഈ നിയമനിർമ്മാണവും നടന്നത്. ഭരണഘടനയുടെ 244(1), അതായത് ഢ-ാം പട്ടിക അനുസരിച്ചുള്ള ഭരണഘടനാ ബാധ്യത നിറവേററാനായിരുന്നു സർക്കാർ ഈ നിയമനിർമ്മാണം നടത്തിയത്. എല്ലാ സംസ്ഥാനങ്ങളിലെയും പട്ടിക വർഗ്ഗങ്ങൾ ഢ-ാം പട്ടികയുടെ പരിധിയിൽ വരുന്നതിനാൽ ഓരോ സംസ്ഥാനവും പട്ടിക വർഗ്ഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള നിയമനിർമ്മാണം നടത്താൻ ബാധ്യസ്ഥമാണ്. ഉചിതമായ നയങ്ങളുടെയും പരിപാടികളുടെയും നിയമങ്ങളുടെയും സംവിധാനങ്ങളുടെയും അഭാവത്തിൽ ആർട്ടിക്കിൾ 244 ഉറപ്പുവരുത്തുന്ന ആദിവാസികളുടെ അവകാശങ്ങളും അധികാരങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ 1975-ലെ നിയമത്തിൽ പര്യാപ്തമായ രീതിയിൽ ഉൾക്കൊള്ളുന്നില്ല. എല്ലാം കവർന്നെടുക്കപ്പെട്ടവരും വ്യതിരിക്തമായ സാംസ്കാരിക സ്വത്വവുമുള്ളവരുമായ ഒരു സാമൂഹിക വിഭാഗം എന്ന നിലയിൽ ആദിവാസികളുടെ അനുസ്യൂതമായ പുരോഗതിയുടെയും വികസനത്തിന്റെയും പ്രശ്നം 1975-ലെ നിയമം അഭിസംബോധന ചെയ്യുന്നില്ല.

2. ആർട്ടിക്കിൾ 244 (1-ാം ക്ലോസ്) അതായത് V-ാം പട്ടിക ഈ രാജ്യത്തെ പട്ടികവർഗ്ഗപ്രദേശങ്ങളുടെയും പട്ടികവർഗ്ഗങ്ങളുടെയും ഭരണവും നിയന്ത്രണവും സംബന്ധിച്ച വ്യവസ്ഥകൾ പ്രഖ്യാപിക്കുന്നുണ്ട്. ആദിവാസികളുടെ ഭൂമി പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഒരാൾക്ക് കൈമാറുന്നത് പൂർണ്ണമായും നിരോധിക്കുകയും ആദിവാസിമേഖലയിൽ സമാധാനവും സൽഭരണവും നിലനിർത്തുകയും ആദിവാസികൾക്ക് ഭൂമിയിലുള്ള കൈവശാവകാശങ്ങളും ഉടമസ്ഥതയും സംരക്ഷിക്കുകയും ആണ് 244-ാം വകുപ്പിലെ V-ാം പട്ടികയുടെ 5(2) ഖണ്ഡികയുടെ മുഖ്യലക്ഷ്യം.

V-ാം പട്ടികയുടെ ഈ സവിശേഷലക്ഷ്യങ്ങൾ നടപ്പിലാക്കപ്പെടുക സംസ്ഥാനങ്ങളിലെ നിയമനിർമ്മാണങ്ങളിലൂടെയും ഇന്ത്യൻ പ്രസിഡൻറ് വിജ്ഞാപനംചെയ്യുന്ന പട്ടികവർഗ്ഗപ്രദേശത്തെ സംബന്ധിച്ച വ്യവസ്ഥകളിലൂടെയും ആയിരിക്കും. പട്ടികവർഗ്ഗപ്രദേശത്തെ സംബന്ധിച്ചാണെങ്കിൽ അവിടത്തെ സമാധാനവും സൽഭരണവും മററുകാര്യങ്ങളും ഉറപ്പുവരുത്താനാവശ്യമായ കാര്യങ്ങൾ ചെയ്യാ

നുള്ള നിർവ്വഹണാധികാരം ഗവർണറിലാണ് നിക്ഷിപ്ത മായിരിക്കുന്നത്. എന്തൊക്കെയായാലും കേരളത്തിലെ ആദിവാസി കൾക്ക് ഭരണഘടനയുടെ ഈ ഭാഗം പ്രദാനംചെയ്യുന്ന അധികാരാ വകാശങ്ങളുടെ ഗുണഭോക്താക്കളാകാനുള്ള അവസരം നിഷേധിക്ക പ്പെട്ടിരിക്കയാണ്. കാരണം, കേരളത്തിലെ ഒരു ആദിവാസി അധി വാസമേഖലയും പട്ടികവർഗ്ഗ പ്രദേശമായി ഇതുവരെ പ്രഖ്യാപിക്ക പ്പെട്ടിട്ടില്ല. അതേസമയം മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ബീഹാർ, ഝാർഖണ്ട്, ഒറീസ, ഹിമാചൽ പ്രദേശ്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഇത് നടപ്പാക്കിയിട്ടുമുണ്ട്.

3. കേരളത്തിലെ ആദിവാസികളുടെ ജീവിതനിലവാരം മെച്ച പ്പെടുത്തുന്നതിൽ ആദിവാസിവികസനപരിപാടികൾ ഒന്നുംതന്നെ വിജയിച്ചിട്ടില്ല എന്ന കാര്യം പൊതുവേ അംഗീകരിക്കപ്പെട്ടതാണ്. 1975-ലെ നിയമവും 1971-ലെ 'കേരള പ്രൈവററ് ഫോറസ്ററ് (വെസ്ററിംഗ് ആൻറ് അസൈൻമെൻറ്) നിയമം' പോലുള്ള മററു നിയമസാധ്യതകളും ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാനുള്ള നിര വധി പുനരധിവാസ പദ്ധതികളും കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ആദിവാസി-ദലിത് സമരസമിതി ഉന്ന യിച്ചിരിക്കുന്ന ആവശ്യങ്ങളും അവ നടപ്പിലാക്കിക്കിട്ടാനുള്ള നിർബ ന്ധബുദ്ധിയും മനസ്സിലാക്കപ്പെടേണ്ടത്. ഈ പശ്ചാത്തലം കണക്കി ലെടുക്കേണ്ടിവരുന്നതുകൊണ്ടുതന്നെയാണ് സമരസമിതി ഉന്നയിച്ച ആദിവാസികളുടെ പ്രശ്നങ്ങൾ പരിഗണിക്കാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും നിർബന്ധിതരായത്. വ്യക്തവും സമൂർത്ത വുമായ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഇപ്പോഴുമുണ്ടായിട്ടില്ല. ഭരണഘടനാദത്തമായ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ആദിവാസികളുടെ ഉന്നമനത്തിനായി ഉദ്ദേശിക്കപ്പെട്ട നിയമനിർമ്മാ ണങ്ങൾ നടപ്പിലാക്കപ്പെടാതിരിക്കുകയും ആദിവാസികളുടെ നൻമയ്ക്കായി ഉദ്ദേശിക്കപ്പെട്ട പദ്ധതികൾ വഴിതിരിച്ചുവിടപ്പെടു കയുംചെയ്തു എന്ന മുൻകാല അനുഭവങ്ങളുടെ പശ്ചാത്തല ത്തിൽ എന്തെങ്കിലും പരിഹാരനിർദ്ദേശങ്ങളോ സമരസമിതിയുടെ മുഖ്യ ആവശ്യംതന്നെ അംഗീകരിച്ചുകൊണ്ടുള്ള വാഗ്ദാനങ്ങളോ ഉണ്ടായാൽത്തന്നെ അവ നിറവേററപ്പെടുമെന്ന് എന്താണ് ഉറപ്പ്? ഈ നിർണ്ണായകമായ ചോദ്യത്തിന് ഉത്തരം കണ്ടെത്തുകയാണ് ആദി വാസികളുടെമുന്നിലെന്നപോലെ ഗവൺമെൻറിനും മുന്നിലുമുള്ള മുഖ്യപ്രശ്നം.

4. ഈ സാഹചര്യത്തിൽ ഈ വിഷമവൃത്തത്തിന് പരിഹാരം കാണാനുള്ള ഒരേയൊരു മാർഗ്ഗദർശനമായി നമ്മുടെ മുന്നിലുള്ളത് ഭരണഘടന മാത്രമാണ്. ഇതിന് പരിഹാരം കാണാൻ ഭരണഘടനയിൽ മറെറന്തെങ്കിലും വ്യവസ്ഥകളുണ്ടോ?

ഇവിടെയാണ് ഭരണഘടനയിലെ 244-ാം ആർട്ടിക്കിളിൻെറ പ്രാധാന്യം ഉയർന്നുവരുന്നത്. സംസ്ഥാനങ്ങൾ വില്ലേജ് പഞ്ചായത്തുകൾക്ക് രൂപംനൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സ്വയംഭരണ യൂണിററുകളെന്ന നിലയിൽ പ്രവർത്തിക്കാൻ അവയെ പ്രാപ്തമാക്കുന്നതിനാവശ്യമായ അധികാരങ്ങളും നിർവ്വഹണാധികാരങ്ങളും അവയ്ക്ക് നൽകണമെന്നും ഭരണഘടനയുടെ 40-ാം ആർട്ടിക്കിൾ പ്രസ്താവിക്കുന്നുണ്ട്. 42 വർഷത്തെ ദീർഘമായ കാത്തിരിപ്പിനുശേഷം പഞ്ചായത്തുകളെ സംബന്ധിക്കുന്ന 73-ാം ഭേദഗതിയിലൂടെയും മുനിസിപ്പാലിററികളെ സംബന്ധിക്കുന്ന 74-ാം ഭേദഗതിയിലൂടെയും ഇത് ഭേദഗതി ചെയ്യപ്പെട്ടു. ഈ ഭേദഗതികൾക്ക് V-ാം പട്ടികപ്രദേശങ്ങളും VI-ാം പട്ടികപ്രദേശങ്ങളും കൂടാതെ നാഗാലാൻറ്, മിസോറം എന്നീ സംസ്ഥാനങ്ങളും മണിപ്പൂരിലെ മലമ്പ്രദേശങ്ങളും ഗൂർഖ ഹിൽ കൗൺസിൽ പ്രദേശവും ഒഴിവാക്കാനുള്ള വ്യക്തമായ നിരോധന ഉത്തരവുകളുണ്ടായിരുന്നു. ഈ പ്രദേശങ്ങൾക്കായി പാർലമെൻറ് പ്രത്യേകമായ നിയമനിർമ്മാണങ്ങൾ നടത്തണമെന്ന നിർദ്ദേശവുമുണ്ടായിരുന്നു. V-ാം പട്ടികപ്രദേശങ്ങളിലേക്ക് പഞ്ചായത്ത് രാജ് വ്യാപിപ്പിക്കാനുള്ള നിയമനിർമ്മാണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ശുപാർശചെയ്യാൻ ദിലീപ്സിംഗ് ഭൂരിയ ചെയർമാനായി 15 പാർലമെൻറംഗങ്ങൾ, രണ്ട് വിദഗ്ദ്ധർ, 5 ഉന്നത ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന 22 അംഗങ്ങളുള്ള ഒരു ഉന്നതതല കമ്മിററിയെ 1994ൽ സർക്കാർ നിയോഗിച്ചു. 1992ലെ (73-ാം ഭരണഘടനാ ഭേദഗതി) ഭരണഘടനാവ്യവസ്ഥകൾ പട്ടികവർഗ്ഗ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നിയമം രൂപപ്പെടുത്താനുള്ള വിദഗ്ദ്ധരുടെയും പാർലമെൻറ് മെമ്പർമാരുടെയും കമ്മിററിയുടെ റിപ്പോർട്ട് 1995ൽ സമർപ്പിക്കപ്പെട്ടു. 1996ലെ 'പഞ്ചായത്തുകൾ സംബന്ധിച്ച വ്യവസ്ഥകൾ (പട്ടികവർഗ്ഗപ്രദേശങ്ങളിൽ വ്യാപിപ്പിക്കൽ) ബിൽ 1996' ഡിസംബർ 24ന് നിയമമാക്കപ്പെട്ടു. ഇതോടെ പട്ടികവർഗ്ഗ പ്രദേശങ്ങൾക്ക് അനുസൃതമെന്ന് കരുതപ്പെടുന്ന നിയമം രൂപം കൊണ്ടു. ഇതോടെ V-ാം പട്ടികയ്ക്ക് സമൂർത്തമായ ഒരു രൂപം കൈവന്നു. ഇതൊക്കെയായാലും കേരളത്തിലെ ഒരു ആദിവാസി അധിവാസമേഖലയും പട്ടികവർഗ്ഗപ്രദേശമായി പ്രഖ്യാപിക്കപ്പെടാത്തതുകാരണം കേരളത്തിലെ ആദിവാസികൾക്ക് ഈ നിയമത്തിൻെറ ഗുണഫലങ്ങൾ നിഷേധിക്കപ്പെട്ടു.

5. 244-ാം ആർട്ടിക്കിളിൻെറ 6-ാം ഖണ്ഡികയുടെ രണ്ടാം ക്ലോസ് അനുസരിച്ച് പ്രസിഡൻറ് പട്ടികവർഗ്ഗപ്രദേശങ്ങളായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളെയാണ് ഭരണഘടനയിൽ പട്ടികവർഗ്ഗ പ്രദേശങ്ങൾ എന്ന് നിർവ്വചിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ഒന്നാം പട്ടികയുടെ (സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും)

ഒന്നാം ഭാഗത്തിൽ സ്പഷ്ടമാക്കുന്ന സംസ്ഥാനങ്ങൾക്കകത്തുള്ള നിശ്ചിത പ്രദേശങ്ങളെ പട്ടികവർഗ്ഗപ്രദേശങ്ങളായി പ്രഖ്യാപിച്ചു കൊണ്ട് ഇന്ത്യൻ പ്രസിഡൻറ് 1950ൽ 'ഷെഡ്യൂൾഡ് ഏരിയാസ് (പാർട്ട് എ സംസ്ഥാനങ്ങൾ)' ഉത്തരവ് പുറത്തിറക്കുകയുണ്ടായി. തുടർന്ന് പ്രസിഡൻറ് 1950ൽ 'പട്ടികവർഗ്ഗപ്രദേശങ്ങൾ (പാർട്ട് ബി സംസ്ഥാനങ്ങൾ)' ഉത്തരവും 1975ൽ 'പട്ടികവർഗ്ഗപ്രദേശങ്ങൾ (ഹിമാചൽ പ്രദേശ്)' ഉത്തരവും 1977ൽ 'പട്ടികവർഗ്ഗപ്രദേശങ്ങൾ (ബീഹാർ, ഗുജറാത്ത്, മധ്യപ്രദേശ്, ഒറീസ സംസ്ഥാനങ്ങൾ)' ഉത്തരവും പുറത്തിറക്കി. ഭൂരിയാ കമ്മിററി റിപ്പോർട്ടിൻെറ 7(2) ഭാഗത്തിൽ ഇങ്ങിനെ പറയുന്നു. "ട്രൈബൽ സബ് പ്ലാനും പട്ടികവർഗ്ഗപ്രദേശങ്ങളുടെ ഏകോപനവും ഉണ്ടാക്കുന്നതിൻെറ ഭാഗമായി 1950കളിൽ പട്ടിക തയ്യാറാക്കുന്ന പ്രക്രിയ ആരംഭിക്കുകയും 1970കളിൽ അത് പുനരാരംഭിക്കുകയും ചെയ്തു. എന്നാൽ എന്തുകൊണ്ടോ അത് അപൂർണ്ണമായി തുടർന്നു. അവശേഷിക്കുന്ന ആദിവാസി ഉപപദ്ധതി പ്രദേശങ്ങളും പട്ടികവർഗ്ഗപ്രദേശത്തിനുവേണ്ടിയുള്ള പരിഷ്കരിച്ച സമീപനം (MADA) ലക്ഷ്യംവച്ച പ്രദേശങ്ങളും അതുപോലെതന്നെ പശ്ചിമ ബംഗാൾ, കേരള, കർണ്ണാടക എന്നീ സമാന കേന്ദ്രങ്ങളും പട്ടികവർഗ്ഗപ്രദേശ വിജ്ഞാപനത്തിൻെറ പരിധിയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്." 'ശുപാർശകളുടെ സംക്ഷിപ്ത'ത്തിൻെറ 28-ാം ഇനത്തിൽ കമ്മിററി ഇങ്ങിനെ വ്യക്തമാക്കിയിട്ടുണ്ട്, "രാജ്യത്തെ ആദിവാസി മേഖലകളുടെ പട്ടിക തയ്യാറാക്കുന്ന മുൻകാല പ്രക്രിയ അപൂർണ്ണമായി അവശേഷിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ആദിവാസി ഉപപദ്ധതി പ്രദേശങ്ങളും പട്ടികവർഗ്ഗപ്രദേശത്തിനുവേണ്ടിയുള്ള പരിഷ്കരിച്ച സമീപനം (MADA) ലക്ഷ്യംവച്ച പ്രദേശങ്ങളും മററു സമാനകേന്ദ്രങ്ങളും പട്ടികവർഗ്ഗ പ്രദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്". മാത്രമല്ല, ഇതിൻെറ 23(3) ഭാഗത്തിൽ ഇങ്ങിനെ പറയുന്നു, "ഇപ്പോൾ നിലവിലുള്ള പല ഭരണപരമായ അതിരുകളും കൊളോണിയൽ കാലത്ത് കൊളോണിയൽ നിർബന്ധങ്ങളനുസരിച്ച് നിശ്ചയിക്കപ്പെട്ടവയാണ്.... ഇപ്പോഴും പഴയകാല അതിരുകൾ ഏറെക്കുറെ അതേപോലെ നിലനിൽക്കുന്നുണ്ട്. ഇതിൻെറ ഫലമായി സംസ്ഥാനതലത്തിലായാലും ജില്ലാതലത്തിലായാലും ബ്ലോക്ക് തലത്തിലായാലും ആദിവാസി ജനത എല്ലാ രീതിയിലും പ്രാന്തവൽക്കരിക്കപ്പെടുകയും വലിയ സമുദായങ്ങളും പ്രദേശങ്ങളും ശിഥിലീകരിക്കപ്പെടുകയും ചെയ്തു. രണ്ടുവർഷത്തിനുള്ളിൽ വംശീയവും ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവും ആയ പരിഗണനകളെ അടിസ്ഥാനമാക്കി അതിരുകളെ പുനഃസംഘടിപ്പിക്കാൻ സംസ്ഥാനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്." കൂടാതെ, കമ്മിററി 22-ാം ഭാഗത്തിൽ ഇങ്ങിനെ പറയുന്നു. "ആദിവാസി പ്രദേശത്ത് അടിസ്ഥാനഘടകമായി നാം സങ്കൽപിക്കുന്നത് ഒരു ഗ്രാമസഭയോ ഒരു

ഊരോ അല്ലെങ്കിൽ ഒരു ഊരുകൂട്ടമോ ഒരു ഗ്രാമമോ ആയേക്കാം. ഇതിലടങ്ങിയിരിക്കുന്നത് സുസ്ഥാപിതമായ പാരമ്പര്യങ്ങൾക്കും ആചാരങ്ങൾക്കും അനുസൃതമായി സ്വന്തം കാര്യങ്ങൾ നോക്കിനടത്തുന്ന ഒരു സമുദായമാണ്.... ഒരു ആദിവാസി പ്രദേശത്ത് ഒരു സമുദായത്തെ ഉൾക്കൊള്ളുന്ന ഒരു ഊര് അല്ലെങ്കിൽ ഗ്രാമം ഒരു ഭരണപരമായ ഘടകമായ റവന്യൂ വില്ലേജിൽനിന്നും വ്യതിരിക്തമായേ മതിയാകൂ. ആദിവാസി പ്രദേശങ്ങളിൽ വലിയ ഗ്രാമങ്ങളെക്കാൾ അധികം ഊരുകളാണുള്ളത് എന്നത് വ്യക്തമായും മനസ്സിലാക്കേണ്ടതുണ്ട്." മററു വാക്കുകളിൽ പറഞ്ഞാൽ ഒരു ഊരിൽ അഞ്ചോ, പത്തോ അതിലധികമോ കുടുംബങ്ങളാവും ഉണ്ടാവുക. 244-ാം ആർട്ടിക്കിൾ ഒരു പ്രദേശത്തെ പട്ടികവർഗ്ഗപ്രദേശമായി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് വ്യക്തമായി പ്രസ്താവിക്കുന്നില്ലെങ്കിലും പട്ടികവർഗ്ഗപ്രദേശങ്ങൾ ആദിവാസി അധിവാസമേഖലകളായിരിക്കണമെന്ന് മനസ്സിലാക്കപ്പെടുന്നു. അതത് സംസ്ഥാനങ്ങളാണ് ആദിവാസി അധിവാസ മേഖല ഏതെന്ന് നിർവ്വചിക്കേണ്ടത്. ഗ്രാമങ്ങളുടെ അതിരുകൾ കണക്കാക്കുമ്പോൾ ആദിവാസിഉപജീവനമാർഗ്ഗങ്ങൾക്കാധാരമായ വനഭാഗങ്ങളെ (റിസർവ്വ്, സംരക്ഷിതവനങ്ങൾ) അതിലുൾക്കൊള്ളിക്കാൻ പരിശ്രമിക്കേണ്ടതാണ്. കൂടാതെ സമുദായ/ഗ്രാമഭൂമികൾ വ്യക്തി ഉടമസ്ഥതയിലുള്ള ഭൂമി, സമുദായസ്വത്തിൽനിന്നുള്ള വിഭവങ്ങൾ തുടങ്ങിയവയും ഇതിലുൾപ്പെടുത്തേണ്ടതാണ്.

6. 1996ലെ 'പഞ്ചായത്തുകളെ സംബന്ധിക്കുന്ന വ്യവസ്ഥകൾ (പട്ടികവർഗ്ഗ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ) നിയമം' ആദിവാസിജനതയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും അവരുടെ സാംസ്കാരിക സ്വത്വവും സമുദായ വിഭവങ്ങളും തർക്കപരിഹാരത്തിനായുള്ള പാരമ്പര്യരീതികളും സംരക്ഷിക്കാനും കാത്തുസൂക്ഷിക്കാനും പ്രാപ്തമായ ഗ്രാമസഭയുടെ അധികാരങ്ങളെ വ്യക്തമായും നിർവ്വചിക്കുന്നുണ്ട് : അതിൻെറ സംക്ഷിപ്തരൂപം താഴെപ്പറയുന്നു.

(i) സാമൂഹികം : മദ്യനിരോധനം നടപ്പാക്കലും ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം നിയന്ത്രിക്കലും.

(ii) ഭൂസംരക്ഷണം : ഭൂമിയുടെ അന്യാധീനപ്പെടൽ തടയുകയും നിയമവിരുദ്ധമായി അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുകയും ചെയ്യുക.

(iii) ഭൂമി ഏറെറടുക്കൽ : ഭൂമി ഏറെറടുക്കുന്നതിനുമുമ്പ് ഗ്രാമസഭയുമായി കൂടിയാലോചിക്കുക നിർബന്ധിതമാണ്.

(iv) ജലവിഭവങ്ങൾ : പൂർണ്ണമായ ഉടമസ്ഥത.

(v) ചെറു വനവിഭവങ്ങൾ : ചെറു ജലാശയങ്ങളുടെ ആസൂത്രണവും നോക്കി നടത്തിപ്പും.

(vi) ചെറു ധാതുക്കൾ : (a) ധാതുദ്രവ്യഖനനലൈസൻസ് അനുവദിക്കൽ, (b) ഖനികൾ പാട്ടത്തിനുകൊടുക്കൽ എന്നിവയ്ക്കു മുൻപ് ഗ്രാമസഭയുടെ ശുപാർശ നിർബന്ധമാണ്.

(vii) ഗ്രാമച്ചന്തകൾ: നോക്കിനടത്തിപ്പിനുള്ള പൂർണ്ണമായ അധികാരം.

(viii) കടംകൊടുക്കൽ : ആദിവാസികൾക്ക് പണം കടംകൊടുക്കുന്നതിനുമുകളിൽ പൂർണ്ണ നിയന്ത്രണം.

(ix) വികസനം :

(a) നടപ്പാക്കുന്നതിനു മുൻപേ ഗ്രാമസഭയുടെ അംഗീകാരം.

(b) ഗുണഭോക്താക്കളെ നിർണ്ണയിക്കലും തെരഞ്ഞെടുക്കലും.

(c) കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുമുൻപ് ഗ്രാമസഭയുമായി കൂടിയാലോചിക്കണം.

(x) സാമ്പത്തികം :

(a) പ്രാദേശിക ആസൂത്രണ പദ്ധതികളുടെ ഫണ്ടിനുമുകളിൽ പൂർണ്ണമായ നിയന്ത്രണം.

(b) ധനവിനിയോഗത്തിന് ഗ്രാമസഭകളുടെ സാക്ഷ്യപത്രം വേണം.

(xi) സ്ഥാപനങ്ങളും നിർവ്വാഹകരും : സാമൂഹ്യമണ്ഡലത്തെ സംബന്ധിക്കുന്ന സ്ഥാപനങ്ങളുടെയും നിർവ്വാഹകരുടെയും മേൽ പൂർണ്ണനിയന്ത്രണം.

7. ഈ നിയമത്തിലെ വ്യവസ്ഥകൾ നിർവ്വചിതമായ ചില വിഷയങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കാനും അവ നടപ്പിലാക്കാനും ഉള്ള പൂർണ്ണമായ ഉത്തരവാദിത്തം എടുക്കാൻ ആദിവാസി ഗ്രാമസഭയ്ക്ക് അധികാരങ്ങൾ നൽകുന്നു.

ഈ നിയമത്തിനുകീഴിൽ രൂപീകരിക്കപ്പെടുന്ന ഗ്രാമസഭയിലൂടെയും മററു പഞ്ചായത്ത് തലങ്ങളിലൂടെയും ആദിവാസിൾക്ക് അധികാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി ആദിവാസി അധിവാസ മേഖലകളുടെ ഒരു ലിസ്ററ് പട്ടികവർഗ്ഗപ്രദേശവിജ്ഞാപനത്തിനുവേണ്ടി ഇന്ത്യൻ പ്രസിഡൻറിന് പെട്ടെന്നുതന്നെ ശുപാർശ ചെയ്യേണ്ടത് സംസ്ഥാനങ്ങളുടെ നിർബന്ധചുമതലയാണ്.

**ആദിവാസി-ദലിത് സമരസമിതി**

**2001, ഒക്ടോബർ 13**

അനുബന്ധം - 2

## ആദിവാസി അഭയാർത്ഥി ക്യാമ്പ് അവസാനിപ്പിക്കുന്നതിനുമുൻപ് സർക്കാർ നൽകിയ ഉറപ്പ്

ആദിവാസി സമരം ഒത്തുതീർക്കുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി 2001 ഒക്ടോബർ മാസം 16-ാം തീയതി വിളിച്ചുകൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ.

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. വിശദമായ ചർച്ചയ്ക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ആദിവാസി നേതാക്കൾ മുന്നോട്ടുവച്ച ഓരോ കുടുംബത്തിനും 5 ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ച് ഇത് സാധ്യമാകുന്ന സുഗന്ധഗിരി, പൂക്കോട് തുടങ്ങിയ പ്രോജക്ട് പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗകുടുംബങ്ങൾക്ക് 5 ഏക്കർ ഭൂമിവീതം നൽകുവാൻ തീരുമാനിച്ചു. മററുസ്ഥലങ്ങളിൽ ഭൂരഹിതരോ ഒരേക്കറിൽ കുറഞ്ഞ ഭൂമിയോ ഉള്ള ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും കൂടുതൽ കൃഷിഭൂമി ലഭ്യമായ സ്ഥലങ്ങളിൽ അഞ്ച് ഏക്കർ വരെയും വിതരണം ചെയ്യുന്നതാണ്. ഭൂവിതരണം 2002 ജനുവരി ഒന്നിന് ആരംഭിക്കും.
2. ഇപ്രകാരം നൽകുന്ന ഭൂമിയിൽനിന്ന് ജീവിക്കുവാൻ ആവശ്യമായ വരുമാനം ഉണ്ടാക്കുവാൻ കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ട് ആദിവാസി കുടുംബാംഗങ്ങൾക്ക് സ്ഥിരമായ വരുമാനം ഉണ്ടാകുന്നതിന് സഹായകമായ തൊഴിൽ സൗകര്യങ്ങളും മററു സംരംഭങ്ങളും അഞ്ചുവർഷത്തേക്ക് ഏർപ്പെടുത്തുന്നതാണ്.
3. 1999-ലെ 'കേരള സംസ്ഥാന പട്ടികവർഗ്ഗ ഭൂമികൈമാററ നിയന്ത്രണം - അന്യാധീന ഭൂമി വീണ്ടെടുക്കൽ നിയമം' നടപ്പിലാക്കുന്നത് നിലവിലുള്ള കേസുകളിൽ സുപ്രീം കോടതിയുടെ അന്തിമവിധി അനുസരിച്ചായിരിക്കും.
4. ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂപ്രദേശങ്ങളും പുതിയതായി പതിച്ചുകൊടുക്കുന്ന ഭൂപ്രദേശങ്ങളും ഷെഡ്യൂൾഡ് ഏരിയാ ആയി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്കാരവും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തും.

5. ആദിവാസികളുടെ സർവ്വതോൻമുഖമായ വികസനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു മാസ്ററർ പ്ലാൻ തയ്യാറാക്കുന്നതും ഒരു മിഷൻ മാതൃകയിൽ സമയബന്ധിതമായി പത്താം പഞ്ചവൽസരപദ്ധതിയുടെ തുടക്കംമുതൽതന്നെ നടപ്പിലാക്കുന്നതുമാണ്.

6. ആദിവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.

7. വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികുടുംബങ്ങളുടെ ആധിക്യം പരിഗണിച്ച് അവർക്ക് നൽകുന്നതിനാവശ്യമായ ഭൂമി, പ്രത്യേകിച്ചും നിക്ഷിപ്ത വനഭൂമി, പരമാവധി (കേന്ദ്രസർക്കാരിൻെറ അനുമതിയോടെ) കണ്ടുപിടിച്ച് സമയബന്ധിതമായി വിതരണംചെയ്ത് അധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

8. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസി സമരം ഉടൻ പിൻവലിക്കുന്നതാണ്.

ഒപ്പ്
**പി.കെ. ശിവാനന്ദൻ**
പ്രിൻസിപ്പൽ സെക്രട്ടറി
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്

ഒപ്പ്
**വി. കൃഷ്ണമൂർത്തി**
ചീഫ് സെക്രട്ടറി

ഒപ്പ്
**ഡോ. എം.എ. കുട്ടപ്പൻ**
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്

ഒപ്പ്
**എ.കെ. ആൻറണി**
മുഖ്യമന്ത്രി

# Annexure

## LIST OF PARTICIPANTS

*Representing Government*

1. Shri. A.K. Antony, Chief Minister
2. Shri. K.M. Mani, Minister (Revenue)
3. Shri. K. Sankaranarayanan, Minister (Finance)
4. Smt. K.R. Gouri Amma, Minister (Agril & Coir)
5. Shri P.K. Kunhalikutty, Minister (Industries)
6. Dr. M.A. Kuttappan, Minister (B & SC)
7. Shri. C.F. Thomas, Minister (Rural Development)
8. Shri. V. Krishna Moorthy, Chief Secretary
9. Shri. Gopal Krishna Pillai, Prl. Secretary to CM
10. Shri. P.K. Sivanandan, Prl. Secretary (SC/ST)
11. Shri. Palatu Mohandas, Agricultural Production Commissioner
12. Shri. V.S. Senthil, Secretary (Fin-Expn.)
13. Shri. Saju Peter, Secretary (Revenue)
14. Shri. S.M. Vijayanand, Secretary, (Planning)
15. Shri. P. Kamalkutty, Secretary (LSG)
16. Shri. Ram Kumar, Secretary (LAW)
17. Shri. E.K. Bharat Bhushan, Secretary (Forest)
18. Shri. L. Natarajan, Secretary (SC/ST Devpt. Deptt.)
19. Shri. V.S. Varghese, Chief Conservator of Forest (prot.)
20. Shri. S. Sukumaran, Director (ST Devlp. Department)
21. Shri. Alkesh K. Sharma, Director (Tourism).

*Representing Adivasi Dalit Samara Samithi*

1. Smt. C.K. Janu, Chair Person, Adivasi Dalit Samara Samithi
2. Shri. M. Geethanandan, Adivasi Dalit Samara Samithi
3. Sunney M. Kapicadu, Adivasi Dalit Samara Samithi
4. Shri. R. Prasad, Adivasi Dalit Samara Samithi
5. Shri. C.R. Bijoy, Adivasi Dalit Samara Samithi
6. Shri. M.K. Narayanan, Poochapara, Adivasi Dalit Samara Samithi

അനുബന്ധം - 3

## പഞ്ചായത്തുകളെ സംബന്ധിച്ച വ്യവസ്ഥകൾ (പട്ടിക പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ) നിയമം, 1996

1. ഈ നിയമത്തെ 1996ലെ പഞ്ചായത്തുകളെ സംബന്ധിച്ച വ്യവസ്ഥകൾ (പട്ടിക പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ) നിയമം എന്ന് വിളിക്കേണ്ടതാണ്.

2. ഈ നിയമത്തിൽ, സന്ദർഭം മററുതരത്തിൽ ആവശ്യപ്പെടാത്തിടത്തോളം, പട്ടികപ്രദേശം എന്നാൽ ഭരണഘടനയുടെ 244-ാം ആർട്ടിക്കിളിലെ (1)-ാം ക്ലോസിൽ പരാമർശിക്കപ്പെടുന്ന പട്ടിക പ്രദേശം എന്നാണർത്ഥം.

3. ഈ നിയമത്തിലെ 4-ാം സെക്ഷനിൽ വ്യവസ്ഥപ്പെടുത്തിയ ഒഴിവാക്കലുകൾക്കും പരിഷ്കരണങ്ങൾക്കും വിധേയമായി ഭരണഘടനയുടെ IX-ാം ഭാഗത്തിലെ പഞ്ചായത്തുകളെ സംബന്ധിച്ച വ്യവസ്ഥകൾ ഇതിനാൽ പട്ടികവർഗ്ഗ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു.

4. ഭരണഘടനയുടെ IX-ാം ഭാഗത്തിനുകീഴിൽ ഉൾപ്പെട്ടിട്ടുള്ള എന്തുതന്നെ ഉണ്ടെങ്കിലും താഴെപ്പറയുന്ന സവിശേഷ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത യാതൊരു നിയമനിർമ്മാണവും IX-ാം ഭാഗത്തിനുകീഴിൽ ഒരു സംസ്ഥാന നിയമസഭയും നടത്താൻ പാടുള്ളതല്ല.

   (a) പഞ്ചായത്തുകളെ സംബന്ധിച്ചുനടത്തുന്ന ഏതൊരു സംസ്ഥാന നിയമനിർമ്മാണവും ആചാരപരമായ നിയമങ്ങൾക്കും സാമൂഹികവും മതപരവുമായ ആചാരങ്ങൾക്കും സമുദായ സമ്പത്ത് നോക്കിനടത്തുന്നതിൻെറ പരമ്പരാഗതമായ രീതികൾക്കും അനുസൃതമായിരിക്കണം.

   (b) സ്വന്തം കാര്യങ്ങൾ പാരമ്പര്യത്തിനും ആചാരങ്ങൾക്കും അനുസൃതമായി നോക്കിനടത്തുന്ന ഒരു സമുദായത്തെ ഉൾക്കൊള്ളുന്ന ആവാസ കന്ദ്രമോ അല്ലെങ്കിൽ ഒരു കൂട്ടം ആവാസകേന്ദ്രങ്ങളോ അല്ലെങ്കിൽ ഒരു ഊരോ ഒരുകൂട്ടം ഊരുകളോ അടങ്ങുന്നതായിരിക്കും ഒരുസാധാരണ ഗ്രാമം.

   (c) ഗ്രാമതലത്തിലുള്ള പഞ്ചായത്തുകളുടെ വോട്ടർ പട്ടികയിൽ പേർ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളടങ്ങുന്ന ഒരു ഗ്രാമസഭ ഓരോ ഗ്രാമത്തിനും ഉണ്ടായിരിക്കുന്നതാണ്.

   (d) ഓരോ ഗ്രാമസഭയും ജനങ്ങളുടെ പാരമ്പര്യങ്ങളും ആചാരങ്ങളും അവരുടെ സാംസ്കാരിക സ്വത്വവും സമുദായ സമ്പത്തും തർക്കപരിഹാരത്തിനുള്ള പാരമ്പര്യ രീതികളും സംരക്ഷിക്കാനും കാത്തുസൂക്ഷിക്കാനും പ്രാപ്തമായിരിക്കേണ്ടതാണ്.

(i) പഞ്ചായത്തുകൾ ഗ്രാമതലത്തിൽ സാമൂഹികവും സാമ്പത്തികവുമായ വികാസത്തിനുള്ള ഏതെങ്കിലും ആസൂത്രണങ്ങളോ പരിപാടികളോ പദ്ധതികളോ നടപ്പിലാക്കാൻവേണ്ടി ഏറ്റെടുക്കുന്നതിനുമുൻപ് അത്തരം പദ്ധതികളോ പരിപാടികളോ ആസൂത്രണ ങ്ങളോ ഗ്രാമസഭ അംഗീകരിച്ചിരിക്കണം.

(ii) ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെയും മററു പരിപാടികളുടെയും ഗുണഭോക്താക്കളാകാനുള്ള വ്യക്തികളെ തിരിച്ചറിയുകയോ തെരഞ്ഞെടുക്കു കയോ ചെയ്യുന്നതിന് ഓരോ ഗ്രാമസഭയ്ക്കും ഉത്തര വാദിത്വമുണ്ടായിരിക്കും.

(f) ഓരോ പഞ്ചായത്തും ഗ്രാമതലത്തിൽ ക്ലോസ് (ഇ)യിൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾക്കും പരിപാടികൾക്കും ആസൂത്രണങ്ങൾക്കുംവേണ്ടിയുള്ള ധനവിനിയോഗം നടത്താനായി ഗ്രാമസഭയുടെ സാക്ഷ്യപത്രം വാങ്ങിയിരി ക്കേണ്ടതാണ്.

(g) ഓരോ പഞ്ചായത്തിലും പട്ടികപ്രദേശത്തിലുള്ള സീററുക ളുടെ സംവരണം ഭരണഘടനയുടെ 9-ാം ഭാഗത്തിൽ സംവരണം നൽകാനായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള സമുദായങ്ങളുടെ അതത് പഞ്ചായത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായിരിക്കേണ്ടതാണ്.

ഇത് പട്ടികവർഗ്ഗങ്ങൾക്കുള്ള സംവരണം ആകെ സീററു കളുടെ രണ്ടിലൊന്നിൽ കുറയാൻ പാടില്ല എന്ന വ്യവ സ്ഥയ്ക്ക് വിധേയമായിരിക്കേണ്ടതാണ്.

ഇത് പഞ്ചായത്തുകളുടെ എല്ലാ തലങ്ങളിലുമുള്ള അദ്ധ്യ ക്ഷപദവിയിലേക്കുള്ള എല്ലാ സീററുകളും പട്ടികവർഗ്ഗ ങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ് എന്ന വ്യവസ്ഥ യ്ക്കും വിധേയമായിരിക്കും.

(h) ഇടത്തട്ടിലുള്ള പഞ്ചായത്തിലോ ജില്ലാതലത്തിലുള്ള പഞ്ചായത്തിലോ ഒരു പ്രാതിനിധ്യവുമില്ലാത്ത പട്ടികവർഗ്ഗ ങ്ങളിൽപെട്ട വ്യക്തികളെ സംസ്ഥാനസർക്കാർ നാമ നിർദ്ദേശംചെയ്യേണ്ടതാണ്.

ഇങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണം ആ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആകെ അംഗങ്ങളുടെ പത്തിലൊന്നിൽ കവിയാൻപാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടായിരിക്കും.

(i) വികസനപദ്ധതികൾക്കായി പട്ടികപ്രദേശങ്ങളിലെ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുമുൻപായും പട്ടികപ്രദേശങ്ങളിൽ അത്തരം പ്രോജക്ടുകളാൽ ബാധിക്കപ്പെടുന്ന വ്യക്തികളെ പുനരധിവസിപ്പിക്കുകയോ മാററിപാർപ്പിക്കു

കയോ ചെയ്യുന്നതിനുമുൻപായും ഉചിതമായ തലങ്ങളിലെ ഗ്രാമസഭയുമായോ പഞ്ചായത്തുകളുമായോ കൂടിയാലോചിക്കേണ്ടതാണ്. പട്ടികപ്രദേശങ്ങളിലെ പദ്ധതികളുടെ യഥാർത്ഥത്തിലുള്ള ആസൂത്രണവും നടത്തിപ്പും സംസ്ഥാനതലത്തിലാണ് ഏകോപിപ്പിക്കപ്പെടുക.

(j) പട്ടികപ്രദേശങ്ങളിലെ ചെറു ജലാശയങ്ങളുടെ ആസൂത്രണവും നോക്കിനടത്തിപ്പും ഉചിതമായ തലങ്ങളിലുള്ള പഞ്ചായത്തുകളെ എൽപിക്കേണ്ടതാണ്.

(k) പട്ടികപ്രദേശങ്ങളിലെ ചെറു ധാതുക്കളുടെ ഖനന ലൈസൻസോ, ഖനന പാട്ടമോ അനുവദിക്കുന്നതിനുമുൻപായി ഉചിതമായ തലത്തിലുള്ള ഗ്രാമസഭയുടെയോ പഞ്ചായത്തുകളുടെയോ ശുപാർശകൾ നിർബന്ധിതമായിരിക്കും.

(l) ചെറു ധാതുക്കൾ ചൂഷണംചെയ്യുന്നതിനായി ലേലത്തിലൂടെ അനുവാദംനൽകുന്നതിന് ഉചിതമായ തലത്തിലുള്ള ഗ്രാമസഭയുടെയോ പഞ്ചായത്തുകളുടെയോ മുൻകൂർ ശുപാർശ നിർബന്ധിതമായിരിക്കും.

(m) സ്വയംഭരണസ്ഥാപനങ്ങളെന്നനിലയിൽ പ്രവർത്തിക്കുന്നതിന് പട്ടികപ്രദേശങ്ങളിലെ പഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിന് ആവശ്യമായേക്കാവുന്ന അധികാരങ്ങളും നിർവ്വഹണാധികാരങ്ങളും അവയ്ക്ക് നൽകുമ്പോൾ ഉചിതമായ തലത്തിലുള്ള പഞ്ചായത്തുകൾക്കും ഗ്രാമസഭയ്ക്കും താഴെപ്പറയുന്ന സവിശേഷമായ അധികാരങ്ങൾ നൽകപ്പെടുന്നുണ്ട് എന്ന് സംസ്ഥാന നിയമസഭ ഉറപ്പു വരുത്തേണ്ടതാണ്.

   (i) മദ്യനിരോധനം നടപ്പിൽവരുത്താനോ ഏത് ലഹരി പദാർത്ഥത്തിൻെറയും വിൽപനയും ഉപഭോഗവും പരിമിതപ്പെടുത്താനോ നിയന്ത്രിക്കാനോ ഉള്ള അധികാരം.

   (ii) ചെറു വനവിഭവങ്ങളുടെ ഉടമസ്ഥത.

   (iii) പട്ടികപ്രദേശങ്ങളിലെ ഭൂമിയുടെ അന്യാധീനപ്പെടൽ തടയാനും ഒരു പട്ടികജാതിക്കാരൻെറ നിയമവിരുദ്ധമായി അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനായുള്ള ഉചിതമായ നടപടി എടുക്കാനും ഉള്ള അധികാരം.

   (iv) ഗ്രാമച്ചന്തകൾ ഏത് പേരിലറിയപ്പെട്ടാലും അവ നോക്കി നടത്താനുള്ള അധികാരം.

   (v) പട്ടികവർഗ്ഗക്കാർക്ക് പണം കടംകൊടുക്കുന്നതിനു മേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം.

   (vi) എല്ലാ സാമൂഹ്യ മണ്ഡലങ്ങളിലും ഉള്ള സ്ഥാപനങ്ങ

ളുടെയും നിർവ്വാഹകരുടെയുംമേൽ നിയന്ത്രണം വിനി. യോഗിക്കാനുള്ള അധികാരം.

(vii) പ്രാദേശിക പദ്ധതികളെയും പട്ടികവർഗ്ഗ ഉപപദ്ധതി അടക്കമുള്ള അത്തരം പദ്ധതികൾക്കായുള്ള വിഭവങ്ങളെയും നിയന്ത്രിക്കാനുള്ള അധികാരം.

(n) പഞ്ചായത്തുകൾക്ക് സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായേക്കാവുന്ന അധികാരങ്ങളും നിർവ്വഹണാധികാരങ്ങളും നൽകുന്ന സംസ്ഥാന നിയമനിർമ്മാണങ്ങളിൽ കീഴ്ത്തട്ടിലുള്ള പഞ്ചായത്തിൻെറയോ ഗ്രാമസഭയുടെയോ അധികാരങ്ങളും നിർവ്വഹണാധികാരങ്ങളും മേൽത്തട്ടിലുള്ള പഞ്ചായത്തുകൾ കയ്യാളുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള സുരക്ഷാ സംവിധാനങ്ങൾ ഉള്ളടങ്ങിയിരിക്കേണ്ടതാണ്.

(o) ജില്ലാതലങ്ങളിലുള്ള പഞ്ചായത്തുകളിലെ ഭരണസംവിധാനങ്ങൾ പട്ടികപ്രദേശങ്ങളിൽ രൂപപ്പെടുത്തുമ്പോൾ ഭരണഘടനയുടെ VI-ാം പട്ടികയുടെ ഘടന നിലനിർത്താൻ സംസ്ഥാന നിയമസഭ ശ്രമിക്കേണ്ടതാണ്.

5. ഈ നിയമത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒഴിവാക്കലുകളോടെയും പരിഷ്കരണങ്ങളോടെയും ഭരണഘടനയുടെ 9-ാം ഭാഗത്തിലെ അത്തരം ഒഴിവാക്കലുകളോടെയും പരിഷ്കരണങ്ങളോടെയും ഉള്ള വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത, ഈ നിയമത്തിന് പ്രസിഡൻറിൻെറ അംഗീകാരം ലഭിക്കുന്ന തീയതിക്ക് തൊട്ടു മുൻപ് പട്ടികപ്രദേശങ്ങളിൽ പ്രാബല്യത്തിൽ ഇരിക്കുന്ന പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഏത് നിയമത്തിലെയും ഏത് വ്യവസ്ഥയും ഒരു ഉചിതമായ നിയമ നിർമ്മാണസഭയാലോ അല്ലെങ്കിൽ മററ് ഉചിതമായ അധികാരസ്ഥാപനങ്ങളാലോ ഭേദഗതി ചെയ്യപ്പെടുകയോ, റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്നതു വരെയോ അല്ലെങ്കിൽ ഈ നിയമത്തിന് പ്രസിഡൻറിൻെറ അംഗീകാരം ലഭിക്കുന്നത് മുതൽ ഒരു വർഷം കഴിയുന്നതു വരെയോ പ്രാബല്യത്തിൽ തുടരേണ്ടതാണ്.

ഇത് ആ തീയതിക്ക് തൊട്ടുമുൻപേ നിലനിന്നുപോരുന്ന എല്ലാ പഞ്ചായത്തുകളും ആ സംസ്ഥാനത്തിലെ ലെജിസ്ലേററീവ് അസംബ്ലിയോ, ലെജിസ്ലേററീവ് അസംബ്ലിയും ലെജിസ്ലേററീവ് കൗൺസിലുമുള്ള സംസ്ഥാനങ്ങളിൽ ഇവയിലോരോ സഭകളുമോ, ഈ പഞ്ചായത്തുകൾ പിരിച്ചുവിടാനുള്ള പ്രമേയം പാസ്സാക്കുന്നില്ലെങ്കിൽ അവയുടെ കാലാവധി തീരുംവരേക്കും പ്രാബല്യത്തിൽ തുടരേണ്ടതാണ് എന്ന വ്യവസ്ഥക്ക് വിധേയമായിരിക്കും.

## V-ാം പട്ടിക
## [ആർട്ടിക്കിൾ 244 (1)]

## പട്ടികപ്രദേശങ്ങളുടെയും പട്ടിക വർഗ്ഗങ്ങളുടെയും ഭരണവും നിയന്ത്രണവും സംബന്ധിച്ച വ്യവസ്ഥകൾ

### പാർട്ട് എ
### പൊതുവായത്

1. വ്യാഖ്യാനം : ഈ പട്ടികയിൽ, സന്ദർഭം മററു നിലയിൽ ആവശ്യപ്പെടാത്തിടത്തോളം, സംസ്ഥാനം എന്ന പ്രയോഗത്തിൽ ആസാം, മേഘാലയ, ത്രിപുര, മിസോറാം തുടങ്ങിയ സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്നില്ല.

2. പട്ടിക പ്രദേശങ്ങളിൽ ഒരു സംസ്ഥാനത്തിനുള്ള കാര്യനിർവ്വഹണാധികാരം : ഈ പട്ടികയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിൻെറ കാര്യനിർവ്വഹണാധികാരം ആ സംസ്ഥാനത്തെ പട്ടികപ്രദേശങ്ങളിലേക്കും വ്യാപിക്കുന്നു.

3. പട്ടികപ്രദേശങ്ങളുടെ ഭരണത്തെ സംബന്ധിച്ച് ഗവർണർ പ്രസിഡന്റിന് സമർപ്പിക്കേണ്ട റിപ്പോർട്ട് : പട്ടികപ്രദേശങ്ങളുള്ള സംസ്ഥാനത്തെ ഗവർണർ വാർഷികമായി, അല്ലെങ്കിൽ പ്രസിഡൻറ് ആവശ്യപ്പെടുന്ന എതു സമയത്തും ആ സംസ്ഥാനത്തെ പട്ടിക പ്രദേശങ്ങളുടെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസിഡൻറിന് സമർപ്പിക്കുകയും പ്രസ്തുത പട്ടികപ്രദേശങ്ങളുടെ ഭരണത്തെ സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് യൂണിയൻ ഗവൺമെൻറിൻെറ കാര്യനിർവ്വഹണാധികാരം വ്യാപിപ്പിക്കുകയും വേണം.

### പാർട്ട് ബി

### പട്ടികപ്രദേശങ്ങളുടെയും പട്ടികവർഗ്ഗക്കാരുടെയും ഭരണവും നിയന്ത്രണവും

4. ട്രൈബ്സ് അഡ്വൈസറി കൗൺസിൽ :

(1) പട്ടികപ്രദേശങ്ങളുള്ള ഓരോ സംസ്ഥാനത്തും, കൂടാതെ പ്രസിഡൻറ് ആവശ്യപ്പെടുകയാണെങ്കിൽ പട്ടികവർഗ്ഗക്കാരുണ്ടെങ്കിലും പട്ടികപ്രദേശങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത എത് സംസ്ഥാനത്തും, ഒരു ട്രൈബൽ അഡ്വൈസറി കൗൺസിൽ രൂപീകരിക്കേണ്ടതും പ്രസ്തുത ട്രൈബൽ അഡ്വൈസറി കൗൺസിലിൽ ഇരുപതിൽ കവിയാത്ത അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതും ഇവർ

സാദ്ധ്യമാകുന്നിടത്തോളം ആ സംസ്ഥാനത്തെ നിയമസഭയിലെ പട്ടികവർഗ്ഗ പ്രതിനിധികളുടെ എണ്ണത്തിൻെറ 3/4 ഭാഗമായിരിക്കേണ്ടതുമാണ്.

ഇത് സംസ്ഥാന നിയമസഭയിലെ പട്ടികവർഗ്ഗ പ്രതിനിധികളുടെ എണ്ണം അങ്ങിനെയുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രൈബൽ അഡ്വൈസറി കൗൺസിലിലെ സീററുകളുടെ എണ്ണത്തെക്കാൾ കുറവാണെങ്കിൽ, അവശേഷിക്കുന്ന സീററുകൾ ആ പട്ടികവർഗ്ഗങ്ങളിലെ മററ് അംഗങ്ങളെക്കൊണ്ട് പൂർത്തിയാക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും.

(2) ഗവർണർ ആരായുന്നതനുസരിച്ച് സംസ്ഥാനത്തെ പട്ടികവർഗ്ഗങ്ങളുടെ ക്ഷേമവും പുരോഗതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിക്കുന്ന ഉപദേശം നൽകേണ്ട കടമ ട്രൈബൽ അഡ്വൈസറി കൗൺസിലിൻേറതാണ്.

(3) താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചുകൊണ്ടോ, ക്രമീകരിച്ചുകൊണ്ടോ ഗവർണർക്ക് നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(a) കൗൺസിൽ അംഗങ്ങളുടെ എണ്ണം, അവരുടെ നിയമനത്തിൻെറ രീതി, അദ്ധ്യക്ഷൻ, ഉദ്യോഗസ്ഥർ, വേലക്കാർ എന്നിവരുടെ നിയമനം.

(b) കൗൺസിലിൻെറ മീററിംഗുകൾ നടത്തലും അതിൻെറ നടപടിക്രമങ്ങൾ പാലിക്കലും.

(c) മററ് സാന്ദർഭികമായുണ്ടാവുന്ന വിഷയങ്ങൾ.

5. പട്ടികപ്രദേശങ്ങൾക്ക് ബാധകമാകുന്ന നിയമം.

(1) ഈ ഭരണഘടനയിൽ എന്തുതന്നെ ഉണ്ടായിരുന്നാലും, പാർലമെൻറിൻെറയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയുടെയോ ഏതെങ്കിലും പ്രത്യേക നിയമം ആ സംസ്ഥാനത്തിലെ ഒരു പട്ടികപ്രദേശത്തിനോ അല്ലെങ്കിൽ പട്ടിക പ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകില്ലെന്നോ ബാധകമാകുമെന്നോ അപ്പപ്പോൾ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ സ്പഷ്ടമാക്കുന്ന ഒഴിവാക്കലുകൾക്കോ മാററങ്ങൾക്കോ വിധേയമായും ഈ ഉപഖണ്ഡികയുടെ പരിധിയിൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കു വിധേയമായും ഗവർണർക്ക് പൊതുവായ വിജ്ഞാപനത്തിലൂടെ ഉത്തരവ് നൽകാവുന്നതാണ്.

(2) ഒരു സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം പട്ടികപ്രദേശമായി തുടരുന്ന കാലയളവിൽ ആ പ്രദേശത്തിന്റെ സമാധാനത്തിനും സൽഭരണത്തിനും ആവശ്യമായ നിയമങ്ങൾ ഗവർണർക്ക് ഉണ്ടാക്കാവുന്നതാണ്.

പ്രത്യേകിച്ച് മേൽചൊന്ന അധികാരങ്ങളുടെ പൊതുവായ സ്വഭാവത്തിന് വിരുദ്ധമാകാതെ അത്തരം ചട്ടങ്ങൾ :

(a) അത്തരം പ്രദേശങ്ങളിലെ പട്ടിക വർഗ്ഗത്തിൽപെട്ട അംഗങ്ങൾ അവർക്കിടയിലോ പുറത്തോ ഭൂമി കൈമാററം ചെയ്യുന്നത് നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യേണ്ടതാണ്;

(b) അത്തരം പ്രദേശങ്ങളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നത് നിയന്ത്രിക്കേണ്ടതാണ്;

(c) അത്തരം പ്രദേശങ്ങളിൽ പട്ടികവർഗ്ഗത്തിൽപെട്ട അംഗങ്ങൾക്കിടയിൽ പണം പലിശയ്ക്ക് കൊടുക്കുന്ന ഇടപാടുകാരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാണ്.

(3) ഈ ഖണ്ഡികയിലെ ഉപഖണ്ഡിക (2) ൽ പരാമർശിച്ചിരിക്കുന്ന അത്തരം ഏതെങ്കിലും നിയമനിർമ്മാണം നടത്തുമ്പോൾ, ഗവർണർക്ക് പാർലമെൻറിന്റെയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയുടെയോ ഏതെങ്കിലും നിയമമോ അല്ലെങ്കിൽ ഇക്കാലയളവിൽ ബന്ധപ്പെട്ട പട്ടികപ്രദേശത്തിന് ബാധകമായി നിലനിൽക്കുന്ന എതെങ്കിലും നിയമമോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

(4) ഈ ഖണ്ഡികയ്ക്കുകീഴിൽ ഉണ്ടാക്കുന്ന എല്ലാ നിയമങ്ങളും ഉടനെതന്നെ പ്രസിഡൻറിന് സമർപ്പിക്കേണ്ടതാണ്. പ്രസിഡൻറിന്റെ അംഗീകാരം കിട്ടുന്നതുവരെ അവയ്ക്ക് യാതൊരുവിധ പ്രാബല്യവുമുണ്ടായിരിക്കുന്നതല്ല.

(5) സംസ്ഥാനത്ത് ഒരു ട്രൈബൽ അഡ്വൈസറി കൗൺസിൽ നിലവിലുണ്ടെങ്കിൽ ചട്ടങ്ങൾ നിർമ്മിക്കുന്ന ഗവൺമെൻറ് അത്തരം കൗൺസിലുമായി കൂടിയാലോചിക്കുന്നില്ലെങ്കിൽ ഈ ഖണ്ഡികയ്ക്ക് വിധേയമായി ഇത്തരത്തിലുള്ള യാതൊരു നിയമവും നിർമ്മിക്കാൻ പാടില്ലാത്തതാകുന്നു.

## പാർട്ട് സി

## പട്ടികപ്രദേശങ്ങൾ

6. പട്ടികപ്രദേശങ്ങൾ :

(1) ഈ ഭരണഘടനയിൽ, പട്ടികപ്രദേശം എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് പട്ടികപ്രദേശമായി പ്രസിഡൻറ് ഒരു ഉത്തരവിലൂടെ പ്രഖ്യാപിക്കുന്ന അത്തരം പ്രദേശങ്ങളാണ്.

(2) പ്രസിഡൻറിന് ഏത് സമയത്തും ഒരു ഉത്തരവിലൂടെ :

(a) ഒരു പട്ടികപ്രദേശം മുഴുവനായോ അല്ലെങ്കിൽ പട്ടികപ്രദേശത്തിൻെറ ഒരു നിർദ്ദിഷ്ടഭാഗമോ, പട്ടികപ്രദേശമല്ലാതാക്കാനോ ഭാഗികമായി പട്ടികപ്രദേശമല്ലാതാക്കാനോ ഉള്ള ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

[(aa) സംസ്ഥാനഗവർണറുമായി കൂടിയാലോചിച്ച് ഒരു സംസ്ഥാനത്തെ ഏതെങ്കിലും പട്ടികപ്രദേശം വിപുലീകരിക്കാനുള്ള ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.]

(b) അതിരുകളെ സംബന്ധിച്ച പിശകുകൾ തിരുത്തിക്കൊണ്ട് പട്ടികപ്രദേശത്തിന് മാററം വരുത്താവുന്നതാണ്;

(c) ഏതെങ്കിലും സംസ്ഥാനത്തിൻെറ അതിരുകൾക്ക് മാററം വരുമ്പോഴോ അല്ലെങ്കിൽ യൂണിയനിൽ കൂട്ടിച്ചേർക്കപ്പെടുമ്പോഴോ അല്ലെങ്കിൽ ഒരു പുതിയ സംസ്ഥാനം സ്ഥാപിക്കപ്പെടുമ്പോഴോ ഏതെങ്കിലും ഒരു സംസ്ഥാനത്തിൽ പട്ടികപ്രദേശമായി മുൻപ് ഉൾചേർക്കപ്പെടാതിരുന്നതോ അതിൻെറ ഭാഗമല്ലാതിരുന്നതോ ആയ ഒരു പ്രദേശത്തെ പട്ടികപ്രദേശമായി ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(d) ഏതെങ്കിലും സംസ്ഥാനവുമായോ സംസ്ഥാനങ്ങളുമായോ ബന്ധപ്പെട്ട് ഈ ഖണ്ഡികയ്ക്ക് കീഴിൽ വരുന്ന ഏതെങ്കിലും ഉത്തരവോ, ഉത്തരവുകളോ ബന്ധപ്പെട്ട സംസ്ഥാനത്തെ ഗവർണറുമായി കൂടിയാലോചിച്ച് റദ്ദാക്കുകയും പ്രദേശങ്ങൾ പുനർനിർവ്വചിച്ച് പട്ടികപ്രദേശമാക്കാനുള്ള പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യാവുന്നതാണ്;

മാത്രമല്ല അത്തരത്തിലുള്ള ഏത് ഉത്തരവിലും പ്രസിഡൻറിന് ആവശ്യമെന്നും യുക്തമെന്നും തോന്നുന്ന സാന്ദർഭികവും പൊതുപ്രാധാന്യമുള്ളതുമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാവുന്നതാണ്; എന്നാൽ മുൻപ് പറഞ്ഞതുപോലെയല്ലാതെ ഈ ഖണ്ഡിക യുടെ ഒന്നാം ഉപഖണ്ഡികയ്ക്ക് വിധേയമായി പാസ്സാക്കുന്ന ഉത്തരവ് തുടർന്നുവരുന്ന യാതൊരു ഉത്തരവിനാലും വ്യത്യാസപ്പെടുത്താൻ പാടുള്ളതല്ല.

## പാർട്ട് ഡി

### പട്ടികയ്ക്കുള്ള ഭേദഗതി

7. പട്ടികയ്ക്കുള്ള ഭേദഗതി :

(1) പാർലമെൻറിന് കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കലിലൂടെയോ, വ്യത്യാസപ്പെടുത്തലിലൂടെയോ, റദ്ദുചെയ്യലിലൂടെയോ ഈ പട്ടികയുടെ ഏത് വ്യവസ്ഥയും നിയമപരമായി ഭേദഗതി ചെയ്യാവുന്നതാണ്.

അങ്ങിനെ പട്ടിക ഭേദഗതി ചെയ്യപ്പെട്ടാൽ ഈ ഭരണഘടനയിലെ ഈ പട്ടികയെപററിയുള്ള ഏത് പരാമർശവും ആ വിധത്തിൽ ഭേദഗതി ചെയ്യപ്പെട്ട പട്ടികയെ സംബന്ധിച്ച പരാമർശമായി പരിഗണിക്കേണ്ടതാണ്.

(2) ഈ ഖണ്ഡികയുടെ ഒന്നാം ഉപഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു നിയമവും 368-ാം ആർട്ടിക്കിൾ അനുസരിച്ച് ഈ ഭരണഘടനയുടെ ഭേദഗതിയായി വിവക്ഷിക്കപ്പെടേണ്ടതില്ല.